32nd Year of Service 2024

NOT OUR MERIT BUT HIS GRACE ★ KERALA EXPRESS ★

Price $1.00

# കേരളാ എക്സ്പ്രസ്

# KERALA EXPRESS

Weekly Newspaper National Edition from Chicago

3425 Cleveland St, Skokie, Illinois 60076, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com


June 14, 2024 | Vol. XXXII No. 24 | Periodicals Postage Paid






രാഷ്ട്രപതി ദ്രൗപതി മുർവിനു മുമ്പാകെ പ്രധാനമന്ത്രിയായി നരേന്ദ്ര മോദി സത്യപ്രതിജ്ഞ ചെയ്യുന്നു.


KUNNATHA INJURY LAWYERS
Free Consultation/Case Evaluation
ATLANTA : 404 633 4200
CHICAGO: 312 757 4700
EXPERIENCE PERSONAL ATTENTION RESULTS
Millions recovered for our clients each year!
Salu K. Kunnatha
Reena Emmanuel
Joshua Opdycke
No legal fees until we collect compensation for you
Dedicated Lawyers Handling Serious Injuries and Wrongful Death Cases
Over 50 years of Combined Experience
ATLANTA
1800 Century Boulevard NE, Suite 1750 Atlanta, GA 30345 Ph: 404 633 4200
CHICAGO
708 Church St, Suite 235 Evanston, IL 60201 Ph: 312 757 4700
www.kunnathalaw.com


THE PREMIER GASOLINE DISTRIBUTION COMPANY
Gas DEPOT
We Fuel Your Growth
MARATHON
VALERO
CITGO
www.gasdepot.com


MIDWEST WINDOWS & DOORS
45% OFF FOR WINDOWS
40% OFF FOR DOORS & SIDING
MIDWEST WINDOWS DOORS & SIDING
www.mymidwestwindows.com
Free Estimate Please contact
RAJU NADUVETTIL
Cell: 773 474 9566 | Email: rajuabm@gmail.com

32nd Year of Service 2024
കേരളാ എക്സ്പ്രസ്
KERALA EXPRESS
Price $1.00
Weekly Newspaper National Edition from Chicago
3425 Cleveland St, Skokie, Illinois 60076, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com

4 ആഡംബരനികുതി ഇനിയില്ല
6 ജോർജ് കുര്യന്റെ പ്രവർത്തന വഴികൾ
8 രാഹുൽ കേരളത്തിലും 'സൂപ്പർ സ്റ്റാർ'
10 സുനിൽ ഛേത്രി വിരമിച്ചു
17 ലോക കേരളസഭയിലേക്ക് ഫൊക്കാന....

# മൂന്നാം മോദിസർക്കാർ അധികാരമേറ്റു



രാഷ്ട്രപതി ഭവനിൽ പ്രധാനമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്യാനെത്തിയ പ്രധാനമന്ത്രി നരേന്ദ്രമോദി സദസ്സിനെ വണങ്ങുന്നു

ന്യൂഡൽഹി: സഖ്യകക്ഷികളുടെ കൈപിടിച്ച് മൂന്നാംവട്ടം പ്രധാനമന്ത്രിക്കസേരയിൽ നരേന്ദ്രമോദി. ജൂൺ ഒൻപതിന് ഞായറാഴ്ച വൈകിട്ട് 7.22-ന് റെയ്സിനക്കുന്നിലെ പരമാധികാരകേന്ദ്രത്തെ സാക്ഷിയാക്കിയാണ് മോദിയും തുടർന്ന് മന്ത്രിമാരും സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റത്.

എൻഡിഎ സഖ്യം നേടിയ ഭരണത്തുടർച്ചയുടെ ആവേശവും ആഹ്ലാദവും അലയുയർത്തിയ സായാഹ്നത്തിൽ രാഷ്ട്രപതി ദ്രൗപദി മുർമു സത്യവാചകം ചൊല്ലിക്കൊടുത്തു. മോദിക്കൊപ്പം 71 മന്ത്രിമാരാണ് സത്യപ്രതിജ്ഞ ചെയ്തത്. സ്വതന്ത്ര ചുമതലയുള്ള അഞ്ച് സഹമന്ത്രിമാരും മറ്റു 36 സഹമന്ത്രിമാരുമാണ്.

പ്രധാനമന്ത്രിക്കുശേഷം മുതിർന്ന കാബിനറ്റ് മന്ത്രി രാജ്നാഥ് സിങ് രണ്ടാമത് പ്രതിജ്ഞ ചൊല്ലി. തുടർന്ന് അമിത് ഷാ, നിതിൻ ഗഡ്കരി, ജെ.പി. നഡ്ഡ, ശിവരാജ് സിങ് ചൗഹാൻ, നിർമല സീതാരാമൻ, എസ്. ജയശങ്കർ, മനോഹർ ലാൽ ഖട്ടർ, എച്ച്.ഡി. കുമാരസ്വാമി, പിയൂഷ് ഗോയൽ, ധർമേന്ദ്ര പ്രധാൻ, സർബാനന്ദ സോനോവാൾ, ചിരാഗ് പസ്വാൻ, ജിതൻ റാം മാഞ്ചി തുടങ്ങി 30 കാബിനറ്റ് മന്ത്രിമാർ സത്യവാചകം ചൊല്ലി.

കേരളത്തിൽനിന്നുള്ള ബിജെപിയുടെ ആദ്യ ലോക്സഭാംഗം ചലച്ചിത്രതാരവും തൃശൂർ മണ്ഡലത്തിന്റെ പ്രതിനിധിയുമായ സുരേഷ് ഗോപി, ദേശീയ ന്യൂനപക്ഷ കമ്മീഷൻ മുൻ വൈസ് ചെയർമാനും ബിജെപി സംസ്ഥാന ജനറൽ സെക്രട്ടറിയുമായ ജോർജ് കുര്യൻ എന്നിവരുടെ സഹമന്ത്രിപദം പാർട്ടി കേരളത്തിൽ നടത്തിയ പ്രകടനത്തിന്റെ അംഗീകാരമായി. അമ്പത്തിയൊന്നാമതായാണ് സുരേഷ് ഗോപി സത്യപ്രതിജ്ഞ ചെയ്തത്. രണ്ടാം മന്ത്രിസഭയിൽ അംഗങ്ങളായിരുന്ന വി. മുരളീധരൻ, രാജീവ് ചന്ദ്രശേഖർ എന്നിവർക്ക് തുടർച്ച നൽകിയിട്ടില്ല.

രാജ്യസഭയിലെ പ്രതിപക്ഷ നേതാവെന്ന നിലയിൽ കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജുൻ ഖാർഗെ പങ്കെടുത്തെങ്കിലും ഇന്ത്യാ സഖ്യം നേതാക്കൾ ചടങ്ങിൽനിന്ന് വിട്ടുനിന്നു.

രാഷ്ട്രപതി ഭവൻ അങ്കണത്തിൽ നടന്ന പ്രൗഢിനിറഞ്ഞ ചടങ്ങിന് അയൽരാജ്യങ്ങളിലെ ഭരണത്തലവൻമാർമുതൽ ഇന്ത്യയിലെ ശുചീകരണത്തൊഴിലാളികൾ വരെ സദസ്സൊരുക്കി പുതിയ സർക്കാരിനെ സ്വാഗതം ചെയ്തു.

(ശേഷം 24-ാം പേജിൽ)

## സുരേഷ് ഗോപിയും ജോർജ് കുര്യനും കേന്ദ്രമന്ത്രിമാർ

ന്യൂഡൽഹി: കേരളത്തിന്റെ പ്രതിനിധികളായി സത്യപ്രതിജ്ഞാ ചടങ്ങിൽ തലയെടുപ്പോടെ സുരേഷ് ഗോപിയും ജോർജ് കുര്യനും.

ഭാര്യ രാധിക, അവരുടെ അമ്മ ഇന്ദിര എന്നിവർക്കൊപ്പം ജൂൺ ഒൻപതിന് ഉച്ചയ്ക്ക് മൂന്നരയോടെയാണു സുരേഷ് ഗോപി ഡൽഹിയിൽ വിമാനമിറങ്ങിയത്. വിമാനത്താവളത്തിൽ സഹോദരൻ സുനിൽ ഗോപി സ്വീകരിക്കാനെത്തി.



സുരേഷ് ഗോപി

സുരേഷ് ഗോപിയുടെ മന്ത്രിസ്ഥാനം പ്രതീക്ഷിച്ചിരുന്നതാണെങ്കിലും അപ്രതീക്ഷിത രംഗപ്രവേശം ജോർജ് കുര്യന്റേതായിരുന്നു. നിയുക്ത മന്ത്രിമാരുമായി മോദി സംസാരിക്കുന്നതിന്റെ വീഡിയോ ദൃശ്യം ഉച്ചയ്ക്കു ബിജെപി പുറത്തുവിട്ടതോടെയാണ് ജോർജ് മന്ത്രിയാകുമെന്നു വ്യക്തമാകുന്നത്.

ബിജെപി കേരള ഘടകത്തിനു ഭാവിയിലേക്കുള്ള രക്ഷാ പാക്കേജ് കൂടി ലക്ഷ്യംവെച്ചാണ് ദേശീയ നേതൃത്വം സുരേഷ് ഗോപിയെയും ജോർജ് കുര്യനെയും കേന്ദ്രമന്ത്രി പദത്തിലേക്കു കൊണ്ടുവരുന്നത്.

കേരളത്തിൽ സുരേഷ് ഗോപിയിലൂടെ പാർട്ടിക്ക് ആദ്യ പാർലമെന്റ് അംഗം ഉണ്ടായത് രാഷ്ട്രീയ അവസരമായി കാണണമെന്ന നിലപാടാണ് ബിജെപി നേതൃത്വത്തിന്. പാർട്ടിയുടെ കേരളത്തിലെ നീക്കങ്ങൾ സുരേഷ് ഗോപിയിലൂടെ രൂപം നൽകാനാകും ദേശീയ നേതൃത്വത്തിന്റെ ശ്രദ്ധ.



ജോർജ് കുര്യൻ


സംഘടനാ പ്രോട്ടോക്കോളിന്റെ തടസ്സമില്ലാത്ത സുരേഷ് ഗോപിക്ക് പ്രധാനമന്ത്രിയുമായുള്ള അടുപ്പവും പാർട്ടിക്കു പ്രയോജനകരമാകും. മുന്നണിക്കും പാർട്ടിക്കും (ശേഷം 24-ാം പേജിൽ)

## രാഹുൽ പ്രതിപക്ഷ നേതാവാകും
## സോണിയ വീണ്ടും സിപിപി അദ്ധ്യക്ഷ

ന്യൂഡൽഹി: കോൺഗ്രസ് പാർലമെന്ററി പാർട്ടി (സിപിപി) അദ്ധ്യക്ഷയായി സോണിയ ഗാന്ധിയെ വീണ്ടും തെരഞ്ഞെടുത്തു. ലോക്സഭയിലെയും രാജ്യസഭയിലെയും എംപിമാരുടെ യോഗമാണ് തെരഞ്ഞെടുപ്പ് നടത്തിയത്. പ്രതിപക്ഷനേതാവടക്കം പാർലമെന്റിലെ കോൺഗ്രസിന്റെ ഭാരവാഹികളെ ചെയർപേഴ്സണായ സോണിയയാണ് നിയമിക്കുക.



പ്രതിപക്ഷ നേതൃസ്ഥാനം ഏറ്റെടുക്കണമെന്ന കോൺഗ്രസ് എംപിമാരുടെയും വിശാല പ്രവർത്തക സമിതിയുടെയും ആവശ്യം രാഹുൽ അംഗീകരിച്ചേക്കുമെന്നാണ് സൂചന. പ്രതിപക്ഷ നേതൃസ്ഥാനത്തിന്റെ കാര്യത്തിലും റായ്ബറേലി, വയനാട് മണ്ഡലങ്ങളിൽ ഏതു നിലനിർത്തണമെന്നതിലും വൈകാതെ രാഹുൽ തീരുമാനമെടുക്കുമെന്ന് എഐസിസിയുടെ സംഘടനാ ചുമതലയുള്ള ജനറൽ സെക്രട്ടറി കെ.സി. വേണുഗോപാൽ അറിയിച്ചു.



ലോക്സഭയിലെ പ്രതിപക്ഷ നേതാവിന്റെ ഉത്തരവാദിത്വം ഏറ്റെടുക്കാൻ രാഹുൽ ഗാന്ധിയോട് പ്രവർത്തക സമിതി യോഗം ഏകകണ്ഠമായി അഭ്യർത്ഥിച്ചുവെന്ന് വേണുഗോപാൽ പറഞ്ഞു. കോൺഗ്രസ് പ്രവർത്തക സമിതിയാണ് ലോക്സഭയിലെ പ്രതിപക്ഷ നേതൃസ്ഥാനം ഏറ്റെടുക്കണമെന്ന് രാഹുലിനോട് അഭ്യർത്ഥിക്കുന്ന പ്രമേയം ഏകകണ്ഠമായി പാസാക്കിയത്. 175 പേർ വിശാലപ്രവർത്തകസമിതി യോഗത്തിൽ പങ്കെടുത്തു. പിന്നീട് സിപിപി യോഗത്തിലും എംപിമാർ ഇതേയാവശ്യം ഉന്നയിച്ചു. സോണിയ ഗാന്ധിക്കും ഖാർഗെയ്ക്കും പുറമെ രാഹുൽ ഗാന്ധിയും പ്രിയങ്ക ഗാന്ധി വദ്രയും പ്രവർത്തകസമിതി യോഗങ്ങളിൽ പങ്കെടുത്തു. കോൺഗ്രസ് പാർലമെന്ററി പാർട്ടി അദ്ധ്യക്ഷയായി 25 വർഷം പൂർത്തിയാക്കിയപ്പോഴാണ് സോണിയ ഗാന്ധിയെ വീണ്ടും അതേ പദവിയിലേക്ക് തെരഞ്ഞെടുത്തത്. 1999-ൽ സോണിയയെ സിപിപി അദ്ധ്യക്ഷയായി തെരഞ്ഞെടുത്തപ്പോൾ ലക്ഷദ്വീപിൽ നിന്നുള്ള പി.എം. സഈദ് ആണ് പേര് നിർദേശിച്ചത്.

ഗൗരവ് ഗൊഗോയിയുടെ പിതാവ് അരുൺ ഗൊഗോയ്, എൻ.ഡി. തിവാരി, ജാഫർ ഷെരീഫ് തുടങ്ങിയവരാണ് പിന്തുണച്ചത്. (ശേഷം 24-ാം പേജിൽ)

# ആഡംബരനികുതി ഇനിയില്ല; കരം അധികനികുതി

കൊല്ലം: മൂവായിരം ചതുരശ്രയടിയിൽ കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് ഈടാക്കിയിരുന്ന ആഡംബരനികുതി ഇനി അധികനികുതി എന്ന പേരിൽ അറിയപ്പെടും. നിയമഭേദഗതി ഗവർണർ ഒപ്പിട്ട് വിജ്ഞാപനമിറക്കി. അധികനികുതി ഈടാക്കുന്നതിനുള്ള തറവിസ്തീർണ്ണം അളക്കുന്ന ജോലിയിൽ നിന്ന് വില്ലേജ് ഓഫീസർമാർക്ക് മോചനം ലഭിക്കും. നിയമഭേദഗതി വന്നതോടെ തദ്ദേശസ്ഥാപനങ്ങൾ കണക്കാക്കുന്ന വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ നികുതി ഈടാക്കാം.

ഫ്ളാറ്റ്, അപ്പാർട്ട്മെന്റ് തുടങ്ങിയ കെട്ടിടസമുച്ചയങ്ങളുടെ നികുതി ഈടാക്കുന്ന രീതിയിലും വ്യത്യാസം വന്നു. നേരത്തെ ഫ്ളാറ്റ് സമുച്ചയത്തെ ഒരു യൂണിറ്റായി കണക്കാക്കി ഉടമസ്ഥരിൽ നിന്ന് അധികനികുതി ഈടാക്കുകയായിരുന്നു. ഇനി ഓരോ ഫ്ളാറ്റും വിറ്റഴിക്കുന്ന ക്രമത്തിൽ ആകെ വിസ്തീർണ്ണത്തിൽ നിന്ന് വിറ്റഴിക്കുന്ന ഫ്ളാറ്റിന്റെ വിസ്തീർണ്ണം ഓരോ വർഷവും കുറയ്ക്കും. ഇതുപ്രകാരം നിർമ്മാണ കമ്പനികൾക്ക് അധികൃതരിൽ നിന്ന് ഇളവ് ലഭിക്കും.

നിർമ്മാതാവാണ് കെട്ടിടത്തിന്റെ മുഴുവനോ ഭാഗികമോ ആയ ഉടമസ്ഥനെങ്കിൽ അദ്ദേഹം നിലനിർത്തുന്ന ഫ്ളാറ്റിന്റെയോ അപ്പാർട്ടുമെന്റിന്റെയോ തറവിസ്തീർണം കണക്കാക്കി അധികനികുതി നല്കേണ്ടിവരും. ഒരു കെട്ടിടസമുച്ചയത്തിൽ പരസ്പരം ബന്ധിപ്പിക്കപ്പെട്ടിരിക്കുന്ന ഒന്നിലധികം ഫ്ളാറ്റോ അപ്പാർട്ട്മെന്റോ ഒരു വ്യക്തി വാങ്ങുകയാണെങ്കിൽ അത് ഒറ്റ യൂണിറ്റായി കണക്കാക്കും. മൊത്തം തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ കെട്ടിടനികുതിയും അധികനികുതിയും അയാൾ നല്കേണ്ടിവരും.

ഫ്ളാറ്റോ അപ്പാർട്ട്മെന്റോ പരസ്പരം ബന്ധിപ്പിക്കപ്പെട്ടിട്ടില്ലാത്തപക്ഷം ഓരോ ഫ്ളാറ്റും പ്രത്യേക യൂണിറ്റായി കണക്കാക്കും. ഇതോടെ അധികനികുതിയിൽ ഇളവ് ലഭിക്കും. 1600 ചതുരശ്രയടി വിസ്തീർണ്ണമുള്ള അടുത്തടുത്ത രണ്ട് ഫ്ളാറ്റുകൾ വാങ്ങിയാൽ വിസ്തീർണ്ണം 3200 ആയി കണക്കാക്കുകയും അധികനികുതി നല്കുകയും വേണം. പരസ്പരം ബന്ധിപ്പിക്കപ്പെട്ടില്ലെങ്കിൽ ഇത് ഒഴിവാകും.

## വിനീതരാകാൻ മന്ത്രിസഭയ്ക്ക് മോദിയുടെ ഉപദേശം

ന്യൂഡൽഹി: വിനീതരായി ജനസേവനം നടത്താൻ പുതിയ മന്ത്രിസഭയ്ക്ക് നരേന്ദ്ര മോദിയുടെ സ്നേഹോപദേശം. സത്യപ്രതിജ്ഞയ്ക്കു മുൻപുള്ള ചായസൽക്കാരത്തിലാണു മുതിർന്ന നേതാക്കളും പുതുമുഖങ്ങളും ഉൾപ്പെട്ട സംഘത്തോട് അദ്ദേഹം സംവദിച്ചത്.

സാധാരണക്കാരായ ജനങ്ങൾക്കിഷ്ടം വിനയമുള്ള നേതാക്കളെയാണ്. സത്യസന്ധതയുള്ളവരും സുതാര്യത പാലിക്കുന്നവരുമാണ് ജനമനസ്സിൽ ഇടം നേടുന്നത്. ജനങ്ങൾക്കു വലിയ പ്രതീക്ഷകളാണ്. നിങ്ങളെല്ലാവരിൽനിന്നും മികച്ച പ്രകടനമുണ്ടാകണം– മോദി പറഞ്ഞു.

പാർട്ടി വ്യത്യാസം നോക്കാതെ എല്ലാ എംപിമാരോടും ബഹുമാനത്തോടെ പെരുമാറണം. 'കാരണം അവരെ ജനങ്ങൾ തെരഞ്ഞെടുത്തതാണ്' – അദ്ദേഹം പറഞ്ഞു. സർക്കാർ ഉദ്യോഗസ്ഥരോടും ജീവനക്കാരോടും ഹൃദ്യമായ പെരുമാറ്റം ഉറപ്പാക്കണമെന്നും ആവശ്യപ്പെട്ടു. പുതിയ മന്ത്രിസഭയുടെ സത്യപ്രതിജ്ഞയ്ക്കു മുൻപായുള്ള ചായസൽക്കാരം 2014 മുതൽ മോദിയുടെ പതിവാണ്.

## തൃണമൂൽ കോൺഗ്രസിൽ 11 വനിതാ എംപിമാർ

കൊൽക്കത്ത: പെൺകരുത്തിൽ ബംഗാളിൽ ബിജെപിയെ പരാജയപ്പെടുത്തിയ മുഖ്യമന്ത്രി മമതാ ബാനർജി ഇത്തവണ ലോക്സഭയിലേക്കയച്ചത് 11 വനിതകളെ. തൃണമൂൽ കോൺഗ്രസ് സ്ഥാനാർത്ഥികളായി ജയിച്ച 29 പേരിൽ 37.9 ശതമാനം വരും 11 പേർ. ഒരു രാഷ്ട്രീയ പാർട്ടി ലോക്സഭയിലേക്ക് അയയ്ക്കുന്നവരുടെ ശതമാനക്കണക്ക് നോക്കിയാൽ ഇത് റെക്കോർഡാണ്.

സമൂഹത്തിന്റെ വിവിധ മേഖലകളിൽ നിന്നുള്ളവരാണ് തൃണമൂലിന്റെ വനിതാ എംപിമാർ. അങ്കണവാടി ജോലിക്കാരി മിതാലിബാഗ് മുതൽ ന്യൂയോർക്കിലും ലണ്ടനിലും ഇൻവെസ്റ്റ് ബാങ്കറായിരുന്ന മഹുവ മൊയ്ത്ര വരെ ഇതിലുണ്ട്. രണ്ട് ഡോക്ടർമാർ, നാല് ചലച്ചിത്രതാരങ്ങൾ എന്നിവരും ഉൾപ്പെടുന്നു. 12 വനിതകൾ തൃണമൂൽ ടിക്കറ്റിൽ മത്സരിച്ചതിൽ ബിഷ്ണുപുരിൽ സുജാത മൊണ്ഡൽ മാത്രമാണ് പരാജയപ്പെട്ടത്. അതും 5567 വോട്ടിന്. ബിജെപി ബംഗാളിൽ 5 വനിതകളെയാണ് നിർത്തിയിരുന്നത് എല്ലാവരും പരാജയപ്പെട്ടു. നിയമസഭയിൽ 34 വനിതകളാണുള്ളത്. മുഖ്യമന്ത്രി മമതാ ബാനർജിക്കു പുറമെ ഏഴുപേർ മന്ത്രിമാരാണ്.

### റൺവേയിൽ ഒരേസമയം രണ്ട് വിമാനങ്ങൾ

## മുംബൈയിൽ വൻ വിമാനാപകടം ഒഴിവായി

മുംബൈ: മുംബൈ വിമാനത്താവളത്തിൽ വൻ അപകടം ഒഴിവായത് നിമിഷങ്ങളുടെ വ്യത്യാസത്തിൽ. റൺവേയിലേക്ക് ഒരേസമയം ഒരു വിമാനം പറന്നിറങ്ങുകയും മറ്റൊന്ന് പറന്നുയരുകയുമായിരുന്നു. എയർ ഇന്ത്യ വിമാനം ടേക്ക് ഓഫ് ചെയ്യവേ അതേ റൺവേയിൽ ഇൻഡിഗോ വിമാനം പറന്നിറങ്ങുകയായിരുന്നു. ജൂൺ എട്ടിന് രാവിലെയുണ്ടായ സംഭവത്തിൽ ഡയറക്ടറേറ്റ് ജനറൽ ഓഫ് സിവിൽ ഏവിയേഷൻ (ഡിജിസിഎ) അന്വേഷണത്തിന് ഉത്തരവിട്ടു. എയർ ട്രാഫിക് കൺട്രോൾ ഉദ്യോഗസ്ഥനെ അന്വേഷണം പൂർത്തിയാകുന്നതുവരെ മാറ്റി നിർത്തി.



ഇൻഡോറിൽ നിന്ന് മുംബൈയിലേക്കുള്ള ഇൻഡിഗോ വിമാനം ലാൻഡ് ചെയ്ത റൺവേയിൽ നിന്നുതന്നെയാണ് മുംബൈയിൽനിന്ന് തിരുവനന്തപുരത്തേക്കുള്ള എയർ ഇന്ത്യ വിമാനം പറന്നുയർന്നത്. ഇരുവിമാനങ്ങളിലുമായി നൂറുകണക്കിന് യാത്രക്കാരുണ്ടായിരുന്നു. ഇതിന്റെ വീഡിയോ ദൃശ്യങ്ങൾ പുറത്തുവന്നിട്ടുണ്ട്. 'ഇൻഡോർ–മുംബൈ വിമാനത്തിന്റെ പൈലറ്റ് എയർ ട്രാഫിക് കൺട്രോളിന്റെ നിർദ്ദേശങ്ങൾ പാലിച്ചതായി ഇൻഡിഗോ പ്രസ്താവനയിൽ പറഞ്ഞു. ജൂൺ എട്ടിന് ഇൻഡോറിൽ നിന്നുള്ള ഇൻഡിഗോ വിമാനത്തിന് മുംബൈ വിമാനത്താവളത്തിൽ എ.ടി.സി ലാൻഡിങ് ക്ലിയറൻസ് നല്കി. എ.ടി.സി നിർദേശങ്ങൾ പാലിച്ചാണ് ലാൻഡിങ് ചെയ്തത്. യാത്രക്കാരുടെ സുരക്ഷ ഞങ്ങൾക്ക് പരമപ്രധാനമാണ്, ഞങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്:' ഇൻഡിഗോ പ്രസ്താവനയിൽ വ്യക്തമാക്കി.

## തൃശൂരിൽ കെ. മുരളീധരന്റെ പരാജയം; ഡിസിസി പ്രസിഡണ്ടും യുഡിഎഫ് ചെയർമാനും രാജിവെച്ചു

തൃശൂർ: ലോക്സഭാ തെരഞ്ഞെടുപ്പിൽ തൃശൂരിൽ നേരിട്ട കനത്ത തോൽവിയുടെ പശ്ചാത്തലത്തിൽ ജില്ലാ കോൺഗ്രസ് കമ്മിറ്റി (ഡിസിസി) പ്രസിഡണ്ട് ജോസ് വള്ളൂരും യുഡിഎഫ് ജില്ലാ ചെയർമാൻ എം.പി. വിൻസെന്റും രാജിവെച്ചു.

ലോക്സഭാ മണ്ഡലത്തിലെ യുഡിഎഫ് സ്ഥാനാർത്ഥി കെ. മുരളീധരന്റെ തോൽവിയെ തുടർന്നുണ്ടായ പൊട്ടിത്തെറികൾ, പോസ്റ്റർ ആരോപണം, ഡിസിസി ഓഫീസിലെ കയ്യാങ്കളി എന്നിവയ്ക്കു പിന്നാലെയാണ് ഡിസിസി പ്രസിഡണ്ടിന്റെയും യുഡിഎഫ് ചെയർമാന്റെയും രാജി.

പാലക്കാട്ടെ നിയുക്ത എംപി വി.കെ. ശ്രീകണ്ഠന് ഡിസിസി പ്രസിഡണ്ടിന്റെ താൽക്കാലിക ചുമതല നൽകാൻ നേരത്തെ തീരുമാനിച്ചിരുന്നു. തമ്മിലടി രൂക്ഷമായതിനെ തുടർന്നാണ് ജില്ലയിലെ നേതാക്കളെ ഒഴിവാക്കി പാലക്കാട്ടെ നേതാവിന് ഡിസിസി ചുമതല നൽകിയത്.

തെരഞ്ഞെടുപ്പ് തോൽവിക്കു പിന്നാലെ, ഡിസിസി സെക്രട്ടറി സജീവൻ കുരിയച്ചിറയെ യൂത്ത് കോൺഗ്രസ് പ്രവർത്തകർ മർദിച്ചെന്ന് ആരോപണം ഉയർന്നു.

മർദനം ചോദ്യം ചെയ്യാനെത്തിയ യൂത്ത് കോൺഗ്രസ് പ്രവർത്തകരും ഓഫീസിൽ ഉണ്ടായിരുന്നവരും തമ്മിലും കയ്യാങ്കളി നടന്നു. സജീവനെ പിന്നീട് കോ-ഓപ്പറേറ്റീവ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

കെ. മുരളീധരന്റെ തെരഞ്ഞെടുപ്പു തോൽവിക്കു പിന്നിൽ പാർട്ടി നേതാക്കളിൽ ചിലരാണെന്ന ആരോപണം, ഫലം വന്ന അന്നു മുതൽ ഉയരുന്നുണ്ട്. ഇതിനെച്ചൊല്ലി ഡിസിസി ഓഫീസിനു മുൻപിൽ പോസ്റ്ററുകളും പ്രത്യക്ഷപ്പെട്ടിരുന്നു.

മുരളീധരന്റെ പ്രചാരണത്തിൽ സജീവമായി കൂടെയുണ്ടായിരുന്നയാളാണു സജീവൻ. നേതാക്കൾക്കെതിരെ പോസ്റ്റർ ഒട്ടിച്ചത് എന്തിനെന്നു ജോസ് വള്ളൂർ ചോദിച്ചതിനു പിന്നാലെ യൂത്ത് കോൺഗ്രസ് പ്രവർത്തകർ സജീവനെ തള്ളിയിട്ടെന്നാണ് ആക്ഷേപം.

## സർക്കാർ ഉദ്യോഗസ്ഥർ നന്നായി പെരുമാറണം: ഹൈക്കോടതി

കൊച്ചി: ഉദ്യോഗസ്ഥർ സഹാനുഭൂതിയോടെ പെരുമാറുകയും നല്ല രീതിയിൽ ആശയവിനിമയം നടത്തുകയും ചെയ്താൽ സർക്കാർ ഓഫീസുകളിലെത്തുന്നവരുടെ പരാതികളിലേറെയും പരിഹരിക്കപ്പെടുമെന്നു ജസ്റ്റിസ് ദേവൻ രാമചന്ദ്രൻ. അപമാനിതരായെന്ന തോന്നലും നിരാശയും നിസ്സഹായവസ്ഥയുമാണു ജനങ്ങളെ കടുത്ത നടപടികളെടുക്കാൻ പ്രേരിപ്പിക്കുന്നത്. ആധാർ രേഖയിലെ ജനനത്തീയതിയിൽ തെറ്റുണ്ടെന്ന പേരിൽ പിഎഫ് അക്കൗണ്ടിലെ നിക്ഷേപം 10 വർഷം കഴിഞ്ഞിട്ടും ലഭിക്കാതിരുന്നതിനെത്തുടർന്ന് എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് ഓർഗനൈസേഷൻ കൊച്ചി ഓഫീസിലെ ശുചിമുറിയിൽ പേരാമ്പ്ര സ്വദേശി പി.കെ. ശിവരാമൻ വിഷം കഴിച്ചു മരിച്ച സംഭവവുമായി ബന്ധപ്പെട്ട കേസിലാണ് ഇക്കാര്യം പറഞ്ഞത്.

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

3425 Cleveland St,
Skokie, Illinois 60076
Tel: 630 728 7956
eFax: 773.304.1917

Volume XXXII
Number 24
June 14, 2024

*Chief Editor*
K.M. Eapen

*Executive Editor*
Jose Kaniyaly

*Managing Editors*
Joseph Mathew
K.O. Jose, C.P.A.
Titus Eapen

*Circulation Manager*
Ajith Eapen

*Office Administration*
Anish Eapen

*Legal Advisor*
Selma C. D'souza

*Manager*
K.M. Thimothy

*Overseas Office*
KERALA EXPRESS
KMC 172-A
C.M.S. College Jn.
Kottayam - 686001
Kerala, India
Tel : + 91 481-2561203

*Co-ordinating Editor*
Mani Samuel

*News Editor*
Mini Mani

*Graphics*
Samuel Mani

*Consultant Editor*
Prof. Babu Poozhikunnel

*Special Correspondent*
Anil Pennukkara

KERALA EXPRESS (USPS 011-008)
is published Weekly for $54.00 per year
by Grace Publications, Inc.
3425 Cleveland St,
Skokie, Illinois 60076.

**Periodicals Postage Paid Chicago, Illinois and additional mailing offices**

**POST MASTER:**
Send Address Changes to
Kerala Express, Grace Publications, Inc.
3425 Cleveland St,
Skokie, Illinois 60076.

DISCLAIMER
The advertisements and articles published in Kerala Express denote the views and ideas expressed by the concerned authors or advertisers. Kerala Express is not responsible for the authenticity of articles or advertisements and readers are requested to verify any offers etc. directly with advertiser or author.

**മഹദ്വചനം**

അധികാരം മനുഷ്യനെ ദുഷിപ്പിക്കുന്നില്ല. വിഡ്ഢികൾ അധികാരത്തിലെത്തുമ്പോൾ അധികാരസ്ഥാനത്തെയാണ് ദുഷിപ്പിക്കുന്നത്.

**ബർണാർഡ് ഷാ**

## Philadelphia Pentecostal Church

3735 N Narragansett Ave., Chicago, IL 60634

### Seeking a Senior Pastor

*(Effective Start date: July 01st, 2025)*

**Required qualifications:**

- Must be married, aged between 40-60 yrs
- Must be an ordained minister with minimum 8-10 years of pastoral experience leading a church in the United States.
- Accredited & Credentialed by a recognized Pentecostal Institution
- Must be proficient to lead & minister fluently in English & Malayalam
- Must be a U.S Citizen or Green Card holder (No Visa Sponsorship)

*For more information:*

*Biju Cherian: 847-858-1342*

**Email CV/Resume: PPC.Chicago@Yahoo.Com**

## INDIA PENTECOSTAL ASSEMBLY

**544 TIPTON RD**

**IRVING TX 75060**

### Youth Pastor Job Summary

We are seeking a committed, spirit-filled, Youth Pastor to provide leadership and care to our church's youth ministry. The Youth Pastor will be responsible for fostering spiritual growth, planning and leading activities, and providing guidance to young people in our church. The successful candidate is a committed Christian leader who is passionate about helping young people grow in their faith.

### Youth Pastor Requirements and Qualifications

- Bachelor's or master's degree in theology, ministry, or related field from a reputed Bible college
- Minimum 2 years of experience in youth ministry and ordination preferred.
- A deep knowledge of the Bible and Christian theology
- Teach the Word of God to the youth with conviction, compassion, and care.
- Able to effectively communicate with young people, adults, and families as well as work with the Senior pastor
- Exceptional organizational, leadership skills and Fluent in English and understand Malayalam
- A passion for helping young people grow in their faith.Youth Ministry in the US preferred
- Age Between 25-40 years and married.

**Email resume to:**

**pastorsearchipa@gmail.com**



Steve Crifase

LIFE MEMBER
MILLION DOLLAR ADVOCATES FORUM
The Top Trial Lawyers In America™

## Trusted Representation Achieves Aggressive Financial Results

- ★ Over $ 50M Recovered and Collected For Our Clients
- ★ Top AV Peer Review Rated Since 1991 For Pre-eminent Legal Ability and Professional Ethics
- ★ Free Confidential Consultation On All Matters Home Visits Available
- ★ Personal Injuries-Wrongful Death - Work Injuries

### Your call is Always Welcome

# Crifase Law Firm

Crifase Law Firm, Ltd.
8 S. Michigan Avenue, Suite 2000
Chicago, IL 60603

**312-855-0511**

**Serious Lawyers For Serious Cases**
**Call Today To See What Your Case Is Really Worth**
**Recent Financial Recoveries**
**For Our Clients And Their Families**

| | |
|---|---|
| $1,500,000.00 | Jury Verdict Car Crash Neck Injury |
| $5,000,000.00 | Car Crash – Brain Injury |
| $700,000.00 | Medical Malpractice Stillborn Baby |
| $1,500,000.00 | Wrongful Death – Car Crash |
| $750,000.00 | Medical Malpractice – Fetal Injury |
| $600,000.00 | Medical Malpractice – Fetal Injury |
| $200,000.00 | Work Injury – Shoulder Surgery |
| $149,000.00 | Slip and Fall – Knee Injury |
| $239,000.00 | Work Injury – Shoulder Surgery |
| $190,000.00 | Car Crash – Back Injury |
| $338,000.00 | Work Injury – Shoulder/Wrist Surgery |

**We Want A Long Term Relationship With You**

Steve Crifase
http://www.crifaselaw.com/
Steve@CrifaseLaw.com
Crifase Law Firm, Ltd.
8 S. Michigan Avenue, Suite 2000
Chicago IL 60603
Phone: (312) 855-0511
Fax: (312) 855- 0537

**Fee Discounts Available To Malayalee Clients On Specific Cases**

BBB A+ Rating Better Business Bureau

AV PREEMINENT Peer Rated for Highest Level of Professional Excellence 2024

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

# ലോക്സഭാ തെരഞ്ഞെടുപ്പ് നല്കുന്ന പാഠം!

ഇന്ത്യൻ രാഷ്ട്രീയത്തിൽ നിർണ്ണായക വഴിത്തിരിവ് സൃഷ്ടിച്ച ഒന്നായിരുന്നു പതിനെട്ടാമത് ലോക്സഭാ തെരഞ്ഞെടുപ്പ്. തുടർഭരണം പ്രതീക്ഷിക്കുകയും നാനൂറിലേറെ സീറ്റുകൾ നേടുമെന്ന ആത്മവിശ്വാസത്തോടെ ഹരിയാനയിലെ രേവാരയിൽ ചേർന്ന പൊതുസമ്മേളനത്തിൽ സംസാരിക്കുകയും ചെയ്ത പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ വിജയമന്ത്രം ജനങ്ങൾ സ്വീകരിച്ചു എന്നു സൂചിപ്പിക്കുന്നതായിരുന്നു ഭൂരിപക്ഷം എക്സിറ്റ്പോൾ ഫലങ്ങളും. എന്നാൽ, യഥാർത്ഥ ഫലം പുറത്തുവന്നപ്പോൾ പതിനേഴാം ലോക്സഭാതെരഞ്ഞെടുപ്പിലെ മുന്നൂറ്റിമൂന്ന് സീറ്റിൽ നിന്ന് സ്വന്തം നിലയിൽ ബിജെപിക്ക് ഇപ്രാവശ്യം ഇരുനൂറ്റിനാല്പത് സീറ്റിൽ ഒതുങ്ങേണ്ടതായി വന്നു. എന്നാൽ കേരളത്തിലാദ്യമായി തൃശൂരിൽ ബിജെപിക്ക് അക്കൗണ്ട് തുറക്കാനായതിൽ മോദി വിജയിക്കുകയും ചെയ്തു.

തൊണ്ണൂറ്റൊൻപത് സീറ്റുകളിൽ വിജയിച്ച കോൺഗ്രസിന് പത്ത് വർഷത്തിന് ശേഷം പ്രതിപക്ഷസ്ഥാനം ലഭിക്കുമെന്നതും ശ്രദ്ധേയമാണ്. എക്സിറ്റ്പോൾ പ്രവചനങ്ങളെ തകിടംമറിച്ചാണ് ഇന്ത്യാസഖ്യം ഇരുനൂറ്റിമുപ്പത്തിനാല് സീറ്റുകൾ നേടിയത്. സുരേഷ്ഗോപിയിലൂടെ ബിജെപി കേരളത്തിലാദ്യമായി തൃശൂരിൽ അക്കൗണ്ട് തുറന്നത് കേരളരാഷ്ട്രീയത്തിൽ പുതിയൊരു അദ്ധ്യായത്തിന് തുടക്കമായി. ഭരണകക്ഷിയായിട്ടുപോലും സിപിഎംന് ഒരു സീറ്റുകൊണ്ട് തൃപ്തിപ്പെടേണ്ടതായി വന്നു. സർക്കാരിന്റെ ഭരണസംവിധാനത്തോടുള്ള ജനങ്ങളുടെ അതൃപ്തി ഇവിടെ വ്യക്തമാണ്. ഇരുപതിൽ പതിനെട്ട് സീറ്റ് നേടിയ യുഡിഎഫിന് ദേശീയതലത്തിൽ ഇന്ത്യാസഖ്യം നേടിയ മുന്നേറ്റത്തിൽ മികച്ച പങ്കാളിയാകാൻ സാധിക്കുമെന്നത് ഏറെ ശ്രദ്ധേയമാണ്. 2019 - ൽ അൻപത്തിരണ്ട് സീറ്റിലൊതുങ്ങിയ കോൺഗ്രസ്സിന് ഈ തെരഞ്ഞെടുപ്പിൽ 99 സീറ്റുകൾ നേടാനായത് അത്ര നിസ്സാരമായി കാണാൻ കഴിയില്ല. മോദി സർക്കാരിനോടുള്ള അതൃപ്തിയാണ് ഇവിടെ പ്രകടമാകുന്നത്. 2019 - ൽ വാരണാസിയിൽ നാല് ലക്ഷത്തിഎഴുപത്തൊമ്പതിനായിരത്തി അഞ്ഞൂറ്റി അഞ്ചാണ് മോദിയുടെ ഭൂരിപക്ഷമെങ്കിൽ ഇപ്രാവശ്യം 152513 ആയി കുറഞ്ഞു.

തുടർഭരണത്തിൽ നാലാം വർഷത്തിലേക്ക് കടക്കുന്ന പിണറായി സർക്കാരിന് ഒരു മുന്നറിയിപ്പ് കൂടിയാണ് ഈ തെരഞ്ഞെടുപ്പ്ഫലം. കഴിഞ്ഞ അഞ്ച് വർഷവും ആലപ്പുഴയായിരുന്നു സിപിഎംന്റെ തട്ടകമെങ്കിൽ ഈ തെരഞ്ഞെടുപ്പിൽ അത് മാറിമറിഞ്ഞ് ആലത്തൂരായി. ആലപ്പുഴയിലെ എ.എം ആരിഫിനെ പിന്നിലാക്കി 63513 വോട്ടിന്റെ ഭൂരിപക്ഷത്തോടെയാണ് കോൺഗ്രസിന്റെ കെ.സി.വേണുഗോപാൽ വിജയിച്ചത്. സിപിഎംന് ഇരുപതിൽ ഒരു സീറ്റ് മാത്രമാണുള്ളത്. ആലത്തൂരിലെ യുഡിഎഫ് സ്ഥാനാർത്ഥി രമ്യാഹരിദാസിനെ 20111 വോട്ടിന് പിന്നിലാക്കിയാണ് രാധാകൃഷ്ണൻ സിപിഎമ്മിന് സീറ്റുറപ്പിച്ചത്.

പതിനെട്ടാം ലോക്സഭാതെരഞ്ഞെടുപ്പിനെ പതിവ് ശൈലി എന്ന് ലഘൂകരിക്കാനാവില്ല. ഈ ഭരണസംവിധാനത്തോടും മുഖ്യമന്ത്രി പിണറായി വിജയന്റെ പ്രവർത്തനരീതികളോടുമുള്ള ജനങ്ങളുടെ കടുത്ത അമർഷം ഈ വിധിയെഴുത്തിൽ ഏറെ പ്രതിഫലിച്ചിട്ടുണ്ട്. സംസ്ഥാനം നേരിടുന്ന സാമ്പത്തിക പ്രതിസന്ധിയും ആരോഗ്യമേഖലയിലെ പ്രശ്നങ്ങളുമെല്ലാം തരണം ചെയ്യാൻ ഈ സർക്കാർ പ്രാപ്തമല്ലെന്ന് ഇതിനോടകം തെളിയിച്ചുകഴിഞ്ഞു. പെൻഷൻ മുടങ്ങുന്നതും സർക്കാർ ജീവനക്കാർക്ക് കൃത്യമായി വേതനം കൊടുക്കാത്തതും നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റവുമെല്ലാം ഈ സർക്കാരിന്റെ പ്രാപ്തിക്കുറവിനെയാണ് കാണിക്കുന്നത്. മുഖ്യമന്ത്രിയുടെ മണ്ഡലമായ ധർമ്മടത്ത് മാത്രമല്ല സിപിഎംന്റെ ശക്തി കേന്ദ്രങ്ങളിലെല്ലാംതന്നെ എൽഡിഎഫിനുണ്ടായ തിരച്ചടി വളരെ ശക്തമാണ്. കാസർകോഡ് രാജ്മോഹൻ ഉണ്ണിത്താനും കണ്ണൂരിൽ കെ. സുധാകരനും വടകരയിൽ ഷാഫി പറമ്പിലും കോഴിക്കോട് എം.കെ. രാഘവനും ഇടുക്കിയിൽ ഡീൻകുര്യാക്കോസും കൊല്ലത്ത് എംകെ പ്രേമചന്ദ്രനും ഒരുലക്ഷത്തിലേറെ വോട്ടിനാണ് വിജയം നേടിയത്. വയനാട്ടിൽ രാഹുൽഗാന്ധി 364422 വോട്ടിന്റെ ഭൂരിപക്ഷം നേടിയപ്പോൾ മലപ്പുറത്ത് ഇ.റ്റി മുഹമ്മദ് ബഷീർ 300118 വോട്ടിന്റെ ഭൂരിപക്ഷത്തിലാണ് വിജയിച്ചത്. സുരേഷ് ഗോപി 2019 - ൽ ലോക്സഭയിലേക്കും 2021 - ൽ നിയമസഭയിലേക്കും മത്സരിച്ചെങ്കിലും വിജയം കണ്ടില്ല. എന്നാൽ 18 - ാം ലോക്സഭയിലേക്കുള്ള തെരഞ്ഞെടുപ്പ് എല്ലാ കണക്കുകൂട്ടലുകളേയും തെറ്റിച്ച ഒന്നായിരുന്നു. കേരളത്തിൽ അക്കൗണ്ട് തുറക്കാൻ കഴിയാതിരുന്ന ബിജെപി ഈ തെരഞ്ഞെടുപ്പിൽ പതിനൊന്ന് നിയമസഭാമണ്ഡലങ്ങളിൽ ഒന്നാം സ്ഥാനത്തേക്കും പത്ത് ലോക്സഭാമണ്ഡലങ്ങളിൽ മൂന്നാമതുമൊക്കെ എത്താൻ കഴിഞ്ഞെങ്കിൽ മറ്റൊരു മുന്നണിക്കുകൂടി ഇവിടെ വഴി തെളിയുകയാണ്. ശക്തരായ രണ്ട് മുന്നണികൾ തമ്മിൽ പോരാട്ടം നടക്കുന്ന നാട്ടിൽ മൂന്നാമതൊരു മുന്നണി അവഗണിക്കാനാവാത്തവിധം വിജയം നേടുമ്പോൾ കേരള രാഷ്ട്രീയം പുതിയൊരു വഴിത്തിരിവിലാണെന്ന് സംശയലേശമെന്യേ പറയാൻ കഴിയും. യുഡിഎഫിന്റെ മാത്രമല്ല എൽഡിഎഫിന്റെ വോട്ടുബാങ്കിലും ചോർച്ചയുണ്ടാക്കാൻ ബിജെപിക്ക് കഴിഞ്ഞിട്ടുണ്ട് എന്നത് വളരെ വ്യക്തമാണ്.

കേരളത്തിൽ സർക്കാരിനോടുള്ള ജനവികാരമാണ് ഈ തെരഞ്ഞെടുപ്പ്ഫലം വിളിച്ചു പറയുന്നത്. ഭരണസംവിധാനത്തിൽ മാറ്റം വരുത്തുന്നതോടൊപ്പംതന്നെ ജനങ്ങളോടുള്ള പ്രതിബദ്ധതയും ആവശ്യമാണ്. കേരളത്തിൽനിന്ന് ലോക്സഭയിലേക്ക് യുഡിഎഫിന് 18 പേരെ അയക്കാൻ കഴിഞ്ഞെങ്കിൽ എൽഡിഎഫിന് ഒരാളെമാത്രമാണ് അയയ്ക്കാൻ കഴിഞ്ഞത് എന്നതിൽനിന്നും കാര്യങ്ങൾ കൂടുതൽ വ്യക്തമാണ്. യുഡിഎഫിന്റെ മാത്രമല്ല എൽഡിഎഫിന്റെ വോട്ട്ബാങ്കിലും ചോർച്ച ബിജെപിക്കുണ്ടാക്കാൻ കഴിഞ്ഞു എന്നത് ഇരുകൂട്ടർക്കും ഒരു മുന്നറിയിപ്പുകൂടിയാണ്.

### ജോർജ് കുര്യന്റെ പ്രവർത്തന വഴികൾ

# കേന്ദ്രമന്ത്രി പദവി: ആത്മാർത്ഥ രാഷ്ട്രീയ പ്രവർത്തനത്തിന് തേടിയെത്തിയ അംഗീകാരം

**ജോസ് കണിയാലി**

മൂന്നാം മോദി മന്ത്രിസഭയിൽ ബിജെപി സംസ്ഥാന ജനറൽ സെക്രട്ടറിയായ ജോർജ് കുര്യൻ മന്ത്രിയായി സത്യപ്രതിജ്ഞ ചെയ്ത് അധികാരമേൽക്കുമ്പോൾ ഒരു രാഷ്ട്രീയ നേതാവിന്റെ പ്രവർത്തനത്തിന് പാർട്ടി നൽകിയ അംഗീകാരമായി വിലയിരുത്തണം. ബിജെപി ഉണ്ടായ കാലം മുതൽ കോട്ടയത്തുകാരൻ ജോർജ് കുര്യൻ ബിജെപിക്കാരനാണ്. പാർട്ടിക്ക് സ്വന്തമായൊരു ഓഫീസോ എന്നെങ്കിലും അധികാരത്തിലെത്തുമെന്ന വിശ്വാസമോ ഇല്ലാതിരുന്ന കാലം മുതലുള്ള മികച്ച സംഘാടകൻ. ഒരു പക്ഷെ, അദ്ദേഹത്തിന് പാർട്ടിയിലും പൊതുസമൂഹത്തിലും ഉണ്ടായിരുന്ന സ്വീകാര്യതയും വർഷങ്ങളായി ബിജെപിക്ക് വേണ്ടി മാധ്യമങ്ങളിലും പൊതുവേദികളിലും വാദിക്കുകയും ചെയ്തതിന് നരേന്ദ്ര മോദിയുടെ കരുതൽ കൂടിയാണ് ജോർജ് കുര്യന് ലഭിച്ച കേന്ദ്ര മന്ത്രിസ്ഥാനം.

1978-ൽ മാന്നാനം കെ.ഇ. കോളജിൽ പ്രീഡിഗ്രിക്ക് പഠിക്കുന്ന സമയത്ത് ജനതാ പാർട്ടി പ്രവർത്തകനായിരുന്നു. 1980-ൽ ബിജെപിയിലേക്ക് മാറി. മാന്നാനം കെ.ഇ. കോളജിൽ നിന്ന് ഡിഗ്രിയും, പിജിയും സ്വന്തമാക്കിയപ്പോഴും ബിജെപിയിൽ അടിയുറച്ച പ്രവർത്തകനായും നേതാവായും മാറിക്കഴിഞ്ഞിരുന്നു. യുവമോർച്ചയുടെ കേന്ദ്ര സംസ്ഥാന ഭാരവാഹിയായി വളർന്നു. ന്യൂനപക്ഷ കമ്മീഷൻ ഉപാധ്യക്ഷൻ എന്ന നിലയിൽ മികച്ച പ്രകടനമായിരുന്നു കാഴ്ചവെച്ചത്. കേന്ദ്ര മന്ത്രിയായിരുന്ന ഒ. രാജഗോപാലിന്റെ ഒ.എസ്.ഐ.ഡി (ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി) എന്ന നിലയിലും പ്രവർത്തിച്ച അദ്ദേഹം സംസ്ഥാന പാർട്ടി ഓഫീസിന്റെ ചുമതലയുള്ള ജനറൽ സെക്രട്ടറി കൂടിയായിരുന്നു. ഇക്കഴിഞ്ഞ ലോക്സഭാ തെരഞ്ഞെടുപ്പിൽ തിരുവനന്തപുരം പാർലമെന്റ് മണ്ഡലത്തിന്റെ ചുമതലയും അദ്ദേഹത്തിനുണ്ടായിരുന്നു. 1991-ലും 1998-ലും കോട്ടയത്ത് നിന്ന് ലോക്സഭയിലേക്കും 2016-ൽ പുതുപ്പള്ളിയിൽ നിന്ന് നിയമസഭയിലേക്കും മത്സരിച്ചു.



മോദി മന്ത്രിസഭയിലെ രണ്ടാമത്തെ മലയാളി സാന്നിദ്ധ്യമായി ജോർജ് കുര്യൻ മാറുമ്പോൾ കോട്ടയം കാണക്കാരി സ്വദേശിയായ അദ്ദേഹത്തിന് തന്റെ പ്രത്യയ ശാസ്ത്രത്തിൽനിന്ന് വ്യതിചലിക്കാതെയുള്ള യാത്രയ്ക്ക് ലഭിച്ച അംഗീകാരം കൂടിയാണ് കേന്ദ്ര മന്ത്രി സ്ഥാനം. ന്യൂനപക്ഷ കമ്മീഷൻ വൈസ് ചെയർമാൻ ആയി ചുമതല ഏറ്റെടുത്ത ജോർജ് കുര്യൻ ക്രൈസ്തവ വിഭാഗത്തെ ബിജെപിയോട് അടുപ്പിക്കാൻ രാജ്യത്തുടനീളം നടത്തിയ പ്രവർത്തനങ്ങളിലൂടെയാണ് ബിജെപി നേതൃത്വത്തിന് പ്രിയങ്കരനായത്. മണിപ്പൂർ കലാപം തെരഞ്ഞെടുപ്പ് പ്രചാരണകാലത്ത് പ്രതിസന്ധിയായപ്പോഴൊക്കെ ശക്തമായ പ്രതിരോധം തീർത്തു. അധികാരത്തർക്കത്തിലും സംസ്ഥാന ബിജെപിയിൽ മാറിമറിഞ്ഞ ഗ്രൂപ്പ് സമവാക്യങ്ങൾക്കിടയിലും പക്ഷം പിടിക്കാൻ പോയില്ല. പ്രധാനമന്ത്രിയുമായി അടുത്ത ബന്ധമുള്ള ജോർജ് കുര്യൻ ദേശീയ നേതാക്കളുടെ പ്രസംഗം പരിഭാഷപ്പെടുത്താനുള്ള പാനലിലെ അംഗം കൂടിയാണ്.

രാമജന്മഭൂമി പ്രശ്നം അടക്കം ബിജെപിയുടെ തീവ്ര നിലപാടുകളെ എല്ലാക്കാലത്തും ശക്തമായി പിന്തുണയ്ക്കുന്ന, അതിശക്തമായി ന്യായീകരിക്കുന്ന, ജോർജ് കുര്യൻ ആർഎസ്എസിനും അത്രമേൽ പ്രിയപ്പെട്ട ന്യൂനപക്ഷ നേതാവാണ്. ഒരു സീറ്റിലെ വിജയം മാത്രമല്ല കേരളത്തിലെ ബിജെപിയുടെ മെച്ചപ്പെട്ട പ്രകടനത്തിൽ ക്രൈസ്തവ വിഭാഗത്തിനുള്ള സ്വാധീനവും സഭയെ സംഘടനയോട് അടുപ്പിക്കുന്നതിൽ ജോർജ് കുര്യൻ വഹിച്ച പങ്കും എല്ലാം പരിഗണിച്ചാണ് മൂന്നാം മോദി സർക്കാരിലെ മന്ത്രി പദവി.

പാലാ രൂപതാംഗമായ ജോർജ് കുര്യന്റെ ഭാര്യ ഒ.ടി. അന്നമ്മ. മക്കൾ: ആകാശ്, ആദർശ്.

വ്യക്തിപരമായി ഒരു സന്തോഷം കൂടി പങ്കുവെയക്കട്ടെ. 1977-79 കാലയളവിൽ മാന്നാനം കെ.ഇ. കോളജിൽ പ്രീഡിഗ്രിക്ക് ലേഖകന്റെ സഹപാഠി ആയിരുന്നു. പ്രിയ സുഹൃത്തിനു അഭിനന്ദനങ്ങളും ആശംസകളും...

# അനധികൃത കുടിയേറ്റത്തിന് നിയന്ത്രണം ഏർപ്പെടുത്തി

**ജോസ് കല്ലിടിക്കിൽ**

ചിക്കാഗോ: അമേരിക്കയിൽ അഭയം അനുവദിക്കുന്നതിന് നിസ്സാരമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിക്കൊണ്ടുള്ള ഓർഡിനൻസിന് പ്രസിഡണ്ട് ജോ ബൈഡൻ ഒപ്പുവെച്ചു. ജൂൺ 4-ന് ചൊവ്വാഴ്ച വൈറ്റ് ഹൗസിൽ നടന്ന ചടങ്ങിലാണ് പ്രസിഡണ്ട് ബൈഡന്റെ പ്രഖ്യാപനം. ഏതാണ്ട് രണ്ട് വർഷമായി അമേരിക്കൻ രാഷ്ട്രീയത്തിലും സമൂഹത്തിലും സജീവ ചർച്ചയായതും പ്രസിഡണ്ട് ജോ ബൈഡനെ രാഷ്ട്രീയ പ്രതിരോധത്തിലാക്കിയതുമാണ് അമേരിക്കയുടെ തെക്കൻ ബോർഡർ വഴിയുള്ള കുടിയേറ്റപ്രവാഹം. കുടിയേറ്റ വിഷയത്തിൽ രാഷ്ട്രീയ സമവായം കണ്ടെത്താനുള്ള ശ്രമങ്ങൾ മുൻ പ്രസിഡണ്ട് ഡോണൾഡ് ട്രംപിന്റെ നിർദേശപ്രകാരം ഒരുവിഭാഗം റിപ്പബ്ലിക്കൻ കോൺഗ്രസ് അംഗങ്ങൾ വിഫലമാക്കിയതാണ് ഓർഡിനൻസ് വഴി നിയന്ത്രണങ്ങൾ ഏർപ്പെടുത്തുവാൻ പ്രസിഡണ്ട് ബൈഡനെ നിർബന്ധിതനാക്കിയത്. ഓർഡിനൻസ് ഉടൻതന്നെ പ്രാബല്യത്തിൽ വരുകയും ചെയ്തു.

പുതിയ ഓർഡിനൻസ് പ്രകാരം അമേരിക്കയിൽ അഭയം തേടുന്നവരുടെ എണ്ണം പ്രതിദിനം 2500 എത്തിയാൽ പുതിയ അപേക്ഷകൾ പരിഗണിക്കുന്നല്ല. ഈ സംഖ്യ പ്രതിദിനം ശരാശരി 1500-ൽ താഴുന്നതുവരെ നിയന്ത്രണങ്ങൾ തുടരുകയും ചെയ്യും. പുതിയ നിയമപ്രകാരം അനധികൃതമായി അമേരിക്കയിൽ എത്തുന്നവരെ, അവർ സ്വദേശത്തേക്ക് മടങ്ങിയാൽ ജീവന് അപായമില്ലാത്തപക്ഷം ഉടൻതന്നെ മടക്കി അയയ്ക്കും. ഇത്തരം അനധികൃത കുടിയേറ്റക്കാരെ അഞ്ച് വർഷത്തേക്ക് അമേരിക്കയിൽ പുനഃപ്രവേശനത്തിൽ നിന്ന് വിലക്കുകയും നിയമനടപടികൾക്ക് വിധേയരാക്കപ്പെടുകയും ചെയ്യാം. അഭയാർത്ഥികളെ സ്വീകരിക്കുന്നതിനുള്ള മാനദണ്ഡങ്ങളിലും കർശനമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. കാലാവസ്ഥ അനുകൂലമായ വേനൽ മാസങ്ങളിൽ മെക്സിക്കോ വഴിയുള്ള അനധികൃത കുടിയേറ്റം തടയുന്നതിൽ ബോർഡർ സുരക്ഷാ ഉദ്യോഗസ്ഥർക്കും ഇമ്മിഗ്രേഷൻ അധികൃതർക്കും വലിയ വെല്ലുവിളിയാണുയർത്തുന്നത്. വെനിസ്വേല, ക്യൂബ, ഹെയ്ത്ത്, നിക്കരാഗ്വ എന്നിവിടങ്ങളിൽ നിന്നാണ് ഏറെയും അഭയാർത്ഥികൾ അമേരിക്കയിൽ എത്തുന്നത്. പ്രസിഡണ്ട് ബൈഡൻ പുറപ്പെടുവിച്ച ഓർഡിനൻസ് അമേരിക്കൻ ഇമ്മിഗ്രേഷൻ ആൻഡ് നാഷണാലിറ്റി ആക്ടിലെ 212(എഫ്) പ്രകാരം ദേശീയ താല്പര്യത്തിന് ഹാനികരമായ സാഹചര്യത്തിൽ കുടിയേറ്റ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുവാൻ പ്രസിഡണ്ടിന് അനുവദിച്ചിട്ടുള്ള പ്രത്യേക അധികാരം ഉപയോഗിച്ചാണ്. ഇതേ വ്യവസ്ഥയുടെ അടിസ്ഥാനത്തിലാണ് പ്രസിഡണ്ട് ഡോണൾഡ് ട്രംപും കുടിയേറ്റ നിയന്ത്രണങ്ങളിൽ നിരോധനവും ഏർപ്പെടുത്തിയത്. പ്രസിഡണ്ട് ജോ ബൈഡന്റെ ഓർഡിനൻസിനെതിരെ കോടതിയെ സമീപിക്കുമെന്ന് കുടിയേറ്റ അവകാശസംഘടനകളും അമേരിക്കൻ സിവിൽ ലിബർട്ടീസ് യൂണിയൻ അധികൃതരും പ്രഖ്യാപിച്ചു.



Law Office of Sovmya George
IMMMIGRATION LAW FIRM
SERVICES:
Asylum
Cancellation of Removal
EB-1 | EB-2 | EB-3
EB-2 NIW
L-1A
Marriage-Based Green Card
Family-Based Green Card
U Visa
VAWA
U.S. Citizenship
Work Permit,
Re-entry Permit, etc.
"We Handle Cases All Across the USA!"
-Sovmya George, Esq.
Contact:
www.lawofficesg.com
call/text: 972-905-0948
sovmya.george@lawofficesg.com
Read our stellar reviews


K.O. JOSE & ASSOCIATES, INC.
Certified Public Accountants
K.O. JOSE, CPA
• Compilation
• Setup Small Business Corporations
• Personal & Business Income Taxes
• Free Electronic Filing
• Non-Profit Tax Exemption from IRS
• Install Accounting Packages
• Retirement and Estate Planning
Tel: 847-724-3020 • Cell: 847-833-6038
CPA SM
America Counts on CPAs
taxaccount@sbcglobal.net
kalloorjose@gmail.com
website: www.kojose.com


B&M
AUTO COLLISION CTR
Anish Eapen and Bob Trytko want to wish you a Happy New Year
Fast and EFFICIENT
Quality REPAIR
WE WORK WITH ALL INSURANCE COMPANIES, CALL ANISH EAPEN @ 773-263-9863
4440 West Addison
Chicago, IL 60641
Tel: 773-685-3200
Fax: 773-685-7388
www.bmautocollision.com

# രാഹുൽ കേരളത്തിലും 'സൂപ്പർ സ്റ്റാർ'

തിരുവനന്തപുരം: ദേശീയതലത്തിലെ മികച്ച പ്രകടനത്തോടെ രാഹുൽ ഗാന്ധിക്കും എഐസിസിക്കും കേരളത്തിലെ സംഘടനാ കാര്യങ്ങളിൽ കൂടുതൽ മേൽക്കൈ വരുന്നു. നിയമസഭാ തെരഞ്ഞെടുപ്പിനു രണ്ടു വർഷം മാത്രം ശേഷിക്കെ, കേരളത്തിലെ സംഘടനാ രംഗത്തും പാർലമെന്ററി രംഗത്തും കൂടുതൽ ഇടപെടലുകൾ ഹൈക്കമാൻഡിൽനിന്നുണ്ടായേക്കും. രാഹുൽ ഗാന്ധിക്കു ലഭിച്ച വലിയ സ്വീകാര്യത പ്രയോജനപ്പെടുത്തണമെന്ന ചർച്ചകൾ കേരളത്തിലും സജീവമായി. പലയിടത്തും കോൺഗ്രസ് പ്രവർത്തകരും പോഷക സംഘടനകളും ബോർഡുകളും ഹോർഡിങ്ങുകളും ഉയർത്തി വലിയരീതിയിൽ രാഹുലിനെ ആഘോഷിക്കുന്നത് ഇതിന്റെ തുടക്കമാണ്.



ന്യൂനപക്ഷ സമുദായങ്ങൾക്കിടയിൽ സിപിഎം നടത്തിയ സോഷ്യൽ എഞ്ചിനീയറിങ് തടയാൻ കേരളത്തിൽ രാഹുലിന്റെ സാന്നിധ്യം രണ്ടാംതവണയും ഗുണകരമായെന്നു യുഡിഎഫ് വിലയിരുത്തുന്നു. പൗരത്വനിയമ ഭേദഗതി വിഷയത്തിൽ രാഹുലിനെ കടന്നാക്രമിച്ചാണ് ഇടതുപക്ഷം ന്യൂനപക്ഷ വോട്ട് ബാങ്ക് പിടിക്കാൻ ശ്രമിച്ചത്. ആ നീക്കങ്ങളെല്ലാം രാഹുൽ ഗാന്ധിയെ മുന്നിൽ നിർത്തിത്തന്നെ ചെറുക്കാനായെന്നാണു തെരഞ്ഞെടുപ്പുഫലം വ്യക്തമാക്കുന്നത്. കേരള കോൺഗ്രസുകൾ ഏറ്റുമുട്ടിയ കോട്ടയം ഉൾപ്പെടുന്ന മധ്യകേരളത്തിലും ഗുണമുണ്ടാക്കാനായി.

ദേശീയതലത്തിൽ ബിജെപിയെ ചെറുക്കാൻ രാഹുലിന്റെ നേതൃത്വത്തിനാകും എന്ന തിരിച്ചറിവ് കേരളത്തിലെ ന്യൂനപക്ഷങ്ങൾക്കും മതനിരപേക്ഷ ചിന്താഗതിക്കാർക്കുമിടയിൽ ഈ തെരഞ്ഞെടുപ്പോടെ ബലപ്പെട്ടുവെന്നു കോൺഗ്രസും യുഡിഎഫും കരുതുന്നു.

ഈ തെരഞ്ഞെടുപ്പിൽ രാഹുൽ ഗാന്ധിയെ ഏറ്റവുമധികം ആക്രമിക്കുകയും ഇന്ത്യാസഖ്യത്തിന്റെ പ്രധാനമന്ത്രി സ്ഥാനാർത്ഥിയല്ലെന്നു പരസ്യമായി പ്രഖ്യാപിക്കുകയും ചെയ്തതു കേരളത്തിലെ സിപിഎം നേതൃത്വമാണ്. എന്നാൽ, തെരഞ്ഞെടുപ്പു ഫലം പുറത്തുവന്നശേഷം രാഹുലിനെ ഇന്ത്യാസഖ്യത്തിന്റെ പ്രധാന മുഖമായി അവതരിപ്പിക്കാൻ പാർട്ടി മുഖപത്രം നിർബന്ധിതരായി.

# 40 വർഷത്തിനുശേഷം അലഹബാദിൽ കോൺഗ്രസ് വിജയം

അലഹബാദ്: യുപിയിൽ ബിജെപിയുടെ ശക്തിദുർഗമായ അലഹബാദിൽ 40 വർഷത്തിനുശേഷം കോൺഗ്രസിന് വിജയം. ഉജ്വൽ രമൺ സിംഗ് ആണ് 58,795 വോട്ടിന്റെ ഭൂരിപക്ഷത്തിൽ ബിജെപിയിലെ നീരജ് ത്രിപാഠിയെ തറപറ്റിച്ചത്. സിറ്റിംഗ് എംപി റീത്ത ബഹുഗുണ ജോഷിയെ മാറ്റിയാണ് ത്രിപാഠിയെ ബിജെപി സ്ഥാനാർത്ഥിയാക്കിയത്.

1984-ൽ ബോളിവുഡ് സൂപ്പർസ്റ്റാർ അമിതാഭ് ബച്ചനാണ് അലഹബാദിൽ നിന്ന് അവസാനമായി ലോക്സഭയിലെത്തിയ കോൺഗ്രസുകാരൻ. ബച്ചൻ രാജിവെച്ചതിനെത്തുടർന്ന് 1988-ൽ നടന്ന ഉപതെരഞ്ഞെടുപ്പിൽ മുൻ പ്രധാനമന്ത്രി വി.പി. സിംഗ് ആണ് അലഹബാദിൽ വിജയിച്ചത്. സമുന്നത ബിജെപി നേതാവ് മുരളി മനോഹർ ജോഷി മൂന്നുതവണ അലഹബാദിൽ വിജയിച്ചു. ഇത്തവണ വിജയിച്ച ഉജ്വലിന്റെ



ഉജ്വൽ രമൺ സിംഗ്

പിതാവ് രേവതി രമൺ സിംഗ് 2004, 2009 തെരഞ്ഞെടുപ്പുകളിൽ ഇവിടെ വിജയിച്ചു. 2004-ൽ മുരളി മനോഹർ ജോഷിയെ ആണ് രമൺസിംഗ് പരാജയപ്പെടുത്തിയത്. സ്വാതന്ത്ര്യസമര സേനാനിയും ഉന്നത കോൺഗ്രസ് നേതാവുമായ പുരുഷോത്തം ദാസ് ഠാണ്ഡൻ, മുൻ പ്രധാനമന്ത്രിമാരായ ലാൽ ബഹാദൂർ ശാസ്ത്രി, വി.പി. സിംഗ്, എച്ച്. എൻ. ബഹുഗുണ തുടങ്ങിയ പ്രമുഖരും പ്രസ്റ്റീജ് മണ്ഡലമായ അലഹബാദിനെ പ്രതിനിധീകരിച്ചിട്ടുണ്ട്.

യുപിയിലെ സീതാപൂർ മണ്ഡലം 35 വർഷത്തിനു ശേഷമാണ് കോൺഗ്രസ് പിടിച്ചെടുക്കുന്നത്. രാകേഷ് റാത്തോഡ് ആണ് ബിജെപിയിലെ രാജേഷ് വർമയെ 89,641 വോട്ടിന് തോല്പിച്ചത്. 1989-ൽ രാജേന്ദ്രകുമാരി വാജ്പേയി വിജയിച്ചശേഷം ആദ്യമായാണ് സീതാപൂരിൽ നിന്ന് കോൺഗ്രസ് സ്ഥാനാർത്ഥി ലോക്സഭയിലെത്തുന്നത്. 30 ശതമാനത്തിലേറെ ദളിത് വോട്ടുള്ള സീതാപൂർ അമേഠിയുടെയും റായ്ബറേലിയുടെയും സമീപമുള്ള മണ്ഡലമാണ്.

# ജപ്തി നടപടികളിൽ നിയമഭേദഗതിക്ക് അനുമതി

തിരുവനന്തപുരം: ജപ്തി ചെയ്യുന്ന ഭൂമി ലേലത്തിലെടുക്കാൻ ആരും തയ്യാറായില്ലെങ്കിൽ സർക്കാരിന് ഒരു രൂപക്ക് ഏറ്റെടുക്കാമെന്നതടക്കമുള്ള പരിഷ്കരണങ്ങൾ നടപ്പാക്കുന്നതിന് 1968-ലെ കേരള റവന്യൂ റിക്കവറി നിയമം ഭേദഗതി ചെയ്യാൻ മന്ത്രിസഭായോഗം അനുമതി നല്കി.

വരുന്ന നിയമസഭാ സമ്മേളനത്തിൽ ബിൽ പാസാക്കും. നികുതി കുടിശികയുടെ പലിശ ഈടാക്കുന്നത് കുറയ്ക്കുക, ജപ്തി വസ്തുവിന്റെ വില്പന വിവരങ്ങൾ ഓൺലൈനായി പ്രസിദ്ധീകരിക്കുക, റവന്യൂ റിക്കവറിയിൽ തവണകൾ അനുവദിക്കാൻ സർക്കാരിന് അനുമതി നല്കുക തുടങ്ങിയവയാണ് പ്രധാന ഭേദഗതികൾ.

ലേലത്തിലെടുക്കാൻ ആളില്ലാതെ വന്നാൽ 5 വർഷത്തിനകം കുടിശിക അടച്ച് വസ്തു സ്വന്തമാക്കാൻ ഉടമയ്ക്ക് അവസരമുണ്ടാകും. ഈ കാലയളവിനു ശേഷമാകും പൂർണമായി സർക്കാർ ഏറ്റെടുക്കുക. കടബാദ്ധ്യത സർക്കാരിനോടാണെങ്കിൽ ഏറ്റെടുക്കുന്നതിൽ സർക്കാരിനു തീരുമാനമെടുക്കാം. മറ്റു സ്ഥാപനങ്ങൾക്കു വേണ്ടി സർക്കാർ റവന്യൂ റിക്കവറി നടപടി നടത്തുന്ന വസ്തുക്കളുടെ കാര്യത്തിൽ അവരുടെ അനുമതിയോടെയും സർക്കാരിന് തീരുമാനമെടുക്കാം.

വസ്തുക്കൾ ജപ്തി ചെയ്യുമ്പോൾ, ഉടമയും അദ്ദേഹത്തിന് ബാധ്യതയുള്ള സ്ഥാപനവും തമ്മിലുള്ള കരാറിൽ നിശ്ചയിച്ചതിനേക്കാൾ കൂടിയ പലിശ ഈടാക്കാൻ പാടില്ല. കരാറിൽ ഈ വ്യവസ്ഥ ഇല്ലെങ്കിൽ ഈടാക്കാവുന്ന പലിശയുടെ പരിധി 9 ശതമാനമായി പരിമിതപ്പെടുത്തും. നിലവിൽ 18 ശതമാനം വരെ പലിശ ഈടാക്കുന്നുണ്ട്.

റവന്യൂ റിക്കവറി കേസുകളിൽ സ്റ്റേ നല്കാനും ഗഡുക്കൾ അനുവദിക്കാനും സർക്കാരിന് അധികാരം നല്കുന്ന വ്യവസ്ഥ പുനഃസ്ഥാപിക്കുന്ന ഭേദഗതിയും കൊണ്ടുവരും.


25,000 രൂപ മുതൽ 10 ലക്ഷം രൂപയ്ക്കു മുകളിൽവരെയുള്ള കേസുകളിൽ ഗഡുക്കൾ അനുവദിക്കാൻ തഹസിൽദാർ, കളക്ടർ, റവന്യൂമന്ത്രി, ധനമന്ത്രി, മുഖ്യമന്ത്രി എന്നിവർക്ക് അധികാരം നല്കും.

ചെറിയ തുകയ്ക്കുള്ള വായ്പയ്ക്ക് മുഴുവൻ ഭൂമിയും ജപ്തി ചെയ്യുന്നത് ഒഴിവാക്കും. തുകയ്ക്ക് ആനുപാതികമായി ഭൂമിയുടെ ഒരു പങ്ക് മാത്രം ജപ്തി ചെയ്യും. ജപ്തി ചെയ്യാൻ തീരുമാനിച്ച ഭൂമി അവകാശിക്ക് മറ്റൊരാളുമായി വാങ്ങൽ കരാറിൽ ഏർപ്പെട്ടശേഷം പണം വാങ്ങി കുടിശിക തീർക്കാനും സൗകര്യം വരും.

# പോരായ്മകൾ തിരുത്തും: മുഖ്യമന്ത്രി

തിരുവനന്തപുരം: ജനവിധി അംഗീകരിച്ചും ആഴത്തിൽ പരിശോധിച്ചും തിരുത്തൽ വരുത്തിയും സർക്കാർ കൂടുതൽ മികവോടെ പ്രവർത്തിക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പ്രതികരിച്ചു. പോരായ്മകൾ കണ്ടെത്തി പരിഹരിക്കും. കേരളത്തിൽ എൽഡിഎഫിന് പ്രതീക്ഷിച്ച വിജയം നേടാനായില്ല. 2019-ലേതിന് ഏറെക്കുറെ സമാനമായ ഫലങ്ങളാണുണ്ടായത്. സർക്കാരിനെതിരായ സംഘടിത പ്രചാരണങ്ങളെ പ്രതിരോധിക്കാനും ജനങ്ങളുടെ തെറ്റിദ്ധാരണ നീക്കാനും ശ്രമം ശക്തമാക്കുമെന്നും പറഞ്ഞു.

തൃശൂരിൽ ബിജെപി നേടിയ വിജയം ഗൗരവത്തോടെയാണ് കാണുന്നത്. അത് വിമർശനാത്മകമായി വിലയിരുത്തണം. മതനിരപേക്ഷതയും പുരോഗതിയും മുൻനിർത്തി ജനകീയപങ്കാളിത്തത്തോടെ മുന്നേറാനുള്ള സമഗ്ര നടപടി സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകും. ജനാധിപത്യവും ഭരണഘടനാ മൂല്യങ്ങളും അട്ടിമറിക്കാനുള്ള ബിജെപിയുടെ ശ്രമങ്ങൾക്കേറ്റ കനത്ത തിരിച്ചടിയാണ് ലോക്സഭാ തെരഞ്ഞെടുപ്പ് ഫലമെന്നും മാധ്യമങ്ങളുടെയും ഭരണസംവിധാനങ്ങളുടെയും കേന്ദ്ര ഏജൻസികളുടെയും പണക്കൊഴുപ്പിന്റെയും പിന്തുണയോടെ ബിജെപി നടത്തിയ പ്രചാരണം ജനം തള്ളിയെന്നുമാണ് മുഖ്യമന്ത്രി സാമൂഹിക മാധ്യമങ്ങളിലൂടെ പ്രതികരിച്ചത്.








# തൊടുപുഴ ഇനി രാജകീയം

മധ്യകേരളത്തിലെ ഏറ്റവും വലിയ ബ്രൈഡൽ ഡെസ്റ്റിനേഷനാണ് മഹാറാണി വെഡ്ഡിംഗ് കളക്ഷൻസ് തൊടുപുഴ. ഏഴ് വർഷങ്ങൾക്ക് മുൻപാണ് ജനസ്വീകാര്യതയുടെ മുഖമായി തൊടുപുഴയിൽ മഹാറാണി എന്ന വിസ്മയം രൂപം കൊണ്ടത്.

## ഒരു ചെറുപ്പക്കാരന്റെ നിശ്ചയദാർഢ്യത്തിന്റെ ചരിത്രം.

വിജയിക്കണമെന്ന വാശിയും, വിപുലമായ ബിസിനസുകൾ കെട്ടിപ്പടുക്കാമെന്ന ആത്മവിശ്വാസവും കൈമുതലാക്കിയാണ് റിയാസ് വി. എ. ചെറുപ്പത്തിൽ തന്നെ സ്വന്തം നാട്ടിൽ ചെറിയ സംരംഭങ്ങൾക്ക് തുടക്കമിടുന്നത്. തനിയെ തുടങ്ങിയ ബിസിനസുകളിലേയ്ക്ക് കൂടുതൽ സഹയാത്രികരും, നല്ലവരായ നാട്ടുകാരും, അഭ്യുദയകാംക്ഷികളും ഒപ്പം നിന്നു. പതിറ്റാണ്ടുകൾ പിന്നിടുമ്പോൾ ഇരുപതിലധികം, അറ്റ്ലസ് ഔട്ട്ലെറ്റുകൾ, മഹാറാണി മെഗാമാർട്ട്, മഹാറാണി വെഡ്ഡിംഗ് കളക്ഷൻസ് തുടങ്ങി തൊടുപുഴയുടെ ഹൃദയം കീഴടക്കിയ നിരവധി സംരംഭങ്ങൾക്ക് അദ്ദേഹം തുടക്കമിട്ടു.

## സാധാരണക്കാരന്റെ മഹാറാണി

വിലയിലും, മൂല്യത്തിലും വിശ്വസിക്കുന്ന സാധാരണക്കാരന്റെ ജീവിതം തൊട്ടറിഞ്ഞ കാലം മുതൽ തന്നെ, അവരുടെ ചിന്തകൾക്കനുസരിച്ച്, സാധ്യമായ വിലക്കുറവിൽത്തന്നെ ബിസിനസ് നിലനിർത്തുക എന്നതാണ് അറ്റ്ലസ്-മഹാറാണി ഗ്രൂപ്പിന്റെ ആത്യന്തികമായ ലക്ഷ്യം. നിരവധി ജീവകാരുണ്യ പ്രവർത്തനങ്ങളിലൂടെ, സാധ്യമായ രീതിയിൽ സമൂഹത്തിന് സഹായമെത്തിക്കുക എന്നത് ഈ ചിന്തയിൽ നിന്ന് ഉരുത്തിരിഞ്ഞതാണ്.

## പുതിയ മഹാറാണി. തൊടുപുഴ ഇനി രാജകീയം

ഏഴ് വർഷങ്ങൾകൊണ്ട് കൈവരിച്ച, മഹാറാണി വെഡ്ഡിംഗ് കളക്ഷൻസിന്റെ ജനസ്വീകാര്യതയും 'ശരിയായ വില - അതിനൊത്ത മൂല്യം' എന്ന ആശയവും തൊടുപുഴ ഏറ്റെടുത്തതോടെ ആണ് പുതിയ വലിയ മഹാറാണി എന്ന ആശയം പിറവിയെടുക്കുന്നത്. വെഡ്ഡിംഗ് പർച്ചേസ് ദൂരെ സ്ഥലങ്ങളിൽ മാത്രം പോയി ചെയ്തിരുന്ന നാട്ടുകാർക്ക് വലിയ വില നൽകാതെ തന്നെ ഇന്ത്യയുടെ നാനാഭാഗത്തുനിന്നുള്ള മികവുറ്റ ബ്രൈഡൽ കളക്ഷൻസ് തൊടുപുഴയിൽ എത്തിക്കുക എന്നതായിരുന്നു ലക്ഷ്യം.

തൊടുപുഴയുടെ ഹൃദയസ്പന്ദനങ്ങൾ അറിഞ്ഞ് സമാനതകളില്ലാത്ത പുതുമകളും ഇതുവരെ കാണാത്ത മികവുംകൊണ്ട് ഉപഭോക്തൃ മനസ്സുകളിൽ മഹാറാണി വെഡ്ഡിംഗ് കളക്ഷൻസ്, വലിയ ജനസ്വീകാര്യതയോടെ ഉദ്ഘാടനം ചെയ്യപ്പെട്ടു. തൊടുപുഴ മുൻപെങ്ങും കാണാത്തത്ര ജനസാഗരത്തെ സാക്ഷിനിർത്തി പ്രശസ്ത തെന്നിന്ത്യൻ ചലച്ചിത്ര താരം സമാന്ത റൂത്ത് പ്രഭുവാണ് നാടിന് സമർപ്പിച്ചത്. ഇന്ത്യയുടെ നാനാഭാഗത്തുനിന്നുമുള്ള മില്ലുകളിൽ നിന്നും, മാറുന്ന ട്രെൻഡുകൾ ഏറെ പുതുമയോടെ തന്നെ തൊടുപുഴ മഹാറാണിയിലും എത്തിക്കുന്നു. ഗുണനിലവാരത്തിലും, വിലനിലവാരത്തിലും കടുകിട വീഴ്ച വരുത്താതെ തികഞ്ഞ ദൃഢനിശ്ചയത്തോടെ പ്രാപ്യമായ വിലയിൽ തൊടുപുഴയിൽ അവതരിപ്പിക്കുകയാണ് മഹാറാണി. എന്നും നല്ലതുമാത്രം നൽകിയ മഹാറാണി പുതിയ ഷോറൂമിൽ കൂടുതൽ മാറ്റങ്ങളാണ് ഒരുക്കിയിരിക്കുന്നത്. മികവുറ്റ ഷോപ്പിംഗ് അനുഭവവും, കൂടുതൽ വലിപ്പവും, ഊഷ്മളമായ സേവനങ്ങളും, കൂടുതൽ കളക്ഷനുകളും ഓരോരുത്തരെയും സംതൃപ്തരാക്കുമെന്നതിൽ സംശയമില്ല.

## ബ്രൈഡൽ സെക്ഷൻ:

വിവാഹ വസ്ത്ര ശ്രേണിയുടെ വിപുലമായ ശേഖരമാണ് മഹാറാണിയിൽ ഒരുക്കിയിരിക്കുന്നത്. കാഞ്ചീപുരം, ബനാറസ്, കൽക്കട്ട തുടങ്ങി ഇന്ത്യയുടെ വൈവിദ്ധ്യങ്ങൾ മഹാറാണിയിൽ ഒരുക്കിയിരിക്കുന്നു. ഏത് വിലയിലും, നിറങ്ങളിലുമുള്ള മികവുറ്റതെല്ലാം മഹാറാണിയിൽ ഉണ്ട്.



റിയാസ് വി. എ

## അതിവിപുല വിഭാഗങ്ങൾ

മെൻസ് വെഡ്ഡിംഗിന് മാത്രമായി പ്രത്യേകം വിഭാഗം. കൂടാതെ കേരളീയ തനിമയുള്ള മെൻസ് വസ്ത്രങ്ങളുടെ സെക്ഷൻ മുഹൂർത്തം. വിപുലമായ ലൗഞ്ച്, ട്രൈയൽ മേക്കപ്പിനായി ബ്രൈഡൽ മേക്കപ്പ് സ്റ്റുഡിയോ, മേക്കപ്പ് ആർട്ടിസ്റ്റുമാർ, ബ്രൈഡൽ കൺസൾറ്റന്റുമാർ, ഫാഷൻ ഡിസൈനേഴ്സ് തുടങ്ങി സേവനനിരതരായ ഒരു കൂട്ടം സ്റ്റാഫുകളാണ് മഹാറാണിയിൽ.

വിവാഹ വസ്ത്രങ്ങൾക്കനുസരിച്ച് മികവുറ്റ ഫാൻസി ആഭരണങ്ങൾ, ഫൂട്ട് വെയർ കളക്ഷൻസ് എന്നിവയും മഹാറാണിയിലുണ്ട്. കൂടാതെ ട്രോളി & ബാഗുകളുടെ വിപുലമായ കലക്ഷനുകളും. അക്ഷരാർത്ഥത്തിൽ മൂന്നുനിലകളിലായി രാജകീയ പ്രൗഢിയോടെ, മറ്റേതൊരു നഗരത്തിലെയും സൗകര്യങ്ങൾ മഹാറാണിയിലും ഒരുക്കിയിരിക്കുന്നു. ഒപ്പം ശരിയായ വിലയും ഉപഭോക്താക്കളുടെ മനം കവരും.

## പ്രവാസികൾക്ക് പ്രത്യേകം ഓഫറുകൾ

പ്രവാസികൾക്ക്, നാട്ടിലെ ബന്ധുക്കൾക്ക് സമ്മാനങ്ങൾ നൽകാനായി മഹാറാണി പ്രത്യേകം വാട്ട്സാപ് കസ്റ്റമർ കെയർ സേവനങ്ങൾ നൽകുന്നു. കൂടുതൽ വിവരങ്ങൾക്ക് വാട്ട്സാപ് ചെയ്യൂ.

**Exclusive NRI Customer Care**
**Whatsapp: +91 97459 44419**




**മധ്യകേരളത്തിലെ ഏറ്റവും വലിയ ബ്രൈഡൽ വസ്ത്രശ്രേണി, മഹാറാണി വെഡ്ഡിംഗ് കളക്ഷൻസ് പ്രശസ്ത തെന്നിന്ത്യൻ ചലച്ചിത്രതാരം സമാന്ത റൂത്ത് പ്രഭു, ഉദ്ഘാടനം ചെയ്യുന്നു. ഒപ്പം ചെയർമാൻ & മാനേജിംഗ് ഡയറക്ടർ റിയാസ് വി. എ**




65,000 സ്ക്വയർ ഫീറ്റിൽ തൊടുപുഴയിലെ ഏറ്റവും വലിയ വസ്ത്രവിസ്മയം.

# ദക്ഷിണാഫ്രിക്കൻ പ്രവിശ്യാ നിയമസഭയിൽ മലയാളി അനിൽകുമാർ വീണ്ടും

കൊൽക്കത്ത: ദക്ഷിണാഫ്രിക്കയിൽ നടന്ന ദേശീയ തെരഞ്ഞെടുപ്പിൽ ഈസ്റ്റേൺ കേപ് പ്രവിശ്യയുടെ നിയമനിർമാണ സഭയിലേക്ക് തുടർച്ചയായ രണ്ടാംതവണയും മലയാളി തെരഞ്ഞെടുക്കപ്പെട്ടു. തിരുവല്ല മന്നംകരച്ചിറ സ്വദേശി അനിൽകുമാർ കേശവപിള്ളയാണ് നേട്ടത്തിന് അർഹനായത്. ഇന്ത്യൻ സംസ്ഥാനങ്ങൾക്ക് തുല്യമാണ് ദക്ഷിണാഫ്രിക്കയിലെ പ്രവിശ്യകൾ. ആഫ്രിക്കൻ നാഷണൽ കോൺഗ്രസ് സ്ഥാനാർത്ഥിയായാണ് അനിൽകുമാർ ഈസ്റ്റേൺ കേപ് പ്രവിശ്യയിലെ മെമ്പർ ഓഫ് പ്രൊവിൻഷ്യൽ ലെജിസ്ലേച്ചറായി (എംപിഎൽ) തെരഞ്ഞെടുക്കപ്പെട്ടത്.

അഞ്ചു വർഷമാണ് കാലാവധി. ദേശീയ അസംബ്ലി തെരഞ്ഞെടുപ്പിൽ തിരിച്ചടിയേറ്റെങ്കിലും ഈസ്റ്റേൺ കേപ് പ്രവിശ്യയിൽ 63 ശതമാനം വോട്ടോടെ ആഫ്രിക്കൻ നാഷണൽ കോൺഗ്രസ് ഭരണം നിലനിർത്തി. നെൽസൺ മണ്ടേല അടക്കമുള്ള നേതാക്കളുടെ ജന്മസ്ഥലവും പ്രധാന പ്രവർത്തനകേന്ദ്രവുമാണ് ഈസ്റ്റേൺ കേപ്.

72 അംഗങ്ങളുള്ള പ്രവിശ്യാ നിയമസഭയിലെ 24-ാം സ്ഥാനക്കാരനായാണ് അനിൽകുമാർ തെരഞ്ഞെടുക്കപ്പെട്ടത്. 2019-ലും അദ്ദേഹം ഇതേ നിയമസഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടിരുന്നു. അന്ന് ആരോഗ്യം, നിയമസഭാ കാര്യം, പ്രീമിയർ (മുഖ്യമന്ത്രി) ഓഫീസ് എന്നീ വിഭാഗങ്ങളുടെ ചുമതലയുള്ള സ്റ്റാൻഡിങ് കമ്മിറ്റിയുടെ വിപ്പ് ആയിരുന്നു. ഈ പദവിയിലുള്ള മികച്ച പ്രവർത്തനമാണ് വീണ്ടും സ്ഥാനാർത്ഥിത്വം ലഭിക്കാൻ കാരണമായത്. ദക്ഷിണാഫ്രിക്കയിൽ അധ്യാപകനായി ഔദ്യോഗികജീവിതം ആരംഭിച്ച അനിൽകുമാർ 1990 മുതൽ ഈസ്റ്റേൺ കേപ് പ്രവിശ്യയിലെ രാഷ്ട്രീയത്തിൽ സജീവമായിരുന്നു. ആഫ്രിക്കൻ നാഷണൽ കോൺഗ്രസ്, സൗത്ത് ആഫ്രിക്കൻ കമ്യൂണിസ്റ്റ് പാർട്ടി, കോൺഗ്രസ് ഓഫ് സൗത്ത് ആഫ്രിക്കൻ ട്രേഡ് യൂണിയൻസ് എന്നീ സംഘടനകൾ ചേർന്നുള്ള ഭരണമുന്നണിയുടെ പ്രവർത്തകനായിരുന്ന അദ്ദേഹം ഈ മൂന്ന് സംഘടനകളുടെയും സംസ്ഥാനതല ചുമതല വഹിച്ചിട്ടുണ്ട്. ആഫ്രിക്കയിലെ ഏറ്റവും വലിയ അധ്യാപക സംഘടനയായ സൗത്ത് ആഫ്രിക്കൻ ഡെമോക്രാറ്റിക് ടീച്ചേഴ്സ് യൂണിയൻ ഭാരവാഹിയായും ഈസ്റ്റേൺ കേപ് എജുക്കേഷൻ ഡിപ്പാർട്ട്മെന്റ് ഡയറക്ടറായും പ്രവർത്തിച്ചിട്ടുണ്ട്.

പരേതനായ തിരുവല്ല മതിൽഭാഗം മാലിയിൽ കുടുംബാംഗം കേശവപിള്ളയുടെയും ഈശ്വരിയമ്മയുടെയും മകനാണ് അനിൽകുമാർ. ദക്ഷിണാഫ്രിക്കയിൽ അധ്യാപികയായ മിനി പിള്ളയാണ് ഭാര്യ. ഡോ. വിഷ്ണു പിള്ള, ഡോ. മീര പിള്ള എന്നിവർ മക്കളും ചിബിൻ, ഡോ. വൃന്ദ എന്നിവർ മരുമക്കളുമാണ്.

# ഇന്ത്യൻ ഫുട്ബോളർ സുനിൽ ഛേത്രി വിരമിച്ചു

കൊൽക്കത്ത: സോൾട്ട്ലേക്ക് സ്റ്റേഡിയത്തിനുമേൽ മൂടിനിന്ന വർഷമേഘങ്ങളെയും 'വന്ദേഭാരതം' ആലപിച്ചു വരവേറ്റ ആയിരക്കണക്കിനു കാണികളെയും സാക്ഷിനിർത്തി ഇന്ത്യൻ ഫുട്ബോളിലെ മഴവില്ലഴക് സുനിൽ ഛേത്രി രാജ്യാന്തര ഫുട്ബോളിൽനിന്നു ബൂട്ടഴിച്ചു. 19 വർഷം ഇന്ത്യയുടെ മുന്നേറ്റനിരയിൽ 'ഗോൾ ഗാരന്റി'യുടെ മറുവാക്കായി നിലയുറപ്പിച്ച ഛേത്രി നീലജഴ്സിയിലെ അവസാന മത്സരം പൂർത്തിയാക്കിയപ്പോൾ ഇന്ത്യൻ ഫുട്ബോളിന്റെ സുവർണ ഭൂമി വൈകാരികമായി യാത്ര പറഞ്ഞു.



കൊൽക്കത്ത സോൾട്ട്ലേക്ക് സ്റ്റേഡിയത്തിലെ മത്സരത്തിനുശേഷം കാണികളോട് വിടപറയുന്ന ഇന്ത്യൻ ഫുട്ബോൾ ക്യാപ്റ്റൻ സുനിൽ ഛേത്രി.

151–ാം രാജ്യാന്തര മത്സരത്തിൽ ഗോളും വിജയവും ഛേത്രിയെ തൊടാതെ മാറിനിന്നു. ലോകകപ്പ് യോഗ്യതാ റൗണ്ട് മത്സരത്തിൽ കുവൈത്തിനെതിരെ ഇന്ത്യ ഗോൾരഹിത സമനില വഴങ്ങി. രാജ്യാന്തര ഫുട്ബോളിൽനിന്നു വിടപറയുന്ന ഛേത്രിയുടെ സാന്നിധ്യം ഇനി ക്ലബ് ഫുട്ബോളിൽ മാത്രമാകും. ഐഎസ്എൽ ക്ലബ് ബെംഗളൂരു എഫ്സിയുടെ കളിക്കാരനാണ് ഛേത്രി.

ഫുട്ബോൾ, ലോകത്തെ ഒന്നിപ്പിക്കുമെന്ന ഫിഫയുടെ ബാനർ സ്റ്റേഡിയത്തിൽ തെളിഞ്ഞുനിന്നെങ്കിലും എല്ലാവരെയും ഒന്നിപ്പിച്ച ഘടകം ഛേത്രി എന്ന ഒറ്റപ്പേരായിരുന്നു. 'താങ്ക്സ് ക്യാപ്റ്റൻ, ലീഡർ, ലെജൻഡ്' എന്നെഴുതിയ കൂറ്റൻ ബാനർ ഛേത്രിയോടുള്ള ആദരവായി ഗാലറിയിലുണ്ടായിരുന്നു. ഛേത്രി കളിയിൽ ആദ്യമായി പന്തു തൊട്ടപ്പോഴും ഇടയ്ക്കിടെ ബോക്സിലേക്ക് മിന്നിക്കയറിയപ്പോഴുമെല്ലാം ഗോൾമോഹങ്ങളുടെ ആർപ്പുവിളികൾ ഉയർന്നു. കളിക്കുശേഷം തൊഴുകൈകളോടെ ഛേത്രി ഗ്രൗണ്ടിനെ വലംവെച്ചു. സഹകളിക്കാരെ ചേർത്തു പിടിച്ചു. ഛേത്രിയുടെ മാതാപിതാക്കളും ഭാര്യ സോനവും മകൻ ധ്രുവും അടുത്ത സുഹൃത്തുക്കളുമെല്ലാം സാക്ഷികളായി ഗാലറിയിലുണ്ടായിരുന്നു.

നിർണായകമായ ലോകകപ്പ് യോഗ്യതാ മത്സരത്തിൽ കുവൈത്തിനോട് ഗോൾരഹിത സമനില വഴങ്ങിയതോടെ ഇന്ത്യയുടെ മുന്നോട്ടുള്ള പ്രയാണം തുലാസിലായി. ജയിച്ചിരുന്നെങ്കിൽ ഗ്രൂപ്പ് എയിൽനിന്ന് ലോകകപ്പ് യോഗ്യതയുടെ മൂന്നാം റൗണ്ട് ഏറെക്കുറെ ഉറപ്പിക്കാമായിരുന്നു. അടുത്ത മത്സരത്തിൽ കരുത്തരായ ഖത്തറിനെതിരെ വിജയം നേടിയാൽ മാത്രമേ ഇനി ഇന്ത്യയ്ക്കു മുന്നോട്ടുള്ള വഴി തെളിയൂ.

## ഡൽഹിയിൽ കേരളഭവൻ വരുന്നു

തിരുവനന്തപുരം: ഇന്ത്യാ തലസ്ഥാനത്ത് കേരളം നക്ഷത്രഹോട്ടലുകളുടെ മാതൃകയിൽ മികച്ച സൗകര്യങ്ങളോടെ കെട്ടിടം പണിയുന്നു. ഏകദേശം 300 കോടി ചെലവിൽ, പൂർണമായും പൈതൃകനിലവാരത്തിലാകും നിർമാണം. ന്യൂഡൽഹിയിൽ നാലേക്കറിലധികം വരുന്ന കപൂർത്തല പ്ലോട്ടിലാണ് കേരളഭവന്റെ നിർമാണം. മൂന്ന് വിവിഐപി സ്യൂട്ട് മുറികൾ, 20 പ്രീമിയം സ്യൂട്ട് മുറികൾ, 180 സാധാരണ മുറികൾ, 12 കിടക്കകളുടെ നാലുവീതം ഡോർമെറ്ററികൾ, ഭിന്നശേഷിക്കാർക്കായി രണ്ടു മുറികൾ എന്നിവയുണ്ടാകും. 200 പേർക്കിരിക്കാവുന്ന ഓഡിറ്റോറിയം, തിയേറ്റർ മാതൃകയിൽ 150 പേർക്കിരിക്കാവുന്ന കോൺഫറൻസ് ഹാൾ, 150 സീറ്റുള്ള ഭക്ഷണമുറി, 30 സീറ്റിന്റെ വിഐപി ഭക്ഷണമുറി എന്നിവയുമുണ്ടാകും. വിശദപദ്ധതി റിപ്പോർട്ട് തയ്യാറാക്കാൻ നാഷണൽ ബിൽഡിങ് കൺസ്ട്രക്ഷൻ കോർപ്പറേഷനെ ഏൽപ്പിച്ചു. എല്ലാ സർക്കാർവകുപ്പുകൾക്കും ഇവിടെ ഓഫീസുണ്ടാകും. റെസിഡന്റ് കമ്മീഷണറുടെ ഓഫീസും ഇവിടേക്ക് മാറ്റും. 70 സീറ്റുള്ള റസ്റ്ററന്റ്, ജിം, യോഗ, വായനമുറികൾ, ലഗേജ് സൂക്ഷിക്കുന്ന സ്ഥലം, സലൂൺ, നാല് ബിസിനസ് ലോഞ്ചുകൾ എന്നിവയൊരുക്കും. ഇനി പ്രധാനമന്ത്രിയുടെ ഓഫീസ്, സെൻട്രൽ വിസ്ത കമ്മിറ്റി, എയർപോർട്ട് അതോറിറ്റി ഓഫീസ് അടക്കം 11 ഓഫീസുകളുടെ അനുമതി ലഭിക്കണം. ഡൽഹിയിൽ കേരളഹൗസ്, ട്രാവൻകൂർ ഹൗസ്, കേരള സ്കൂളിലിരിക്കുന്ന സ്ഥലം, കപൂർത്തല പ്ലോട്ട് എന്നിവയാണ് കേരളസർക്കാരിന്റെ ഉടമസ്ഥതയിലുള്ളത്. കേരളസർക്കാരിനുമാത്രമാണ് ഡൽഹിയിൽ സ്വന്തം ഭൂമിയുള്ളത്.

## കോടികളുടെ ഫണ്ട് വെട്ടിപ്പ്: കർണാടക മന്ത്രി രാജിവെച്ചു

ബെംഗളൂരു: അധികാരമേറ്റ് ഒരു വർഷം പിന്നിട്ട സിദ്ധരാമയ്യ സർക്കാരിൽനിന്ന് അഴിമതി ആരോപണത്തെ തുടർന്ന് കർണാടക യുവജനക്ഷേമ, പട്ടികവർഗ വികസന മന്ത്രി ബി. നാഗേന്ദ്ര രാജിവെച്ചു. പട്ടിക വർഗ വികസന കോർപറേഷനിലെ 187 കോടി രൂപയുടെ ഫണ്ട് തിരിമറി നടത്തിയെന്ന ആരോപണമാണു മന്ത്രിക്കു കുരുക്കായത്. കർണാടക പോലീസ് അന്വേഷിക്കുന്ന കേസ് സിബിഐ ഏറ്റെടുത്തതിനു പിന്നാലെയാണ് മന്ത്രിയുടെ രാജി. സർക്കാരിന് കളങ്കം വരുത്താതിരിക്കാനാണ് സ്വമേധയാ രാജിവെക്കുന്നതെന്ന് മന്ത്രി പറഞ്ഞു. നാല് തവണ എംഎൽഎയായ നാഗേന്ദ്ര ബിജെപിയിൽനിന്നാണ് കോൺഗ്രസിൽ എത്തിയത്. കോർപറേഷൻ അക്കൗണ്ട്സ് സൂപ്രണ്ട് പി. ചന്ദ്രശേഖർ കഴിഞ്ഞമാസം ജീവനൊടുക്കിയതോടെയാണ് ക്രമക്കേട് പുറത്തുവന്നത്. യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യയുടെ ബെംഗളൂരു എംജി റോഡ് ശാഖയിലെ അക്കൗണ്ടിലുണ്ടായിരുന്ന 187 കോടി രൂപയിൽ തിരിമറി നടന്നെന്ന് ചന്ദ്രശേഖർ ആത്മഹത്യാക്കുറിപ്പിൽ ആരോപിച്ചിരുന്നു. 88.6 കോടി രൂപ ഐടി കമ്പനികളുടെ അക്കൗണ്ടുകളിലേക്കും ഹൈദരാബാദ് ആസ്ഥാനമായുള്ള സഹകരണബാങ്കിലേക്കുമാണ് കൈമാറിയത്. മന്ത്രിയുടെ നിർദേശപ്രകാരം കോർപറേഷൻ എംഡി ജെ. ജി. പത്മനാഭ, അക്കൗണ്ടന്റ് പരശുറാം ദുരുഗണ്ണവരും ചേർന്നാണ് ക്രമക്കേട് നടത്തിയതെന്നും വ്യക്തമാക്കിയിരുന്നു. തുടർന്ന് എംഡി. അക്കൗണ്ടന്റ്, ഹൈദരാബാദ് ആസ്ഥാനമായുള്ള സഹകരണ ബാങ്ക് ചെയർമാൻ എന്നിവരെ അറസ്റ്റ് ചെയ്തിരുന്നു.

# ഓഹരി വിപണിയിലെ തകർച്ച: പ്രധാനമന്ത്രിക്കും ആഭ്യന്തരമന്ത്രിക്കുമെതിരെ അന്വേഷണം വേണം: രാഹുൽ

ന്യൂഡൽഹി: ഓഹരി വിപണിയിലെ തകർച്ചയുടെ പേരിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി, ആഭ്യന്തര മന്ത്രി അമിത് ഷാ എന്നിവർക്കെതിരെ അന്വേഷണം വേണമെന്നു കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധി. എക്സിറ്റ് പോൾ ഫലം പുറത്തുവന്നതിനു പിന്നാലെ ഓഹരി വിപണിയിൽ വൻ കുതിപ്പുണ്ടായി. ഫലം പുറത്തുവന്നതിനെ തുടർന്നു വിപണിയിൽ തിരിച്ചടിയും സംഭവിച്ചു.

ആയിരക്കണക്കിന് കോടിയുടെ അഴിമതിയാണ് നടന്നിട്ടുള്ളത്. എക്സിറ്റ് പോളുകൾ യഥാർഥത്തിൽ നടന്നിട്ടുണ്ടോ എന്ന കാര്യത്തിലും അന്വേഷണം വേണം. ഉണ്ടെങ്കിൽ അതിന്റെ പ്രവർത്തനരീതി എങ്ങനെയെന്നും വ്യക്തമാക്കണം. തെരഞ്ഞെടുപ്പ് ഫലം വരുമ്പോൾ ബിജെപിക്ക് 400 അല്ല 300 സീറ്റ് പോലും ലഭിക്കാൻ പോകുന്നില്ലെന്ന് മോദിക്ക് അറിയുമായിരുന്നു. ഇതിൽ ഉൾപ്പെട്ടിട്ടുള്ള നിക്ഷേപകർ ആരൊക്കെയാണെന്ന് ഊഹമുണ്ട്. എന്നാൽ അന്വേഷണം നടത്തി അത് തെളിയിക്കണമെന്നും രാഹുൽ പറഞ്ഞു.

പ്രധാനമന്ത്രിയും ആഭ്യന്തര മന്ത്രിയും ഓഹരിവിപണിയിൽ നിക്ഷേപം നടത്താൻ പ്രേരിപ്പിച്ചതിനെ തുടർന്നാണ് 31–ന് ഓഹരി വിപണിയിൽ വൻനിക്ഷേപമുണ്ടായത്. ആരോപണവിധേയരായ കമ്പനിക്ക് കീഴിലുള്ള ചാനലിന് നിരന്തരമായി അഭിമുഖം നൽകിയത് എന്തിനാണെന്നു വ്യക്തമാക്കണം. വിദേശനിക്ഷേപമുണ്ടാകുമെന്ന് അവർക്ക് നേരത്തെ അറിവുണ്ടായിരുന്നു.

ജൂൺ മൂന്നു മുതൽ നാലാം തീയതി വൈകിട്ടുവരെ ഓഹരിവിപണിയിൽ ഈ കുതിപ്പ് നിലനിന്നു. എന്നാൽ തെരഞ്ഞെടുപ്പു ഫലം പുറത്തുവന്നതിനു തൊട്ടുപിന്നാലെ വിപണി ഇടിയുകയായിരുന്നു. അവിടെ ചെറുകിട കച്ചവടക്കാർക്കു കോടികൾ നഷ്ടം വന്നു. ഇതിൽ അഴിമതിയുണ്ടെന്ന് വ്യക്തമാണെന്നാണ് രാഹുലിന്റെ നിലപാട്.

ജൂൺ നാലിന് ബിജെപി റെക്കോഡ് സീറ്റുകൾ നേടുമ്പോൾ ഓഹരി വിപണിയിൽ വൻ കുതിപ്പുണ്ടാകുമെന്ന് മോദി മെയ് 23–ന് പറഞ്ഞിരുന്നു. എന്തു സംഭവിക്കും എന്നതിനെക്കുറിച്ച് പ്രധാനമന്ത്രിക്ക് കൃത്യമായ ധാരണയുണ്ടായിരുന്നു. എക്സിറ്റ് പോൾ ഫലങ്ങൾ തെറ്റാണെന്ന് പ്രധാനമന്ത്രിക്ക് അറിയാമായിരുന്നു – രാഹുൽ പറഞ്ഞു.

റീട്ടെയിൽ നിക്ഷേപകർക്ക് 30 ലക്ഷം കോടി രൂപയുടെ നഷ്ടമുണ്ടായെന്നും അത് ഏറ്റവും വലിയ ഓഹരി വിപണിയിലെ അഴിമതിയാണെന്നും രാഹുൽ ഗാന്ധി പറഞ്ഞു.







# JOYALUKKAS CELEBRATES THE GRAND OPENING OF THE NEW SHOWROOM IN ATLANTA WITH UNBEATABLE OFFERS!



**The globally renowned jewelry brand inaugurated its new showroom in Atlanta, USA on June 2nd, 2024. The event was graced by esteemed guests including Mr. Ramesh Babu Lakshmanan, Consulate General of India in Atlanta, Ms. Laura Semanson, Commissioner of Forsyth County, and Mr. Napoleon Duraisamy, actor and celebrity guest, alongside Mr. Joy Alukkas, Chairman of Joyalukkas Group - marking a significant milestone in the brand's expansion in the USA**

Atlanta, USA–June, 2024: Joyalukkas, the globally renowned jewelry brand, marked a significant milestone with the grand inauguration of the new Joyalukkas outlet in Atlanta, USA on June 2nd, 2024. The event was inaugurated in a ribbon-cutting ceremony, officiated by Mr. Ramesh BabuLakshmanan, Consulate General of India in Atlanta, as the Chief Guest, alongside Ms. Laura Semanson, Commissioner of Forsyth County, and Mr. Napoleon Duraisamy, renowned actor and celebrity guest. Their presence alongside Mr. Joy Alukkas, Chairman of Joyalukkas Group, highlighted the significance of this new venture in expanding the brand's footprint in the USA.

Speaking about the new showroom launch, Mr. Joy Alukkas, Chairman of Joyalukkas Group, stated "We are excited to open our new showroom in Atlanta, a city full of vibrancy and excitement. This marks a significant step in our journey to bring the Joyalukkas experience closer to our valued customers in the USA. Our dedication to offering the finest quality jewelry and outstanding customer service is stronger than ever. We have some amazing promotions lined up, and I am confident that they will enhance your jewelry shopping experience and bring you great joy."

As a mark of celebration, Joyalukkas has announced exclusive promotion offers. Customers can indulge in exquisite jewelry selections and make the most of the exceptional offers. On purchasing gold jewelry worth USD 1,000 they will receive a complimentary 0.2 gm gold coin. And, those who spend USD 2,000 or more on diamond, polki, and pearl jewelry will be gifted a 1-gram gold coin. This exclusive offer is valid only in the USA until 9th June 2024, making it an irresistible opportunity for jewelry lovers.

The new Joyalukkas showroom in Atlanta exemplifies the brand's dedication to excellence and underscores its position as a global leader in the jewelry industry. With millions of designs and curated collections, Joyalukkas continues to set the standard for luxury and innovation in the jewelry market.

The grand opening offers are valid for a limited time only, providing an excellent opportunity for customers to indulge in exquisite jewelry at unbeatable prices. Visit Joyalukkas in Atlanta, USA, and experience a jewelry shopping experience like no other.

# ലോക്സഭയിൽ കേരളത്തിൽനിന്ന് വനിതാ പ്രാതിനിധ്യമില്ല

കൊച്ചി: പതിനെട്ടാം ലോക്സഭയിലേക്ക് ഇത്തവണ കേരളത്തിൽനിന്ന് വനിതാ പ്രാതിനിധ്യമില്ല. ആകെയുള്ള 20 മണ്ഡലങ്ങളിലും വിജയിച്ചത് പുരുഷ സ്ഥാനാർത്ഥികളാണ്. 11 വനിതാ സ്ഥാനാർത്ഥികൾ മത്സരരംഗത്ത് ഉണ്ടായിരുന്നെങ്കിലും ആർക്കും ജയിക്കാനായില്ല.

മുന്നണിസ്ഥാനാർത്ഥികളായി കെ.കെ. ശൈലജ (വടകര, സിപിഎം), കെ.കെ. ഷൈൻ (എറണാകുളം, സിപിഎം), ആനി രാജ (വയനാട്, സിപിഐ), രമ്യ ഹരിദാസ് (ആലത്തൂർ, കോൺഗ്രസ്), ശോഭാ സുരേന്ദ്രൻ (ആലപ്പുഴ, ബിജെപി), നിവേദിത സുബ്രഹ്മണ്യൻ (പൊന്നാനി, ബിജെപി), ടി.എൻ. സരസു (ആലത്തൂർ, ബിജെപി), എം.എൽ. അശ്വിനി (കാസർഗോഡ്, ബിജെപി), സംഗീത വിശ്വനാഥൻ (ഇടുക്കി, ബിഡിജെഎസ്) എന്നിവരും തിരുവനന്തപുരത്തെ എസ്യുസിഐ സ്ഥാനാർത്ഥി എസ്. മിനി, കൊല്ലത്തെ എസ്യുസിഐ സ്ഥാനാർത്ഥി ട്വിങ്കിൾ പ്രഭാകരൻ എന്നിവരുമാണ് ഇത്തവണ മത്സരിച്ചു പരാജയപ്പെട്ട വനിതകൾ.

കഴിഞ്ഞതവണ വിജയിച്ച ഏക വനിത രമ്യ ഹരിദാസ് സിറ്റിംഗ് മണ്ഡലമായ ആലത്തൂരിൽ മന്ത്രി കെ. രാധാകൃഷ്ണനോടു പരാജയപ്പെട്ടപ്പോൾ ബിജെപിയുടെ വനിതാ സ്ഥാനാർത്ഥി ടി.എൻ. സരസു ഇവിടെ മൂന്നാംസ്ഥാനത്തായി. വടകരയിൽ മുൻമന്ത്രി കെ. കെ. ശൈലജ കോൺഗ്രസിലെ ഷാഫി പറമ്പിലിനോട് കനത്ത തോൽവിയാണ് ഏറ്റുവാങ്ങിയത്.

എറണാകുളത്തെ ഇടതു സ്ഥാനാർത്ഥി കെ.ജെ. ഷൈൻ മണ്ഡലത്തിലെ ഏറ്റവും വലിയ വോട്ട് വ്യത്യാസത്തിലാണ് യുഡിഎഫിലെ ഹൈബി ഈഡനോടു പരാജയപ്പെട്ടത്. സിപിഐയുടെ മുതിർന്ന ദേശീയ നേതാവ് ആനി രാജ രാഹുൽ ഗാന്ധിക്കെതിരെ വയനാട്ടിൽ മത്സരിച്ചെങ്കിലും വൻ പരാജയം നേരിട്ടു.

ബിജെപി സംസ്ഥാന ഉപാധ്യക്ഷ ശോഭാ സുരേന്ദ്രനെ ഇത്തവണയും വിജയം കൈവിട്ടു. ആലപ്പുഴയിൽ അവർ മൂന്നാം സ്ഥാനത്തായി. ബിജെപി സ്ഥാനാർത്ഥികളായ എം.എൽ. അശ്വിനി, നിവേദിത സുബ്രഹ്മണ്യൻ, സംഗീത വിഷ്ണുനാഥൻ എന്നിവരും പരാജയപ്പെട്ടവരുടെ പട്ടികയിലുണ്ട്. 1952 മുതൽ 2019 വരെ ലോകസഭയിൽ കേരളത്തിൽനിന്നുണ്ടായത് ഒമ്പത് വനിതാ എംപിമാർ മാത്രമാണ്.



# അപകീർത്തിക്കേസ്: രാഹുലിന് ജാമ്യം

ബെംഗളൂരു: കർണാടക ബിജെപി നൽകിയ അപകീർത്തിക്കേസിൽ കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധിക്ക് ബെംഗളൂരു കോടതി ജാമ്യം അനുവദിച്ചു. ജനപ്രതിനിധികളുടെ കേസുകൾ കൈകാര്യംചെയ്യുന്ന ബെംഗളൂരുവിലെ 42-ാം അഡീഷണൽ ചീഫ് മെട്രോപൊളിറ്റൻ കോടതിയാണ് ജാമ്യം അനുവദിച്ചത്. ജൂൺ ഏഴിന് രാഹുൽ നേരിട്ട് ഹാജരാകുകയായിരുന്നു.

കഴിഞ്ഞ വർഷത്തെ കർണാടക നിയമസഭാ തെരഞ്ഞെടുപ്പിൽ കോൺഗ്രസ് നൽകിയ പ്രചാരണപ്പരസ്യം ബിജെപി നേതാക്കൾക്ക് അപകീർത്തിയുണ്ടാക്കിയതായി ആരോപിച്ച് ബിജെപി സംസ്ഥാന ജനറൽ സെക്രട്ടറി കേശവപ്രസാദാണ് രാഹുലിന്റെയും മുഖ്യമന്ത്രി സിദ്ധരാമയ്യയുടെയും ഉപമുഖ്യമന്ത്രി ഡി.കെ. ശിവകുമാറിന്റെയും പേരിൽ കേസ് നൽകിയത്. സിദ്ധരാമയ്യയും ശിവകുമാറും ജൂൺ ഒന്നിന് കോടതിയിൽ നേരിട്ട് ഹാജരായി ജാമ്യം നേടിയിരുന്നു. ബിജെപി സർക്കാർ 40 ശതമാനം കമ്മീഷൻ വാങ്ങുന്ന സർക്കാരാണെന്നാരോപിച്ചായിരുന്നു കോൺഗ്രസിന്റെ പരസ്യം.

രാഹുലിന്റെ ജാമ്യത്തിനായി മുൻ എംപി ഡി.കെ. സുരേഷ് 75 ലക്ഷം രൂപ വിലയുള്ള സ്വത്തിന്റെ രേഖ കോടതിയിൽ ഹാജരാക്കി. കേസ് ജൂൺ 30-ന് വീണ്ടും പരിഗണിക്കും.

### മലയാളികൾ പ്രതികളായ കേസ്


# ശ്രീലങ്കൻ മയക്കുമരുന്ന് രാജാവ് കാണാമറയത്ത്

കൊച്ചി: ഇന്ത്യക്കാർ പ്രതികളായ ഏറ്റവും വലിയ മയക്കുമരുന്ന് കേസിന്റെ വിചാരണ കൊച്ചിയിലെ സിബിഐ പ്രത്യേക കോടതിയിൽ തുടങ്ങി. 2022 മേയിൽ ലക്ഷദ്വീപ് തീരത്തുനിന്ന് 1500 കോടി രൂപ വിലമതിക്കുന്ന 218 കിലോഗ്രാം ഹെറോയിൻ പിടികൂടിയ കേസിൽ 34 പ്രതികൾ പിടിയിലായെങ്കിലും രാജ്യാന്തര മക്കുമരുന്ന് മാഫിയ തലവനായ ശ്രീലങ്കൻ പൗരൻ കാണാമറയത്താണ്. പിടിയിലായവരിൽ നിന്ന് ഇയാളെപ്പറ്റി ചില സൂചനകൾ മാത്രമാണ് ലഭിച്ചത്.

ഹെറോയിൻ കടത്തിയ ബോട്ടിലുണ്ടായിരുന്ന 20 മത്സ്യബന്ധന തൊഴിലാളികളെ അന്നുതന്നെ പിടികൂടിയിരുന്നു. പ്രതികളിൽ നാലുപേർ മലയാളികളും മറ്റുള്ളവർ തമിഴ്നാട് കുളച്ചൽ സ്വദേശികളുമാണ്. 24-ാം പ്രതി തമിഴ്നാട് വേളാങ്കണ്ണി സ്വദേശി ബാലകൃഷ്ണൻ പെരിയസ്വാമി പിള്ള (53) യാണ് തമിഴ്നാട്ടിലെ പ്രധാന ഏജന്റ്. പാക്കിസ്ഥാനിൽ നിന്ന് പഞ്ചസാരയെന്ന വ്യാജേന ഹെറോയിനുമായി ശ്രീലങ്കയിലേക്ക് പോയ മത്സ്യബന്ധന ബോട്ടാണ് ലക്ഷദ്വീപ് തീരത്ത് പിടികൂടിയത്. ശ്രീലങ്കക്കാരനു വേണ്ടിയാണ് മയക്ക്മരുന്നു കടത്തിയതെന്നാണ് പിടിയിലായവരുടെ മൊഴി. എന്നാൽ, ഇയാളുടെ ശരിയായ പേരോ വിലാസമോ ലഭിക്കാത്തതിനാൽ ഇന്റർപോളിന്റെ സഹായത്തോടെ സിബിഐ നടത്തിയ നീക്കം വിഫലമായി. ഇക്കാര്യത്തിൽ ശ്രീലങ്കൻ പോലീസും കാര്യമായി സഹകരിച്ചില്ല.

പെരിയസ്വാമിയെ നുങ്കംപാക്കത്തുനിന്നു ഡി.ആർ.ഐയും ലോക്കൽ പോലീസും ചേർന്ന് അറസ്റ്റ് ചെയ്തത് സാഹസികമായാണ്. 1970 കാലഘട്ടത്തിൽ ശ്രീലങ്കയിൽ നിന്നെത്തിയ അഭയാർത്ഥി കുടുംബാംഗമാണിയാൾ.

ശ്രീലങ്കൻ മയക്കുമരുന്നു മാഫിയ തലവന്റെ ഇന്ത്യയിലെ പ്രധാന ഇടപാടുകാരൻ പെരിയസ്വാമിയാണെന്ന് സിബിഐ കുറ്റപത്രത്തിൽ പറയുന്നു. ചെ



ബാലകൃഷ്ണൻ പെരിയസ്വാമി പിള്ള

ന്നൈ എഗ്മോറിൽ സ്വന്തമായി ഫ്ളാറ്റുകളും ആഡംബരവാഹനങ്ങളുമുള്ള സമ്പന്നനാണ് പെരിയസ്വാമി. വ്യാജ ആധാർ കാർഡും സംഘടിപ്പിച്ചിരുന്നു. രണ്ട് മാസംകൊണ്ട് വിചാരണ പൂർത്തിയാകുമെന്നാണ് പ്രതീക്ഷ.

# സാൽഫോഡ് യൂണിവേഴ്സിറ്റിയുമായി കൈകോർത്ത് കാരിത്താസ് ആശുപത്രി

കോട്ടയം: ഇംഗ്ലണ്ടിലെ ഏറ്റവും പ്രധാന യൂണിവേഴ്സിറ്റികളിൽ ഒന്നായ സാൽഫോഡ് യൂണിവേഴ്സിറ്റിയുമായി കാരിത്താസ് ആശുപത്രി കൈകോർത്തു. ഇതിന്റെ ധാരണാപത്രം സാൽഫോഡ് യൂണിവേഴ്സിറ്റി സ്കൂൾ ഓഫ് ഹെൽത്ത് സയൻസ് ഡീൻ ഡോ. മാർഗരറ്റ് എലിസബത്തും കാരിത്താസ് ആശുപത്രി ഡയറക്ടർ റവ. ഡോ. ബിനു കുന്നത്തും പരസ്പരം കൈമാറി.




സാൽഫോഡ് യൂണിവേഴ്സിറ്റിയും കാരിത്താസ് ആശുപത്രിയുമായുള്ള സഹകരണത്തിന്റെ ധാരണാപത്രം സാൽഫോഡ് യൂണിവേഴ്സിറ്റി സ്കൂൾ ഓഫ് ഹെൽത്ത് സയൻസ് ഡീൻ ഡോ. മാർഗരറ്റ് എലിസബത്തും കാരിത്താസ് ആശുപത്രി ഡയറക്ടർ റവ. ഡോ. ബിനു കുന്നത്തും പരസ്പരം കൈമാറിയപ്പോൾ.

യൂണിവേഴ്സിറ്റി ഓഫ് സാൽഫോഡുമായുള്ള ഈ പുതിയ ധാരണവഴി, കാരിത്താസ് ആശുപത്രിയും സാൽഫോഡ് സർവകലാശാലയും പരസ്പര വികസനത്തിനായി സഹകരിക്കും. ഓൺലൈൻ എഡ്യൂക്കേഷൻ ഡെവലപ്മെന്റിലൂടെ പുതിയ സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് നൂതനമായ രീതിയിൽ ക്ലാസുകൾ സംഘടിപ്പിക്കും. ഹൈബ്രിഡ് ജോയിന്റ് ടീച്ചിംഗ് അവസരങ്ങൾ ഉപയോഗപ്പെടുത്തിക്കൊണ്ട് വിവിധ രാജ്യങ്ങളിലെ ടീച്ചിംഗ് രീതികൾ മറ്റു സിലബസുകളിലെ സഹകരണം സാദ്ധ്യമാക്കുകയും ചെയ്യും.

ആരോഗ്യമേഖലയിൽ പ്രധാന രാജ്യങ്ങളിലെ സേവനങ്ങളും പുതിയ ചികിത്സാ രീതികളും പരസ്പരം പരിചയപ്പെടാനുള്ള അവസരം, അത്തരം ചികിത്സയുടെയും മറ്റും ലൈവ് ഡെമോൺസ്ട്രേഷൻ, റിസർച്ച് ആവശ്യങ്ങൾക്കായി വിവിധതരം യൂണിവേഴ്സിറ്റി വിസിറ്റുകൾ, അത്യാധുനിക ലൈബ്രറി ഫെസിലിറ്റികൾ, റിസർച്ച് ആവശ്യങ്ങൾക്കായി തുറന്നുകൊടുക്കൽ തുടങ്ങി വിദ്യാർത്ഥികൾക്ക് ട്രെയിനിങ് ആവശ്യങ്ങൾക്ക് ഉപകാരപ്പെടുന്ന രീതിയിൽ പലവിധ സൗകര്യങ്ങൾ ഈ സഹകരണം വഴി ലഭ്യമാകും.

യൂണിവേഴ്സിറ്റി ഓഫ് സാൽഫോഡുമായുള്ള ഈ സഹകരണം അന്താരാഷ്ട്ര നിലവാരമുള്ള മെഡിക്കൽ സൗകര്യങ്ങൾ കാരിത്താസിന് ലഭ്യമാക്കുന്നതിൽ വലിയ പങ്കുവഹിക്കുമെന്ന് അദ്ധ്യക്ഷപ്രസംഗത്തിൽ കാരിത്താസ് ആശുപത്രി ഡയറക്ടർ റവ.ഡോ. ബിനു കുന്നത്ത് അഭിപ്രായപ്പെട്ടു.

# കെഎസ്ഇബി ജീവനക്കാർക്ക് രക്ഷാ ഉപകരണം

തിരുവനന്തപുരം: വൈദ്യുതലൈനിൽ ജോലി ചെയ്യുമ്പോൾ പെട്ടെന്നു വൈദ്യുതിപ്രവാഹം ഉണ്ടായാൽ മുന്നറിയിപ്പു നൽകുന്ന ഉപകരണം കെഎസ്ഇബി ജീവനക്കാർക്കു ലഭ്യമാക്കുന്നു. കയ്യിൽ വാച്ച്പോലെ ധരിക്കാവുന്ന പ്രോക്സിമിറ്റി വോൾട്ടേജ് ഡിറ്റക്ടർ ബി-അലർട്ട് ഉപകരണം നിർമിച്ചത് കെഎസ്ഇബിയുടെ ആഭ്യന്തര നിർമാണ സ്ഥാപനമായ 'മൈഡിയ' ആണ്.

ആദ്യഘട്ടത്തിൽ തിരുവനന്തപുരം ഡിവിഷനിലെ 756 ലൈൻമാൻമാർക്കും കരാർ ജീവനക്കാർക്കും നൽകി ഇവയുടെ പ്രവർത്തനം വിലയിരുത്തും. 800 ഉപകരണങ്ങൾ നിർമിക്കാനാണു നിർദേശം. എണ്ണം കുറവായതിനാൽ ഒരു ഉപകരണത്തിന് 835 രൂപ നിരക്കിൽ ആകെ 6.68 ലക്ഷം രൂപയാണു ചെലവ്. പരീക്ഷണം വിജയമാണെങ്കിൽ കേരളത്തിലെ എല്ലാ ഫീൽഡ് ജീവനക്കാർക്കും നൽകും. വൈദ്യുതലൈനിൽ ജോലിചെയ്യുന്നതിനിടെയുണ്ടായ അപകടത്തിൽ 2022-ൽ സ്ഥിരജീവനക്കാരുൾപ്പെടെ 14 പേരും 2023-ൽ 12 പേരും മരിച്ചതോടെ പരിഹാരമാർഗം കണ്ടെത്താൻ സർക്കാർ നിർദേശം നൽകിയിരുന്നു. ഇത്തരം ഉപകരണങ്ങൾക്കു വിപണിയിൽ വലിയ വിലയാണ്. ഈ സാഹചര്യത്തിലാണ് വൻതോതിലെങ്കിൽ ഒരെണ്ണത്തിന് 500 രൂപ നിരക്കിൽ നിർമിച്ചു നൽകാമെന്ന് മൈഡിയ അറിയിച്ചത്. കേരളത്തിലാകെ 776 സെക്ഷൻ ഓഫീസുകളിലായി ലൈൻമാൻ. ഇലക്ട്രിസിറ്റി വർക്കർ തസ്തികയിലെ 13.968 ജീവനക്കാർക്ക് ഉപകരണം നൽകാൻ 69.84 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് നൽകുകയും ചെയ്തു. മൈഡിയയുടെ ചുമതല വഹിക്കുന്ന കെഎസ്ഇബി അസിസ്റ്റന്റ് എഞ്ചിനീയർ കെ.സി. ബൈജുവാണ് ഉപകരണം നിർമിച്ചത്.

FAMILY DENTAL Practice
9709 N. Milwaukee Ave, Glenview, Il-60025, (Northwest Corner of Milwaukee & Greenwood
Office: (847) 581-1418,
Fax: (847) 581-1445



GENERAL DENTIST, IMPLANT, ORTHODONTIC TREATMENT, GUM SURGERY, WISDOM TOOTH EXTRACTIONS

- WHITENING, VENEERS, BONDING, ROOT CANALS, GUM DISEASE, CLEANING, WHITE FILLINGS, DENTURES/PARTIALS, RELINE, CROWNS, BRIDGES, INTRA-ORAL CAMERA DIGITAL IMAGE, STATE OF THE ART STERILIZATION SYSTEM
- ORTHODONTICS (BRACES & INVISALIGN) for Children and Adult
- DISCOUNTS AVAILABLE



Dr. Susan Edukutharayil
B.D.S, D.D.S
(University of Illinois Graduate)
Practicing Dentistry in Chicago land area for the past 25 years!!

www.MyDentistToday.com

ACHIEVE REAL ESTATE GROUP, INC.
For All Your Real Estate Needs Please Call ...

THOMAS KURUVILLA KARIKULAM
Real Estate Broker
1-847-219-6050
834 Rand Rd Mount Prospect IL 60056



FULL TIME REALTOR

# മനുഷ്യാവകാശ മൂട്ട് കോർട്ടിൽ അലൻ തോമസ് ഏഷ്യൻ പ്രതിനിധി

കാസർഗോഡ്: നിയമവിദ്യാർത്ഥികളുടെ പരമോന്നത വേദിയായ ലോക മനുഷ്യാവകാശ മൂട്ട് കോർട്ടിൽ ഏഷ്യയെ പ്രതിനിധീകരിക്കാൻ ചിറ്റാരിക്കൽ സ്വദേശി അലൻ തോമസ് പല്ലാട്ട്. നാഗ്പൂർ നാഷണൽ ലോ അക്കാദമിയിലെ വിദ്യാർത്ഥികളായ അലൻ തോമസ്, ഝാർഖണ്ഡ് സ്വദേശി ആയുഷ് അനന്തും ഉൾപ്പെടുന്ന ടീമാണ് ജൂലൈ 15 മുതൽ ജനീവയിൽ നടക്കുന്ന നെൽസൺ മണ്ഡേല ലോക മനുഷ്യാവകാശ മൂട്ട് കോർട്ട് മത്സരത്തിൽ പങ്കെടുക്കാൻ യോഗ്യത നേടിയത്.

ഐക്യരാഷ്ട്രസഭയുടെ മനുഷ്യാവകാശ സമിതിയും പ്രിട്ടോറിയ യൂണിവേഴ്സിറ്റിയും കോമൺവെൽത്ത് സെക്രട്ടേറിയറ്റും യൂറോപ്യൻ യൂണിയനും ചേർന്നാണ് ലോക മനുഷ്യാവകാശ മൂട്ട് കോർട്ട് മത്സരം സംഘടിപ്പിക്കുന്നത്.

ലോകമെമ്പാടുമുള്ള 300 യൂണിവേഴ്സിറ്റികളിൽ നിന്ന് വിവിധ പരീക്ഷകളിലൂടെയാണ് 24 ടീമുകളെ തെരഞ്ഞെടുത്തത്. ഏഷ്യയിൽ നിന്ന് അഞ്ചു ടീമുകൾ മാത്രമാണ് മത്സരത്തിൽ പങ്കെടുക്കാൻ തെരഞ്ഞെടുക്കപ്പെട്ടത്. കാഞ്ഞങ്ങാട് ബാറിലെ അഭിഭാഷകനായ സന്തോഷ് പല്ലാട്ടിന്റെയും സുനി മോളുടെയും മകനാണ് അലൻ തോമസ്.

# ഹവാല ഇടപാടിൽ കേരളത്തിലെത്തിയത് കോടികൾ

മൂവാറ്റുപുഴ: ഹവാല ഇടപാടിൽ കേരളത്തിലേക്ക് ഒഴുകിയത് കോടികളെന്ന് സ്ഥിരീകരിച്ച് ഡൽഹി പോലീസ്. 500 കോടി രൂപയെങ്കിലും കേരളത്തിലെ വിവിധ വ്യക്തികളുടെ പേരിൽ എത്തിയതായാണ് അന്വേഷണ സംഘത്തിന്റെ കണ്ടെത്തൽ.

നേരത്തെ ലോക്കൽ പോലീസിനെ ഒപ്പം ചേർത്താണ് നീക്കം നടത്തിയിരുന്നതെങ്കിൽ ഇപ്പോൾ സ്വന്തം നിലയിലാണ് ഡൽഹി പോലീസ് നീങ്ങുന്നത്. മൂവാറ്റുപുഴയിലെ അന്വേഷണം പൂർത്തിയാക്കിയ സംഘം ഇപ്പോൾ അന്വേഷണം കൊച്ചിയിലേക്കു കേന്ദ്രീകരിച്ചിരിക്കുകയാണ്. സമീപകാലത്ത് സിനിമാ നിർമാണ മേഖലയിൽ സജീവമായിരിക്കുന്ന ചിലരെ കേന്ദ്രീകരിച്ചു വിവര ശേഖരണവും നടക്കുന്നുണ്ട്.

പാലക്കാട് ജില്ലയിലും ഡൽഹി പോലീസിന്റെ അന്വേഷണം നടക്കുന്നുണ്ട്. കോടികളുടെ ഹവാല പണം ആലുവ, മൂവാറ്റുപുഴ, പെരുമ്പാവൂർ എന്നിവിടങ്ങളിൽ എത്തിച്ച് വിവിധ ബാങ്ക് അക്കൗണ്ടുകളിലേക്കു നിക്ഷേപിച്ച ശേഷം ഈ അക്കൗണ്ടുകളിൽനിന്നു മറ്റ് അക്കൗണ്ടുകളിലേക്കു മാറ്റിയതിന്റെ വിവരങ്ങളാണ് ഡൽഹി പോലീസ് ശേഖരിച്ചത്.

ഡൽഹിയിൽനിന്ന് ബാങ്ക് അക്കൗണ്ടുകൾവഴി നേരിട്ടും മൂവാറ്റുപുഴയിലെ വിവിധ ബാങ്ക് അക്കൗണ്ടുകളിലേക്ക് പണം നിക്ഷേപിച്ചിട്ടുണ്ട്. ചെറിയ കമ്മീഷൻ നൽകിയാണ് പണം നിക്ഷേപിച്ചത്.

അതിനാൽ ഇവരുടെ വലയിൽ വീണവരാണ് അധികവും. ഹവാല പണം നിക്ഷേപിക്കാൻ ഇവരുടെ അക്കൗണ്ടുകൾ കണ്ടെത്തി നൽകിയ ഇടനിലക്കാരിലേക്കും അന്വേഷണം പുരോഗമിക്കുന്നുണ്ട്.

ഇത്തരത്തിൽ അക്കൗണ്ടുകളിൽ നിന്ന് അക്കൗണ്ടുകളിലേക്ക് മറിഞ്ഞ പണം എന്തിനാണ് ഉപയോഗിച്ചതെന്ന സൂചനയും പോലീസിനു ലഭിച്ചിട്ടുണ്ട്.

റൂറൽ ജില്ലാ പരിധിയിൽ നേരത്തെ മുതൽ ഹവാല പണം കൈമാറ്റം നടത്തിയിരുന്നവരും ഡൽഹി പോലീസിന്റെയും മറ്റ് അന്വേഷണ ഏജൻസികളുടെയും നിരീക്ഷണത്തിലാണ്.

# കെ. മുരളീധരന്റെ തോൽവിയിൽ പ്രതിഷേധിച്ച് പോസ്റ്റർ പ്രളയം

തൃശൂർ: ലോക്സഭാ തെരഞ്ഞെടുപ്പിലെ കനത്ത പരാജയത്തെത്തുടർന്നു തുടർച്ചയായി നഗരത്തിലെ ജില്ലാ കോൺഗ്രസ് കമ്മിറ്റി ഓഫീസിന്റെ



(ഡിസിസി) മതിലിൽ പ്രതിഷേധ പോസ്റ്ററുകൾ. യുഡിഎഫ് സ്ഥാനാർത്ഥി കെ. മുരളീധരൻ മൂന്നാം സ്ഥാനത്തേക്കു പിന്തള്ളപ്പെട്ടതോടെ ജില്ലയിലെ കോൺഗ്രസ് പ്രവർത്തകർക്കിടയിൽ പ്രതിഷേധം രൂക്ഷമായിട്ടുണ്ട്.

യുഡിഎഫ് ജില്ലാ ചെയർമാൻ എം.പി. വിൻസന്റ്, കെപിസിസി നിർവാഹകസമിതി അംഗവും മുൻ എംഎൽഎയുമായ അനിൽ അക്കര എന്നിവർക്കെതിരെയാണ് പോസ്റ്ററുകൾ പതിച്ചത്. ഇരുവരെയും പാർട്ടിയിൽനിന്നു പുറത്താക്കണമെന്നാണ് 'കോൺഗ്രസ് ബ്രിഗേഡ്' എന്ന പേരിൽ പതിപ്പിച്ച പോസ്റ്ററുകളിലെ പ്രധാന ആവശ്യം.

കെ. മുരളീധരന്റെ പോസ്റ്ററുകൾ അനിൽ അക്കര കിണറ്റിൽ തള്ളിയെന്നും കൈപ്പത്തിക്കു പൈസ വാങ്ങി സ്ഥാനാർത്ഥികളെ പ്രഖ്യാപിച്ച വിൻസെന്റ് ഒറ്റുകാരനാണെന്നുമുള്ള ആരോപണങ്ങളും പോസ്റ്റുകളിൽ ഉന്നയിച്ചിട്ടുണ്ട്. യുഡിഎഫ് ചെയർമാനാണു തോൽവിയുടെ യഥാർത്ഥ ഉത്തരവാദിയെന്നും പോസ്റ്ററുണ്ട്.

ലോക്സഭാ തെരഞ്ഞെടുപ്പു ഫലം വന്നതിന്റെ പിറ്റേന്ന് ഡിസിസി പ്രസിഡണ്ട് ജോസ് വള്ളൂർ, മുൻ എംപി ടി.എൻ. പ്രതാപൻ എന്നിവർക്കെതിരെയും പോസ്റ്ററുകൾ പ്രത്യക്ഷപ്പെട്ടിരുന്നു. പ്രതാപന് വാർഡിൽ പോലും സീറ്റു നൽകരുതെന്നും ജോസ് വള്ളൂർ ഡിസിസി അധ്യക്ഷപദവി രാജിവെക്കണമെന്നുമുള്ള പോസ്റ്ററുകളാണു പതിച്ചിരുന്നത്.

ഡിസിസി ഓഫീസിനു മുന്നിലും പ്രധാന മതിലിലും തൃശൂർ പ്രസ് ക്ലബ്ബിനു മുന്നിലുമായിരുന്നു ഈ പോസ്റ്ററുകൾ. കോൺഗ്രസ് ലവേഴ്സ് എന്ന പേരിലുള്ള പോസ്റ്ററുകളാണ് പതിച്ചിരുന്നത്. പിന്നീടു രണ്ടാം നാൾ എഴുതിത്തയാറാക്കിയ പോസ്റ്ററുകളും പ്രത്യക്ഷപ്പെട്ടു.

ഇവയെല്ലാം പിന്നീടു നീക്കിയെങ്കിലും ഫോട്ടോ അടക്കം സമൂഹമാധ്യമങ്ങളിൽ പ്രചരിച്ചിരുന്നു. ധാർമിക ഉത്തരവാദിത്തം ഏറ്റെടുത്ത് ആവശ്യമെങ്കിൽ രാജിവെക്കാമെന്ന് ഡിസിസി പ്രസിഡണ്ട് ജോസ് വള്ളൂർ ഈയിടെ പ്രതികരിച്ചിരുന്നു. പ്രതികരിക്കാനില്ലെന്നാണ് ടി.എൻ. പ്രതാപന്റെയും അനിൽ അക്കരയുടെയും നിലപാട്.

# അമ്മിണി തോമസ് അന്തരിച്ചു



ഫിലാഡൽഫിയ: കുമ്പനാട് ചുണ്ടമണ്ണിൽ പനച്ചനില്ക്കുന്നതിൽ പരേതനായ സി.പി.ടി. തോമസിന്റെ ഭാര്യ അമ്മിണി തോമസ് (87) ജൂൺ 7-ന് വെള്ളിയാഴ്ച ഫിലാഡൽഫിയയിൽ അന്തരിച്ചു. പരേത തിരുവല്ല കാവുംഭാഗം ചേരിപ്പറമ്പിൽ കുടുംബാംഗമാണ്.

പരേത കേരളത്തിലും നാഗാലാൻഡിലും ഹിന്ദി അദ്ധ്യാപികയായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. അമേരിക്കയിലേക്ക് ആയിരത്തിതൊള്ളായിരത്തി എൺപതുകളുടെ അവസാനത്തോടെ എത്തി. ഇവിടെ പതിനാറു വർഷത്തോളം ജോലി ചെയ്തു. രണ്ടായിരത്തിയാറിൽ ജോലിയിൽ നിന്നും വിരമിച്ചു. ഫിലാഡൽഫിയയിലുള്ള സെ. തോമസ് ഇന്ത്യൻ ഓർത്തഡോക്സ് ഇടവകയിൽ സജീവഅംഗവും മർത്തമറിയം സമാജത്തിന്റെ മുൻനിരയിൽ പ്രവർത്തിച്ച വ്യക്തിത്വവുമായിരുന്നു അമ്മിണി തോമസ്. പാവപ്പെട്ടവരെ സഹായിക്കുന്നതിൽ വളരെയധികം ശ്രദ്ധ തന്റെ ജീവിതത്തിൽ പുലർത്തിയിരുന്നു.

പരേതയുടെ പൊതുദർശനവും ശവസംസ്കാര പ്രാർത്ഥനാ ശുശ്രൂഷകളും ജൂൺ പതിനഞ്ച് ശനിയാഴ്ച രാവിലെ എട്ടു മണി മുതൽ ഉച്ചയ്ക്ക് പന്ത്രണ്ട് മണിവരെ ഫിലാഡൽഫിയയിലുള്ള സെയിന്റ് തോമസ് ഇന്ത്യൻ ഓർത്തഡോക്സ് പള്ളിയിൽ വെച്ച് നടത്തപ്പെടും. (അഡ്രസ്സ്: St.Thomas Indian Orthodox Church, 1009, Unruh Ave, Philadelphia-19111) പൊതുദർശനത്തിനും പള്ളിയിൽ നടക്കുന്ന പ്രാർത്ഥനാശുശ്രൂഷകൾക്കും ശേഷം പരേതയുടെ സംസ്കാരം ഫോറെസ്റ്റ് ഹിൽസ് സെമിത്തേരിയിൽ വെച്ച് നടത്തപ്പെടുന്നതാണ്. (അഡ്രസ്സ്: Forest Hills Cemetery, 49-99, State Rte 2009, Huntingdon Valley PA-19006) മക്കൾ: മിനി, മീന, മനോജ്, മിൻസി. മരുമക്കൾ: ജിജി (നൈനാൻ മത്തായി), രവി, രേണു (എല്ലാവരും യുഎസ്), പരേതനായ ഷില്ലർവുൾ.




# ഡോണൾഡ് ട്രംപിന്റെ ഇരപരിവേഷത്തിലെ പൊള്ളത്തരം

ജോസ് കല്ലിടിക്കിൽ

**2016** പ്രസിഡണ്ട് തെരഞ്ഞെടുപ്പിനിടയിൽ തനിക്കെതിരെ ഉയർന്നുവരുമായിരുന്നൊരു ലൈംഗിക ആരോപണം മറച്ചുവെക്കുവാൻ മുൻ പ്രസിഡണ്ട് ഡോണൾഡ് ട്രംപ്, തന്റെ സുഹൃത്തും വിശ്വസ്തനുമായ അഭിഭാഷകൻ മൈക്കിൾ കോഹിൻ വഴി, സ്റ്റോമി ഡാനിയൽസ് എന്ന അശ്ലീലചിത്ര നടിക്ക് 1,30,000 ഡോളർ പ്രതിഫലം നല്കിയെന്ന ആരോപണം ഏതാനും വർഷങ്ങൾക്കു മുമ്പുതന്നെ ഉയർന്നുവന്നിരുന്നു. പ്രായപൂർത്തിയായ രണ്ട് വ്യക്തികൾ തമ്മിൽ ഉഭയസമ്മതത്തോടെയുള്ള ലൈംഗികബന്ധം നിയമവിരുദ്ധമല്ലെന്നതിനാലും പ്രസിഡണ്ട് പദവിയിലെത്തിയ ഉടൻ, ഡോണൾഡ് ട്രംപിനു ലഭിച്ച വർദ്ധിച്ച ജനസമ്മതിയാലും പ്രസ്തുത ആരോപണങ്ങൾക്ക് വേണ്ടത്ര ജനശ്രദ്ധ ലഭിക്കുകയുണ്ടായില്ല. എന്നാൽ, ട്രംപുമായുള്ള സൗഹൃദം വിച്ഛേദിച്ചതിനെത്തുടർന്ന് മൈക്കിൾ കോഹിൻ ഡോണൾഡ് ട്രംപിനെതിരെ ഉയർന്ന ആരോപണം സ്ഥിരീകരിച്ചു. കൂടാതെ, മൈക്കിൾ സ്റ്റോമി ഡാനിയൽസിന് താൻവഴി നല്കിയ പ്രതിഫലം ഡോണൾഡ് ട്രംപ്, അഭിഭാഷക ഫീസായി ഈ തുക വകയിരുത്തി സാമ്പത്തിക ക്രമക്കേടും നികുതി വെട്ടിപ്പും നടത്തിയെന്ന് വെളിപ്പെടുത്തി. കോഹിന്റെ ആരോപണങ്ങൾ സ്റ്റോമി ഡാനിയൻസ്കൂടി സ്ഥിരീകരിക്കുകയും വാർത്തകൾ മാധ്യമങ്ങളും ടോക്ക് ഷോ ഹോസ്റ്റുകളും ആഘോഷമാക്കി മാറ്റുകയും ചെയ്തപ്പോൾ, അവ നിഷേധിക്കുന്ന തിലുപരി ഡോണൾഡ് ട്രംപ് അവർ ഇരുവർക്കും എതിരെ വ്യക്തിഹത്യ നടത്തുകയും ഭീഷണി മുഴക്കുകയും ചെയ്തു.

അമേരിക്കൻ തെരഞ്ഞെടുപ്പുകളിൽ മത്സരിക്കുന്ന സ്ഥാനാർത്ഥികളുടെ സ്വഭാവശുദ്ധിയും പൂർവകാല ഇടപാടുകളും രാഷ്ട്രീയ, സാമൂഹിക നിലപാടുകളും പരക്കെ ചർച്ചയാകാറുണ്ട്. പ്രസിഡണ്ട് തെരഞ്ഞെടുപ്പുകളിൽ അവ ഏറെ തീക്ഷ്ണമായും. വിവാഹേതര ലൈംഗികബന്ധം നിരവധി സ്ഥാനാർത്ഥികളെ തെരഞ്ഞെടുപ്പിൽ നിന്ന് പിന്മാറാൻ നിർബന്ധിതരാക്കുകയോ അതിനു കൂട്ടാക്കാത്തവരെ തെരഞ്ഞെടുപ്പിൽ പാടേ തുരത്തപ്പെടുവാനോ കാരണമാക്കിയിട്ടുണ്ട്. ഗവർണർ, സെനറ്റർ, ഹൗസ് റെപ്രെസെന്റേറ്റീവ് എന്നീ പദവികൾ അലങ്കരിച്ച നിരവധി വ്യക്തികൾ ലൈംഗിക ആരോപണത്തെത്തുടർന്ന് രാജി സമർപ്പിക്കുവാൻ നിർബന്ധിതരായിട്ടുമുണ്ട്. മോണിക്കാ ലെവിൻസ്കിയുമായുണ്ടായ അധാർമ്മിക ബന്ധം പ്രസിഡണ്ട് ബിൽ ക്ലിന്റന്റെ കുടുംബജീവിതത്തിലും വ്യക്തിബന്ധങ്ങളിലും വിള്ളലുണ്ടാക്കുകയും അമേരിക്കൻ രാഷ്ട്രീയത്തിൽ വൻ കോളിളക്കം സൃഷ്ടിക്കുകയുമുണ്ടായി.



ഡോണൾഡ് ട്രംപ്

സാമ്പത്തിക പ്രലോഭനങ്ങൾ വഴി ഒരു വ്യക്തിയുടെ നിശ്ശബ്ദത തരപ്പെടുത്തുന്നതും ബിസിനസ് രേഖകളിൽ കൃത്രിമം കാണിക്കുന്നതും ന്യൂയോർക്ക് സംസ്ഥാനത്ത് കുറ്റകൃത്യമാണ്. പ്രസ്തുത നിയമലംഘനങ്ങൾ ആരോപിച്ചാണ് മൻഹാട്ടൺ കോടതി ഡോണൾഡ് ട്രംപിനെ വിചാരണ ചെയ്തത്. ഏതാണ്ട് ഒരുമാസം നീണ്ട വിചാരണയ്ക്ക് ഇരുഭാഗത്തും അണിനിരന്ന അതിസമർത്ഥരായ അഭിഭാഷകരുടെ വാദ-പ്രതിവാദങ്ങൾക്കും ശേഷം, കേസ് പരിഗണിച്ച 12 അംഗ ജൂറി ഏകകണ്ഠമായി 34 നിയമവിരുദ്ധ നടപടികൾക്ക് അദ്ദേഹം കുറ്റക്കാരനെന്ന് കണ്ടെത്തി. അദ്ദേഹത്തിനുള്ള ശിക്ഷ വിചാരണയുടെ ചുമതല വഹിച്ച ജഡ്ജ് വാൺ മെർച്ചൽ ജൂലൈ 11-ന് പ്രഖ്യാപിച്ചു.

മൻഹാട്ടൺ കോടതിവിധി പ്രസിഡണ്ട് ബൈഡനും യു.എസ് ജസ്റ്റിസ് ഡിപ്പാർട്ടുമെന്റും ഡെമോക്രാറ്റിക് പാർട്ടിയും തനിക്കെതിരെ തുടരുന്ന പീഡനപരമ്പരയുടെ തുടർച്ചയാണെന്ന് വിധിന്യായം കേട്ടശേഷം കോപാകുലനായി ഡോണൾഡ് ട്രംപ് പ്രഖ്യാപിച്ചു. സ്പീക്കർ മൈക്കൾ ജോൺസൺ ഉൾപ്പെടെയുള്ളവർ ഈ ആരോപണം ആവർത്തിച്ചു. കുറ്റക്കാരനായി പ്രഖ്യാപിച്ച വിധിന്യായത്തിന്റെയും വിചാരണ നേരിടുന്ന മറ്റ് അതിഗുരുതര കുറ്റാരോപണങ്ങളും ആയുധമാക്കി നവംബർ 5-ന് നടക്കുന്ന പ്രസിഡണ്ട് തെരഞ്ഞെടുപ്പിൽ തനിക്ക് അനുകൂലമായൊരു സഹതാപ തരംഗം സൃഷ്ടിക്കുവാനുള്ള ഉദ്യമത്തിലാണ് ഡോണൾഡ് ട്രംപ്. റിപ്പബ്ലിക്കൻ നേതൃത്വം ഏതാണ്ട് ഒറ്റക്കെട്ടായും അനുഭാവികൾ പൂർണ്ണമായും അദ്ദേഹത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ച് ഒപ്പമുണ്ട്.

നിയമത്തിനു മുന്നിൽ പൗരർ എല്ലാവരും തുല്യരാണെന്ന അമേരിക്കൻ ഭരണഘടന ഉറക്കെ പ്രഖ്യാപിച്ചിട്ടുള്ളതാണ്. ഇന്നോളം പ്രസിഡണ്ട് പദവി വഹിച്ചിട്ടുള്ളവരെല്ലാം പ്രസ്തുത ഭരണഘടനാ വ്യവസ്ഥ അംഗീകരിച്ചിട്ടുമുണ്ട്. ഡോണൾഡ് ട്രംപോ അവരിൽ നിന്നും വിഭിന്നനായി നിയമത്തിനും പൊതുമര്യാദകൾക്കും അതീതനാണ് താനെന്ന് ഉറച്ച് വിശ്വസിക്കുന്നു, ഉറക്കെ പ്രഖ്യാപിക്കുകയും. നിർഭാഗ്യമെന്നു പറയട്ടെ, നിയമസംരക്ഷണയുടെ കാവൽക്കാരായ അമേരിക്കൻ സുപ്രീം കോർട്ടു പോലും അപകടകരവും അസ്വീകാര്യവുമായ ഡോണൾഡ് ട്രംപിന്റെ അവകാശവാദങ്ങൾ അനുകമ്പയോടെയാണ് പരിഗണിക്കുന്നത്.

2016 പ്രസിഡണ്ട് തെരഞ്ഞെടുപ്പിൽ ഡോണൾഡ് ട്രംപ് കൈവരിച്ച വിജയം മാന്യവും നീതിയുക്തവുമായിരുന്നില്ല. നാല് വർഷക്കാലം 330 മില്യൺ അമേരിക്കൻ ജനതയുടെ ഭാഗധേയം നിർണ്ണയിക്കുവാൻ അധികാരമുള്ള പ്രസിഡണ്ടിനെ തെരഞ്ഞെടുക്കുമ്പോൾ അതിൽ മത്സരിക്കുന്ന സ്ഥാനാർത്ഥികളെക്കുറിച്ചുള്ള സകലതും അറിയുവാനുള്ള അവകാശം പൗരർക്കുണ്ട്. പരമപ്രധാനമായൊരു പൗരാവകാശമാണ് നിയമവിരുദ്ധവും അധാർമ്മികവുമായ നടപടികളിലൂടെ ഡോണൾഡ് ട്രംപും കൂട്ടാളികളും അമേരിക്കൻ ജനതയ്ക്ക് നിഷേധിച്ചത്. കൂടാതെ തെരഞ്ഞെടുപ്പിന് ഏതാനും ആഴ്ചകൾക്കു മുമ്പ്, അഭിപ്രായ സർവേകളിൽ രണ്ടക്കത്തിനു മേൽ ലീഡുണ്ടായിരുന്ന എതിർസ്ഥാനാർത്ഥി ഹിലരി ക്ലിന്റനെതിരെ മുൻ എഫ്ബിഐ മേധാവി ജെയിംസ് കോമിയുടെ മേൽ സമ്മർദ്ദം ചെലുത്തി അന്വേഷണത്തിന് ഉത്തരവിടുവിച്ചു അദ്ദേഹവും റിപ്പബ്ലിക്കൻ നേതാക്കളും. ഒബാമാ ഭരണത്തിൽ സെക്രട്ടറി ഓഫ് സ്റ്റേറ്റ് പദവി വഹിച്ച അവർ ഔദ്യോഗിക ഇടപാടുകൾക്ക് സ്വകാര്യ ഇ-മെയിൽ സെർവർ ഉപയോഗിച്ചു എന്നതായിരുന്നു അവർക്കെതിരെ ഉന്നയിച്ച ആരോപണം. സെനറ്റ്-ഹൗസ് റിപ്പബ്ലിക്കൻ നേതൃത്വവും കമ്മിറ്റികളും ആവർത്തിച്ച് അന്വേഷിച്ചിട്ടും സ്ഥിരീകരിക്കുവാൻ കഴിയാത്തൊരു ആരോപണത്തിന്റെ പേരിലാണ് നിർദ്ദയം അവരെ ഇത്തരത്തിൽ വേട്ടയാടിയത്. തെരഞ്ഞെടുപ്പ് തീയതിക്ക് ഏതാനും നാളുകൾക്കു മുമ്പു മാത്രം പുറത്താക്കിയ അന്വേഷണ റിപ്പോർട്ടിൽ വീണ്ടും ഹിലരി ക്ലിന്റൺ നിരപരാധിയായി കണ്ടെത്തി. പക്ഷേ, ഈ അന്വേഷണ കാലഘട്ടത്തിൽ തെരഞ്ഞെടുപ്പ് തരംഗം ട്രംപിന് അനുകൂലമായി മാറിയിരുന്നു. അപ്പോഴും പോപ്പുലർ വോട്ടിൽ 3 മില്യണിലധികം വോട്ടുകൾ ട്രംപിനേക്കാൾ അധികം അവർക്ക് ലഭിച്ചിരുന്നു.

വാദിയായും പ്രതിയായും നിരവധി കോടതി വ്യവഹാരങ്ങളിൽ ഏർപ്പെട്ടിട്ടുള്ള വ്യക്തിയാണ് ഡോണൾഡ് ട്രംപ്. സമർത്ഥരായ അഭിഭാഷകരുടെ വലിയൊരു നിര സേവനത്തിനായി എപ്പോഴും അദ്ദേഹത്തിനൊപ്പമുണ്ട്. 'ഹഷ് മണി' ആരോപണത്തിന്റെ ജൂറി ട്രയൽ തെരഞ്ഞെടുത്തത് ട്രംപ് പക്ഷവും ജൂറി അംഗങ്ങളെ തെരഞ്ഞെടുത്തത് അദ്ദേഹത്തിന്റെ അഭിഭാഷകരുടെ കൂടി സമ്മതത്തോടു കൂടിയുമാണ്. കോടതിവിധിയോട് വിയോജിക്കാം, അതിനെതിരെ അപ്പീൽ നല്കുവാനുള്ള അവസരവുമുണ്ട്. ഭീഷണിയുടെ സ്വരത്തിൽ സംസാരിക്കുകയും പ്രോസിക്യൂഷൻ അഭിഭാഷകരേയും ജഡ്ജിയേയും ജൂറി അംഗങ്ങളേയും ഈ കേസുമായി ഔദ്യോഗികമോ വ്യക്തിപരമോ ആയ ബന്ധം ഇല്ലാത്ത പ്രസിഡണ്ട് ജോ ബൈഡനെയും ആക്ഷേപിക്കുന്നതും ശകാരിക്കുന്നതും അമേരിക്കൻ നിയമവ്യവസ്ഥയോടുള്ള അനാദരവും വെല്ലുവിളിയുമാണ്.

2024 ഫെബ്രുവരിയിൽ ന്യൂയോർക്കിലെ തന്നെ ഒരു സിവിൽ കോർട്ട് ഡോണൾഡ് ട്രംപിനും കുടുംബാംഗങ്ങൾക്കും അവരുടെ ബിസിനസ് സ്ഥാപനങ്ങൾക്കും എതിരെ 355 മില്യൺ ഡോളർ പിഴ ചുമത്തിയിട്ടുണ്ട്. തങ്ങളുടെ ആസ്തിയും സ്വത്തുക്കളുടെ വിസ്തീർണ്ണവും പെരുപ്പിച്ച് കാണിച്ച് ബാങ്കുകളെയും ഇതര ഫിനാൻഷ്യൽ സ്ഥാപനങ്ങളെയും വഞ്ചിച്ചു എന്നായിരുന്നു അവർക്കെതിരെ ഉണ്ടായ ആരോപണം. 2021 ജനുവരി 6 കലാപ ദുരന്തക്കേസ്, കള്ളവോട്ടിനായി ജോർജിയാ ഗവർണ്ണറുടെമേൽ സമ്മർദ്ദം ചെലുത്തിയ കേസ്, സ്ഥാനം ഒഴിഞ്ഞപ്പോൾ നാഷണൽ ആർക്കൈവ്സിന് കൈമാറേണ്ടിയിരുന്ന ക്ലാസിഫൈഡ് ഡോക്യുമെന്റുകൾ ഫ്ളോറിഡയിലെ സ്വവസതിയിൽ കൊണ്ടുപോകുകയും അശ്രദ്ധമായി അവ കൈകാര്യം ചെയ്തതിനുമെതിരെയുള്ള കേസ് എന്നിവയെല്ലാം അതീവ ഗൗരവമേറിയതാണ്. റിപ്പബ്ലിക്കൻ അനുഭാവ ജഡ്ജിമാരുടെ ഔദാര്യത്തിൽ അവയെല്ലാം വിചാരണയ്ക്ക് എത്തിയിട്ടില്ലെന്നു മാത്രം. എന്നാൽ, ഈ ദുരന്തസംഭവങ്ങൾ നഗ്നനേത്രങ്ങൾ കൊണ്ട് പലവട്ടം ദർശിച്ചതും ഹൃദയഭിത്തികളിൽ ഗാഢമായി പതിഞ്ഞിട്ടുള്ളതുമായ അമേരിക്കൻ ജനതയ്ക്ക്, മേല്പ്പറഞ്ഞ രാജ്യദ്രോഹ കുറ്റങ്ങളിലുള്ള ഡോണൾഡ് ട്രംപിന്റെ സജീവ പങ്കാളിത്തത്തിൽ തെല്ലും സന്ദേഹമില്ല. 2020 പ്രസിഡണ്ട് തെരഞ്ഞെടുപ്പിൽ ഇലക്ടറൽ വോട്ടിൽ വ്യക്തമായ ഭൂരിപക്ഷവും പോപ്പുലർ വോട്ടിൽ 7 മില്യണിലധികം ഭൂരിപക്ഷവും ഡെമോക്രാറ്റിക് സ്ഥാനാർത്ഥി ജോ ബൈഡൻ നേടിയിട്ടും വോട്ട് എണ്ണൽ പൂർത്തിയാക്കുന്നത് കാത്തിരിക്കാതെ സ്വയം വിജയപ്രഖ്യാപനം നടത്തിയതും വ്യാജമെന്നു ബോദ്ധ്യമായിട്ടും പ്രസ്തുത അവകാശം ആവർത്തിക്കുന്നതുമായൊരു മുൻ പ്രസിഡണ്ട് ഈ ദേശത്തിനും ലോകത്തിനു തന്നെയും അപകടകാരിയാണ്. ജനതയ്ക്ക് അപമാനവും. ഫിലിപ്പൈൻസിലെ മുൻ പ്രസിഡണ്ട് ഫെർഡിനാന്റ് മാർക്കോസിൽനിന്ന് ഒട്ടും ഭിന്നനല്ല ഡോണൾഡ് ട്രംപ്.



ലേഖകൻ

# പാസ്റ്റർമാരെയും മിഷനറിമാരെയും ആദരിക്കുന്നു

രാജൻ ആര്യപ്പള്ളിൽ

ബോസ്റ്റൺ: ഓഗസ്റ്റ് 8 മുതൽ 11 വരെ ബോസ്റ്റണിൽ നടക്കുന്ന നോർത്ത് അമേരിക്കൻ ഐപിസി ഫാമിലി കോൺഫറൻസിൽ അർഹരായ പാസ്റ്റർമാർക്കും മിഷനറിമാർക്കും നോർത്ത് അമേരിക്ക 2024 മിഷൻ അവാർഡ് ബഹുമതി നല്കി ആദരിക്കും. അമേരിക്കയിലും ഇന്ത്യയിലും മറ്റ് രാജ്യങ്ങളിലുമായി മിഷനറി പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന ദീർഘകാലമായി സേവനം ചെയ്തുവരുന്ന പാസ്റ്റർമാരെയും മിഷണറിമാരെയുമാണ് ആദരിക്കുന്നത്.




സുവിശേഷത്തിന്റെ ദൗത്യം മാതൃകയാക്കി ജീവിക്കുകയും മഹത്തായ സുവിശേഷ പ്രവർത്തനങ്ങൾക്ക് വിവിധ രീതിയിൽ നേതൃത്വം നല്കുകയും ചെയ്യുന്ന പെന്തെക്കോസ്ത് സമൂഹത്തിലെ അംഗങ്ങൾക്കാണ് ഈ അംഗീകാരം നല്കുന്നത്. സുവിശേഷവത്കരണം, സഭകൾ ഇല്ലാത്ത സ്ഥലങ്ങളിൽ പുതിയ പ്രവർത്തനങ്ങൾ ആരംഭിക്കുക, ചാരിറ്റി പ്രവർത്തനങ്ങൾ, ബൈബിൾ സ്കൂൾ/സെമിനാരി, മാധ്യമ ശുശ്രൂഷ എന്നീ മഹത്തായ പ്രവർത്തനങ്ങൾക്ക് പ്രചോദനം ഉൾക്കൊണ്ട മാർഗ്ഗനിർദ്ദേശ മൂല്യങ്ങളെ അടിസ്ഥാനമാക്കി നിങ്ങളുടെ അപേക്ഷകൾ നല്കുക.

ഫോറം പൂരിപ്പിച്ച് നിങ്ങൾക്ക് സ്വന്തമായോ, വ്യക്തമായ അറിവുള്ള മറ്റ് ആരെയെങ്കിലുമോ ശിപാർശ ചെയ്യാം. https://forms.gle/DRFSk7AZreDwgkce8 കൂടുതൽ വിവരങ്ങൾ അറിയുവാൻ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളുമായി ബന്ധപ്പെടുക-www.ipcfamilyconference.org

ഐപിസി ഫാമിലി കോൺഫറൻസ് 2024 ദേശീയ ഭാരവാഹികളായ പാസ്റ്റർ ഡോ. തോമസ് ഇടിക്കുള (ചെയർമാൻ), ബ്രദർ വെസ്ലി മാത്യു (സെക്രട്ടറി), ബ്രദർ ബേവൻ തോമസ് (ട്രഷറർ), ഡോ. മിനു ജോർജ് (യൂത്ത് കോ-ഓർഡിനേറ്റർ), സിസ്റ്റർ രേഷ്മ തോമസ് (ലേഡീസ് കോ-ഓർഡിനേറ്റർ), പാസ്റ്റർ മാമ്മൻ വർഗീസ് (പ്രാർത്ഥനാ കോ-ഓർഡിനേറ്റർ), ബ്രദർ രാജൻ ആര്യപ്പള്ളിൽ (മീഡിയ കോ-ഓർഡിനേറ്റർ) എന്നിവരോടൊപ്പം നിലവിലുള്ള നാഷണൽ, ലോക്കൽ കമ്മിറ്റികൾ 2024-ലെ കോൺഫറൻസിന്റെ സുഗമമായ നടത്തിപ്പിനായി പ്രവർത്തിച്ചുവരുന്നു.

ന്യൂയോർക്ക്, ന്യൂജേഴ്സി, ഫിലാഡൽഫിയ, ടൊറൊന്റോ, മേരിലാൻഡ് എന്നിവിടങ്ങളിൽ നിന്നും സമീപ സംസ്ഥാനങ്ങളിൽ നിന്നും റോഡ് മാർഗം എത്തിച്ചേരാവുന്ന ദൂരത്തിലാണ് കൺവൻഷൻ സെന്റർ.

ജൂൺ 15-നു മുമ്പ് രജിസ്റ്റർ ചെയ്യുന്നവർക്ക് ഹോട്ടൽ ഡിസ്കൗണ്ട് നിരക്ക് ലഭിക്കുവാനും സമ്മേളന പങ്കാളിത്തം ഉറപ്പാക്കുവാനും കോൺഫറൻസിന്റെ വിജയത്തിനായി പ്രാർത്ഥിക്കുവാനും സംഘാടകസമിതി അഭ്യർത്ഥിക്കുന്നു.

# INDIA'S ELECTIONS 2024: A SLIGHT SIGH OF RELIEF; WILL IT LAST?

George Abraham

After the announcement of the election results, I heard nothing but a sigh of Relief all around, especially from members of the Diaspora. It is almost as if they have been delivered from some precarious situation or a trap that had a debilitating impact on their thinking and actions. People were virtually living in fear of expressing their opinions and even stating the slightest criticism of the Modi government's policies. Indeed, at least for now, they appear to feel liberated.

If that is true, what would it have been if the Modi government had come down? Of course, the country would have truly restored its soul while recapturing the dynamism and freedom that was a hallmark of Indian democracy. The public has been struggling for a breath of air for freedom and liberty in the last decade, which was taken for granted mainly under the Congress party rule for six decades.

Even the Diaspora was under the guns where there were allegations of conspiracies of assassinations of overseas Indian citizens who had disagreed with the Modi administration. The recent filing by the United States Justice Department accusing an 'Indian government agent' plotting to kill an American citizen of Indian origin and a Khalistani activist, regardless of our disapproval of issues he has been advocating, sent chills across the overseas community everywhere.

Many members of the Diaspora were afraid to speak out because of the fear that any dissenting voice may result in the cancellation of the OCI cards. It happened to Aatish Taseer, who wrote a critical piece on Modi in Time magazine and was punished by denying his wish to visit his aging grandmother. Nitasha Kaul, a professor from Westminster University, was deported directly from the Bengaluru airport back to the U.K. because of her past statements critical of the Modi government on constitutional matters. It should be noted that the Modi government changed the rules to make these arbitrary decisions unchallengeable in the judicial system. The Modi regime has deported many more Christian leaders from the West directly from the airport just because they happened to be Christians.

Modi Administration's attacks on civil society have been ferocious, where many of the NGOs were forced to shutter their doors, and the foreign-related ones were either expelled or their FCRAs canceled. Minority-related institutions suffered the most at the hands of this regime, where 20000 or more FCRAs belonging to Christian Educational and Charitable organizations were suspended or frozen, thereby effectively putting them out of business. In contrast, Sangh Parivar



George Abraham

organizations were allowed to receive money from abroad without any hindrance.

In the United States, where people are supposed to hav`e freedom of expression, the Godi media, controlled mainly by Gujaratis, may have stifled voices of dissent by striking any criticism of Modi from either printed pages or visual media. Moderators who tried to play even-handedly on some of those networks started distancing themselves from genuine debates or being banished from the scene altogether. Even the Asianet outfit in the U.S., a popular channel in Kerala, allegedly has been under the influence of Sangh Parivar, their principal correspondent in the USA, who was a no-show at the Javits Center, where Rahul Gandhi addressed a large crowd.

Considering the above, it is understandable why the Diaspora is somewhat relieved by the changing dynamics with a new coalition government under Modi. However, there is a genuine fear that, given the opportunity, the BJP may poach M.P.s from other parties and craft a new majority of their own as they have plenty of resources to accomplish their set goals. Chandrababu Naidu and Nitish Kumar are crafty politicians who have been victims of Modi's odious agenda, and the world will be restlessly watching how they navigate through opportunities that come their way.


Nevertheless, the people of India have unequivocally rejected the BJP's agenda, which sought to undermine the constitution and transform the country. This election outcome is a resounding endorsement of the current constitutional framework envisioned and implemented by Jawaharlal Nehru and B.R. Ambedkar. The voters appeared to have arrested the development of the nation's slide towards dictatorship and fascism for now. It is also important to note that the BJP has not gotten a majority of its own. Narendra Modi himself has lost substantial vote share in his quest for re-election. Even the BJP candidate in Ayodhya, where the temple has been consecrated, had to concede defeat.

If Narendra Modi and Amit Shah persist in governing India through their makeshift coalition, it is imperative for them to uphold the constitution.

(see page 30)

## ഫോമാ തെരഞ്ഞെടുപ്പ് വിജ്ഞാപനമായി; പത്രിക പിൻവലിക്കാനുള്ള അവസാന തീയതി ജൂലൈ 19

ന്യൂയോർക്ക്: 2024-26-ലേക്കുള്ള ഫോമാ എക്സിക്യൂട്ടീവ്, നാഷണൽ കമ്മിറ്റി, അഡ്വൈസറി ബോർഡ് എന്നിവയിലേക്കുള്ള തെരഞ്ഞെടുപ്പിന്റെ



ബേബി ഊരാളിൽ



മാത്യു ചെരുവിൽ



അനു സ്കറിയ

വിജ്ഞാപനം പുറപ്പെടുവിച്ചു. ഓഗസ്റ്റ് 9-ന് പുണ്ടകാന കൺവൻഷൻ വേദിയിലാണ് തെരഞ്ഞെടുപ്പ്. തെരഞ്ഞെടുപ്പിനുള്ള എല്ലാ സജ്ജീകരണങ്ങളും തയ്യാറായതായി തെരഞ്ഞെടുപ്പ് കമ്മീഷണർമാരായ ബേബി ഊരാളിൽ, മാത്യു ചെരുവിൽ, അനു സ്കറിയ എന്നിവർ അറിയിച്ചു.

ഇലക്ട്രോണിക് യന്ത്രം ഉപയോഗിച്ചാണ് ഇത്തവണയും വോട്ടിംഗ്. അംഗസംഘടനകൾക്ക് ഡെലിഗേറ്റ് ലിസ്റ്റ് ഈ മാസം (ജൂൺ) 22 വരെ നല്കാം. അത് ജൂൺ 29 വരെ അപ്ഡേറ്റ് ചെയ്യാം. ജൂൺ 29 ആണ് പത്രിക സമർപ്പിക്കാനുള്ള അവസാന തീയതി. പത്രിക പിൻവലിക്കാനുള്ള അവസാന തീയതി ജൂലൈ 19 ആണ്.

നാമനിർദേശപത്രിക മുഖ്യ ഇലക്ഷൻ കമ്മീഷണർ ബേബി ജോൺ ഊരാളിന് സമർപ്പിക്കേണ്ടതാണ്: John Uralil, Chairman of the Election Commission, 6 Carriage Lasne, Centereach, NY 11720 അല്ലെങ്കിൽ ഇ-മെയിൽ ചെയ്യുക (fomaaelection-2024@gmail.com.).

നോമിനേഷനുമായി ബന്ധപ്പെട്ട എല്ലാ ഫീസും ഇനിപ്പറയുന്ന വിലാസത്തിലേക്ക് അയയ്ക്കണം. ഫോമാ ട്രഷറർ ബിജു തോണിക്കടവിൽ 17916 Orange Grove Blvd, Loxahatchee, FL 33470 അല്ലെങ്കിൽ Zelle വഴി Fomaa2024dr.@gmail.com.

## ഓണത്തിന് ട്രൈസ്റ്റേറ്റിന്റെ നവനീതം

നീലീശ്വരം സദാശിവൻ കുഞ്ഞി

ഫിലാഡൽഫിയ: എന്നും പുതുമകൾ നിറഞ്ഞതാണ് ട്രൈസ്റ്റേറ്റ് കേരള





ഫോറത്തിന്റെ പൊന്നോണക്കാലത്തെ എല്ലാ പരിപാടികളും. ഓരോ വർഷവും ട്രൈസ്റ്റേറ്റ് എന്താണ് ചെയ്യുന്നതെന്ന് മറ്റ് സംഘടനകൾ അസൂയാവഹമായ രീതിയിൽ ഉറ്റുനോക്കുന്നതും ഈ പുതുമ തന്നെയാണ്. മെഗാതിരുവാതിരയും സ്വാദിഷ്ടവും വിഭവസമൃദ്ധവുമായ സദ്യയും സർവ്വോപരി ഹെലിക്കോപ്റ്ററിൽ പറന്നിറങ്ങിയ മഹാബലിത്തമ്പുരാനും കണ്ണിന് കൗതുകം മാത്രമല്ല വളരെ അത്ഭുതം ഉളവാക്കുന്നതുമായിരുന്നു.

ഇത്തവണ രാഗതാളലയങ്ങളുടെ രാജകുമാരനായ കൗമാരതാരം നവനീത് ഉണ്ണികൃഷ്ണനാണ് ട്രൈസ്റ്റേറ്റിന്റെ മുഖ്യാതിഥി. ഇതിനോടകം ഭാരതീയ സംഗീതത്തിൽ തനതായ വ്യക്തിമുദ്ര പതിപ്പിച്ച നവനീത് ഓണത്തിന്റെ സന്ദേശവും ഒപ്പം മനോഹര ഗാനങ്ങളും അവതരിപ്പിക്കും. ഈ വരുന്ന ഓഗസ്റ്റ് 31-ന് ശനിയാഴ്ച ഫിലാഡൽഫിയയിലെ സീറോമലബാർ ചർച്ച് ഓഡിറ്റോറിയത്തിലാണ് ഓണാഘോഷങ്ങൾ അരങ്ങേറുക.

അഭിലാഷ് ജോൺ (ചെയർമാൻ), 267 701 3623, ബിനു മാത്യു (ജനറൽ സെക്രട്ടറി) 267 893 9571, ഫിലിപ്പോസ് ചെറിയാൻ (ട്രഷറർ) 215 605 7310, ജോബി ജോർജ് (ഓണം ചെയർമാൻ) 215 470 2400, വിൻസന്റ് ഇമ്മാനുവേൽ (പ്രോഗ്രാം കോ-ഓർഡിനേറ്റർ) 215 880 3341, എന്നിവരടങ്ങിയ വിപുലമായ കമ്മിറ്റിയാണ് ഇത്തവണ സംഘാടക സമിതിയിലുള്ളത്.

## പത്മഭൂഷൺ റാമോജി റാവു അന്തരിച്ചു



ഹൈദരാബാദ്: ഈനാടു മാധ്യമ ഗ്രൂപ്പ് ചെയർമാനും റാമോജി ഫിലിം സിറ്റി സ്ഥാപകനുമായ റാമോജി റാവു (88) വിടവാങ്ങി. സംസ്കാരം റാമോജി ഫിലിം സിറ്റിയിൽ നടത്തി. ഭാര്യ: പരേതയായ രമാദേവി. മക്കൾ: കിരൺ (മാനേജിങ് ഡയറക്ടർ, ഈനാടു), പരേതനായ സുമൻ. മരുമക്കൾ: ശൈലജ (എംഡി, മാർഗദർശി ചിറ്റ് ഫണ്ട്സ്), വിജയേശ്വരി (എംഡി, റാമോജി ഫിലിം സിറ്റി). അവിഭക്ത ആന്ധ്രപ്രദേശിലെ കൃഷ്ണ ജില്ലയിൽ കർഷകകുടുംബത്തിൽ 1936-ൽ ആണ് ചെറുകുറി റാമോജി റാവുവിന്റെ ജനനം. 1962-ൽ 'മാർഗദർശി' എന്ന ചിട്ടിക്കമ്പനിയുമായി തുടക്കം. 1974-ൽ ആരംഭിച്ച 'ഈനാടു' പത്രം ഇപ്പോൾ തെലുങ്കിൽ പ്രചാരത്തിൽ ഒന്നാമതാണ്. 1983-ൽ ഉഷാകിരൺ മൂവീസ് എന്ന സിനിമാക്കമ്പനിയും 1995-ൽ ഈനാടു ടിവിയും തുടങ്ങി. സിനിമയ്ക്കുള്ള സമഗ്രസൗകര്യങ്ങളുമായി രണ്ടായിരത്തോളം ഏക്കറിലുള്ള റാമോജി റാവു ഫിലിം സിറ്റി 1997-ൽ യാഥാർഥ്യമാക്കി. ഡോൾഫിൻ ഹോട്ടൽസ്, പ്രിയ ഫുഡ്സ് തുടങ്ങിയവയുടെയും മേധാവിയാണ്. പത്മഭൂഷണും ബി.ഡി. ഗോയങ്ക അവാർഡും ലഭിച്ചിട്ടുണ്ട്. എഡിറ്റേഴ്സ് ഗിൽഡ് ഓഫ് ഇന്ത്യ മുൻ അധ്യക്ഷനാണ്. പ്രധാനമന്ത്രി നരേന്ദ്ര മോദി ഉൾപ്പെടെയുള്ളവരും എഡിറ്റേഴ്സ് ഗിൽഡും അനുശോചിച്ചു.

# അനുഗ്രഹ കൂട്ടായ്മയുടെ ഉത്സവമായി ബെൻസൻവില്ല് റിജോയ്സ് സമ്മർ ക്യാമ്പ്



ചിക്കാഗോ: ബെൻസൻവില്ല് തിരുഹൃദയ ക്നാനായ കത്തോലിക്കാ ഇടവകയിൽ റിജോയ്സ് സമ്മർ ക്യാമ്പ് ആവേശോജ്വലമായി നടത്തപ്പെട്ടു. സമ്മർ ക്യാമ്പ് ക്നാനായ റീജിയൻ ഡയറക്ടറും ഇടവക വികാരിയുമായ ഫാ. തോമസ് മുളനാൽ ഉദ്ഘാടനം ചെയ്തു.

വിവിധ ഇടവകകളിലെ കുട്ടികളുടെ ഒത്തുചേരൽ നല്ല ബന്ധങ്ങൾ വളർത്താനും ഒന്നിച്ചു വളരാനുമുള്ള അവസരമെന്ന് ഉദ്ഘാടനസന്ദേശത്തിൽ മുളവനാൽ അച്ചൻ പറഞ്ഞു.

മൂന്നു ദിവസങ്ങളിലായി നടന്ന ക്യാമ്പിൽ വിജ്ഞാനവും ഉല്ലാസവും വിശ്വാസവും സമുദായവും ഉൾച്ചേർന്ന വിഷയങ്ങൾ പങ്കുവെക്കപ്പെട്ടു. ക്നാനായ റീജിയന്റെ വിവിധ ഇടവകകളിൽ നിന്നും കുട്ടികൾ റിജോയ്സ് സമ്മർക്യാമ്പിൽ പങ്കെടുത്തു. സിസിഡി പ്രിൻസിപ്പൽ സഖറിയ ചേലയ്ക്കലിന്റെ നേതൃത്വത്തിൽ മുതിർന്നവരും യുവജനങ്ങളുമടങ്ങുന്ന കമ്മിറ്റി ഇതിനു നേതൃത്വം നല്കി. വ്യത്യസ്ഥ നിറങ്ങളിലുള്ള യൂണിഫോമുകൾ ധരിച്ച് വിവിധ ഗ്രൂപ്പുകൾ തിരിഞ്ഞ് മത്സരങ്ങൾ നടത്തപ്പെട്ടു.

ഏറ്റവും കൂടുതൽ പോയിന്റ് നേടിയ ഗ്രൂപ്പിന് സമ്മാനങ്ങൾ നല്കി. കുട്ടികളുടെ മാതാപിതാക്കളുടെ സജീവപങ്കാളിത്തം ക്യാമ്പിനുണ്ടായിരുന്നു. തൃശൂർ അതിരൂപതയുടെ സഹായമെത്രാൻ മാർ റ്റോണി നീലങ്കാവിൽ ക്യാമ്പ് സന്ദർശിച്ച് പ്രാർത്ഥിച്ച് കുട്ടികൾക്ക് ആശംസകൾ നേർന്നു.

# അമേരിക്കൻ സ്പെല്ലിംഗ് ബീ മത്സരത്തിൽ ഭൂരിഭാഗവും ഇൻഡ്യൻ കുട്ടികൾ

**കോര ചെറിയാൻ**

ഫിലാഡൽഫിയാ: കഴിഞ്ഞ മാസാവസാനം നടന്ന സ്ക്രിപ്പ്സ് നാഷണൽ സ്പെല്ലിംഗ് ബീ മത്സരത്തിൽ ഒോന്നാം സ്ഥാനം ഇൻഡ്യൻ മാതാപിതാക്കളുടെ ഏഴാം ക്ലാസ് വിദ്യാർത്ഥിയായ മകൻ ബൃഹത് സോമ (12) കരസ്ഥമാക്കി. 90 സെക്കന്റിനുള്ളിൽ 29 ഇംഗ്ലീഷ് വാക്കുകൾ കൃത്യമായി സ്പെൽ ചെയ്തു. അനേകലക്ഷം ജനങ്ങൾ ടെലിവിഷനിൽക്കൂടിയും ഓൺലൈനിലും വീക്ഷിച്ച സ്പെല്ലിംഗ് ബീ മത്സരം ഗേയ്ലോർഡ് നാഷണൽ റിസോർട്ട് ആൻഡ് കൺവെൻഷൻ സെന്റർ, മേരിലാൻഡ് സ്റ്റേറ്റിൽ ആണ് നടന്നത്. 1999-ന് മുൻപായി രണ്ടു ഇൻഡ്യൻ വംശ പരമ്പരയിലുള്ള കുട്ടികൾ താത്ക്കാലിക വിന്നർ സ്ഥാനം കരസ്ഥമാക്കിയിരുന്നു. 2019-ലെ മത്സരവേദിയിലുണ്ടായിരുന്ന എട്ട് മത്സരാർത്ഥികളിൽ ഏഴും ഇൻഡ്യൻ പാരമ്പര്യത്തിലുള്ളവരായിരുന്നു.




സ്ക്രിപ്പ്സ് നാഷണൽ സ്പെല്ലിംഗ് ബീ മത്സരത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിയ ബൃഹത് സോമ

ശക്തമായ മത്സരശേഷം നടന്ന പ്രസ്സ് കോൺഫറൻസിൽ ഭഗവത്ഗീതയിലെ ഭക്തിനിർഭരവും കാവ്യാത്മകവുമായ വേദവചനങ്ങൾ 80 ശതമാനവും ഓർമ്മയിൽ ഉണ്ടെന്നും കാണാപാഠമായി ഉച്ചരിക്കുവാൻ പ്രാപ്തനാണെന്നും സോമ മാദ്ധ്യമപ്രവർത്തകരെ അറിയിക്കുകയും ഏതാനും ശ്ലോകങ്ങൾ ഭക്തിയോടെ ആലപിക്കുകയും ചെയ്തു.

അമേരിക്കൻ കുടിയേറ്റത്തിൽ രണ്ടാം സ്ഥാനത്തുള്ള ഇൻഡ്യൻ വംശജരുടെ നിഷ്കപടമായ കുടുംബസ്നേഹവും കഠിനാദ്ധ്വാനവും വിദ്യാഭ്യാസത്തിനും സാമൂഹിക ബന്ധങ്ങൾക്ക് ഉത്തേജനവും ഊർജ്ജവും നൽകുന്നതായി പല സാമൂഹിക പ്രവർത്തകരും അവകാശപ്പെടുന്നു.

2022-ലെ ജനസംഖ്യാ ഗണനാനുസരണം ഇൻഡ്യയിൽ ജനിച്ച് അമേരിക്കയിൽ എത്തിയ 31 ലക്ഷത്തിലധികം കുടിയേറ്റക്കാരുടെ ശരാശരി പ്രതിവർഷ വരുമാനം 1,47,000 ഡോളറിൽ എത്തിയതായി സെൻസസ് റിപ്പോർട്ടിൽ പറയുന്നു.

2021-ൽ സ്പെഷ്യലൈസ്ഡ് തൊഴിലിനുവേണ്ടി അമേരിക്കൻ ഗവൺമെന്റ് അനുമതി നൽകിയ എച്ച്-1ബി വിസയിൽ 74 ശതമാനവും ഇൻഡ്യൻ യുവതീയുവാക്കൾക്കു ലഭിച്ചതിനോടൊപ്പം 2022-23 കാലഘട്ടത്തിൽ ഏകദേശം 2,69,000 ഇൻഡ്യൻ വിദ്യാർത്ഥികൾക്ക് അമേരിക്കൻ യൂണിവേഴ്സിറ്റികളിലും കോളേജുകളിലും അഡ്മിഷനും കിട്ടിയതായി ഇൻസ്റ്റിട്യൂട്ട് ഓഫ് ഇന്റർനാഷണൽ എഡ്യൂക്കേഷൻ പ്രസ്താവനയിൽ പറയുന്നു.

2016-ൽ ഇൻഡ്യൻ പ്രധാനമന്ത്രി നരേന്ദ്രമോദി അമേരിക്കൻ കോൺഗ്രസ്സിന്റെ ജോയിന്റ് സെക്ഷനെ സംബോധന ചെയ്തു നടത്തിയ പ്രസംഗത്തിൽ കോ-ചാമ്പ്യസായ ഇൻഡ്യൻ വംശ മത്സരാർത്ഥികളായ നിഹാർ ജാംഗയെയും ജയ്റാം ഹാത്വാറിനേയും പ്രത്യേകം അഭിനന്ദിച്ചു. ഇൻഡ്യൻ വംശകരായ അമേരിക്കൻ സ്റ്റുഡന്റ്സിനെ വീണ്ടും പുകഴ്ത്തിയതിനോടൊപ്പം ഉന്നത നിലകളിലേയ്ക്കുള്ള പ്രയാണം കഠിനാദ്ധ്വാനത്തിലൂടെ തുടരണമെന്നും ഉപദേശിച്ചു.



ലേഖകൻ

വീട്ടിൽ തെലുങ്ക് ഭാഷയിൽ സംസാരിച്ചാലും അമേരിക്കൻ സ്പെല്ലിംഗ് ബീ മത്സരത്തിൽ മുഖ്യമായും പങ്കെടുക്കുന്നത് ആന്ധ്രാപ്രദേശിൽനിന്നും തെലങ്കാനയിൽനിന്നും കുടിയേറിപാർത്തവരുടെ കുട്ടികളാണ്. സ്പെല്ലിംഗ് ബീ മത്സരം വേദിയിൽ നടക്കുമ്പോഴും പരസ്പരം മാതൃഭാഷയായ തെലുങ്കിൽതന്നെ സംസാരിക്കുന്നതായി ഒരു മത്സരാർത്ഥിയുടെ പിതാവ് ദസാറി വെളിപ്പെടുത്തി. കഴിഞ്ഞ വർഷത്തെ സ്പെല്ലിംഗ് ബീ ചാമ്പ്യൻഷിപ്പ് ആദ്യമായി ഗുജറാത്ത് സ്റ്റേറ്റിലെ ദേവ് ഷായ്ക്ക് കിട്ടിയതായി പിതാവ് ദേവൽ ഷാ അഭിമാന സമേതം വേദിയിൽ സന്നിഹിതരായവരെ അറിയിച്ചു. 2022-ലെ വിജയിയായ ഹാരിനി ലോഗന്റെ പിതാവ് എൻജിനീയറും മാതാവ് ഡോക്ടറുമാണ്.



ബൃഹത് സോമ മാതാപിതാക്കളോടും സഹോദരികളോടും ഒപ്പം

സ്പെല്ലിംഗ് ബീ മത്സരവേദിയിൽ എത്തിച്ചേരുവാൻ വേണ്ടി ഓക്സ്ഫോർഡ് ഇംഗ്ലീഷ് ഡിക്ഷണറിയിൻപ്രകാരം സാധാരണ ഉപയോഗത്തിലുള്ള 1,70,000-ത്തിലധികം വാക്കുകളുടെയും 47,000-ൽപ്പരം പഴകിയതും കാലോചിതമല്ലാത്തതുമായ വാക്കുകളുടേയും സ്പെല്ലിംഗ് മനഃപാഠമാക്കുവാനുള്ള ഉദ്യമം വിഭാവനയിലും വിദൂരതയിൽ തന്നെ.

# നാലാം ലോക കേരളസഭയിലേക്ക് ഫൊക്കാനയുടെ സാന്നിദ്ധ്യമായി ഡോ. ബാബു സ്റ്റീഫനും സംഘവും



ഡോ. ബാബു സ്റ്റീഫൻ

ഡോ. കലാ ഷഹി

ന്യൂയോർക്ക്: ലോകമെമ്പാടുമുള്ള കേരളീയർക്ക് ഒരു പൊതുവേദിയായി മാറിയ ലോക കേരളസഭ (എൽകെഎസ്)യുടെ നാലാം സമ്മേളനം 2024 ജൂൺ 13, 14, 15 തീയതികളിൽ നടക്കുമ്പോൾ അമേരിക്കൻ മലയാളികളുടെ സംഘടനകളുടെ സംഘടനയായ ഫൊക്കാനയുടെ സാന്നിദ്ധ്യമായി ലോക കേരളസഭയുടെ അഭിമാനമായ ഫൊക്കാന പ്രസിഡണ്ട് ഡോ. ബാബു സ്റ്റീഫന്റെ നേതൃത്വത്തിൽ ഫൊക്കാന ജനറൽ സെക്രട്ടറി ഡോ. കലാ ഷഹി, ട്രഷറർ ബിജു കൊട്ടാരക്കര, ഫൊക്കാന ഫോർമർ പ്രസിഡണ്ട് മന്മഥൻ നായർ, ഫൊക്കാന കൺവൻഷൻ ചെയർമാൻ ജോൺസൺ തങ്കച്ചൻ, ട്രസ്റ്റി ബോർഡ് വൈസ് ചെയർമാൻ സണ്ണി മറ്റമന, അഡീഷണൽ അസോസിയേറ്റ് സെക്രട്ടറി സോണി അമ്പൂക്കൻ, വിമൻസ് ഫോറം ചെയർ ബ്രിജിറ്റ് ജോർജ്, ചാരിറ്റി കോ-ഓർഡിനേറ്റർ ജോയി ഇട്ടൻ, കൺവൻഷൻ അസോസിയേറ്റ് ചെയർ വിജോയ് പാട്ടമ്പടി, ഫോർമർ സെക്രട്ടറി ടെറൻസൺ തോമസ്, ഇലക്ഷൻ കമ്മീഷണർ ഫിലിപ്പോസ് ഫിലിപ്പ്, ഫോർമർ എക്സിക്യൂട്ടീവ് വൈസ് പ്രസിഡണ്ട് ജെയ്ബു മാത്യു തുടങ്ങിയവർ പങ്കെടുക്കും.

ഫൊക്കാനയെ പ്രതിനിധീകരിച്ച് ലോക കേരളസഭയിൽ ഡോ. ബാബു സ്റ്റീഫൻ, ഡോ. കലാ ഷഹി എന്നിവർ സംസാരിക്കും. ലോക കേരളസഭയുടെ അമേരിക്കൻ മേഖലാസമ്മേളനത്തിന്റെ മുഖ്യ സ്പോൺസർ ആയിരുന്ന ഡോ. ബാബു സ്റ്റീഫൻ നാലാം ലോക കേരളസഭയുടെ മുഖ്യസാന്നിദ്ധ്യമാകും.

പ്രവാസികളെ സംബന്ധിക്കുന്ന നിരവധി വിഷയങ്ങൾ ലോക കേരളസഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുമെന്ന് ഡോ. ബാബു സ്റ്റീഫൻ അറിയിച്ചു. നമ്മുടെ സംസ്കാരം സംസ്ഥാനത്തിന്റെ ഭൂമിശാസ്ത്രപരമായ അതിരുകൾക്ക് പുറത്ത് ചടുലവും വ്യതിരിക്തവുമായ അസംഖ്യം കേരളങ്ങളെ സൃഷ്ടിച്ചു. കേരളത്തിനും പുറത്തുള്ള കേരളത്തിനും ഇടയിലുള്ള സാംസ്കാരിക, സാമൂഹിക, രാഷ്ട്രീയ, സാമ്പത്തിക സഹകരണം സുഗമമാക്കുന്നതിനും ആഗോള കേരള സമന്വയത്തിന്റെ സൃഷ്ടിയിലേക്ക് നയിക്കുന്നതിനും ഒരു ജനാധിപത്യ ഇടം രൂപപ്പെടേണ്ടത് അത്യന്താപേക്ഷിതമാണ്. ലോകമെമ്പാടുമുള്ള കേരളീയർക്ക് ഒരു പൊതുവേദിയായി ലോക കേരളസഭ (എൽകെഎസ്) മാറുന്നതിൽ അഭിമാനമുണ്ടെന്നും ഡോ. ബാബു സ്റ്റീഫൻ പറഞ്ഞു.

കുടിയേറ്റം മനുഷ്യസമൂഹത്തെ നിരന്തരം പരിവർത്തനം ചെയ്യുകയും ഒരു പുതിയ ലോകത്തെ രൂപപ്പെടുത്തുകയും ചെയ്യുന്നു. നവോത്ഥാന കേരളത്തെ വാർത്തെടുക്കുന്നതിൽ നിർണായക പങ്കുവഹിച്ച കുടിയേറ്റം ലോക കേരളസഭയുടെ സംഘാടനത്തിലൂടെ പുതിയ കാഴ്ചകൾ തേടുകയും അമേരിക്കൻ മലയാളികൾ ഉൾപ്പെടെയുള്ള പ്രവാസി സമൂഹത്തിന് ഒരുമിച്ചിരുന്ന് അവരുടെ പ്രശ്നങ്ങളും ചർച്ച ചെയ്യുവാൻ ലഭിക്കുന്ന ഈ ഉദ്യമത്തിൽ ഫൊക്കാനയും സന്തോഷിക്കുന്നതായി ഫൊക്കാന ജനറൽ സെക്രട്ടറി ഡോ. കലാ ഷഹി അറിയിച്ചു.

ലോക കേരളസഭ എന്ന ആശയം യാഥാർത്ഥ്യമായതോടെ ഇന്ത്യൻ ജനാധിപത്യ ചരിത്രത്തിൽ ഒരു പുതിയ അദ്ധ്യായം തുറന്നതായി ഫൊക്കാന ട്രഷറർ ബിജു കൊട്ടാരക്കര അറിയിച്ചു. പ്രവാസികളുടെ ജനാധിപത്യത്തിൽ ഇടപെടുന്നതിനും അവരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും അവരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുമുള്ള ഒരു പൊതുവേദി എന്ന നിലയിൽ ലോക കേരളസഭ ഒരു മാതൃകയാണ്. ഇനിയും പ്രവാസി ക്ഷേമപ്രവർത്തനങ്ങൾ കൂടുതൽ ജനാധിപത്യപരവും പ്രയോജനകരവുമായി മാറുമെന്ന് പ്രതീക്ഷിക്കുന്നതായി ഫൊക്കാന കൺവൻഷൻ ചെയർമാൻ ജോൺസൺ തങ്കച്ചൻ പറഞ്ഞു. നവോത്ഥാന കേരളത്തെ വാർത്തെടുക്കുന്നതിൽ നിർണായക പങ്കുവഹിച്ച പ്രവാസികളുടെ കുടിയേറ്റം ലോക കേരളസഭയുടെ സംഘാടനത്തിലൂടെ പുതിയ കാഴ്ചകൾ തേടുമ്പോൾ തീർച്ചയായും ഫൊക്കാനയും ഒപ്പം കൂടുന്നു. ആശംസകളോടെ!



ഡോ. കലാ ഷഹി



ബിജു കൊട്ടാരക്കര




മന്മഥൻ നായർ



ബ്രിജിറ്റ് ജോർജ്



ജോൺസൺ തങ്കച്ചൻ



ജെയ്ബു മാത്യു കുളങ്ങര



ടെറൻസൺ തോമസ്



ഫിലിപ്പോസ് ഫിലിപ്പ്



വിജോയ് പാട്ടമ്പടി



ജോയി ഇട്ടൻ



സോണി അമ്പൂക്കൻ



സണ്ണി മറ്റമന

# THANNIKKARY VACATION HOME

## S.H.MOUNT P.O., KOTTAYAM 686006, KERALA

**FEATURES:**
Free Wi-Fi, Plenty of parking, Beautician near by, Mosquito proof house, Currency exchange near by, Cook available to cook with your choice, Kottayam Railway Station & Town near by, Excellent ayurvedic massage place near by, All Bedrooms are AC with attached bathrooms



For booking:
ABRAHAM THANNIKARI
USA - 630 491-6165
India - +91 815 692-0366 and +91 965 616-8399
athannikari@hotmail.com







Part - I

## DOCTORS, HOSPITALS, AND JESUS OF NAZARETH

# ROOTS OF MEDICINE AND NURSING

*Peter J. Floriani defines hospital as an "organized and complex system of highly trained professionals, having a wide variety of skills, all of which are aimed at identification and treatment and care of a suffering human being." The root word for hospital relates to the concept of hospitality, and the word clinic is rooted in the Greek word kline, which means "bed". Let us briefly examine the history of this complex system called hospital to see the historic connection between modern hospitals and the compassion of Jesus.*

**Ancient History**

The documented history of humanity's work to heal the sick begins with the Code of Hammurabi, which was written around 1900 BC. This code recommended both religious and other treatments of patients and included clear ethical guidelines. Unethical physicians and those involved in malpractice were threatened with severe punishments. "A doctor's fee for curing a severe wound would be 10 silver shekels for a gentleman, five shekels for a freedman and two shekels for a slave." Obviously, the fee for treating a patient was very high and beyond the reach of ordinary individuals.

Historians say that Egyptian documents dating to 1700 BC describe certain surgical procedures in detail. Other documents, from 1600 BC, describe medications to be prescribed as well as religious incantations to be used. The Egyptians treated the visible symptoms as well as dealt with the religious aspects of illness. Some treatments included drugs and sorcery.


According to The Catholic Encyclopedia, ancient hospitals appear to have existed in Ireland (the Broin Bearg, "House of Sorrow") in 300 BC and in India in 252 BC during King Ashoka's reign. Similar institutions may have existed in Mexico. Based on available information, it is not possible to prove the existence of hospitals as we know them now in these ancient times, although the existence of efforts to alleviate illness and suffering is abundantly clear. It is also clear that the medical work done in these places was connected to the religions of the respective regions.

**Dr. Thomson K. Mathew**

It is believed that the earliest physicians were more like itinerant evangelists. They traveled with their instruments and pharmacies (herbs and pharmaceutical materials in bags) to the sick who could afford their services. The poor went to the temples for treatment.

**Scientific Medicine**

During the period 460–377 BC, Hippocrates of Cos (off the coast of modern Turkey) emerged as a healer. He is considered the father of modern medicine. He believed that sickness was a natural process that was not related to religion, morality, or God's anger. Hippocrates focused on the patient's hygiene, nutrition, and exercise in relation to healing and well-being. He defined the physician as a practitioner of science, not a priest. Diagnosis was based on observation, logic, and integrity. Hippocrates believed that the patient's atmosphere, not the treatment provided, played the most important role in his or her recovery.



Dr. Thomson K. Mathew

It is believed that among the ancient Romans, the head of the household treated sick family members with the help of slaves who had medicinal knowledge. The Romans provided societal support for healing, such as providing clean water made available through aqueducts and sewer systems to maintain environmental hygiene. They employed individuals specially trained to treat the wounded in their armies. Remains of military hospitals have been found in the Roman Empire. The best ones were found in lower Germany and Switzerland, where numerous ancient medical instruments were found.

Sadly, during all this history, the poor and the oppressed were almost always excluded or abandoned. This situation changed only after the life, death, and resurrection of Jesus and the expansion of the Christian faith across the Roman Empire. One must not forget a physician (in the Bible) by the Greek name Luke, who reported the healing work of Jesus in his first book (Gospel of Luke). Jesus' parable of the good Samaritan had a great impact on civilizations in terms of caring for the sick and wounded.

**Hebrew (Jewish) and Greek Approaches**

The Jewish approach to the sick and afflicted was fundamentally different from that of other nations and people. Their health and well-being revolved around their God and depended on their relationship with Him. Starting with the Passover, the Hebrews were instructed to depend on God and follow His commandments to maintain their health and to receive healing when needed. They received this assurance from God:

(see page 31)

## ചിക്കാഗോ എക്യുമെനിക്കൽ കുടുംബസംഗമം സന്തോഷപൂരിതമായി

**ഏലിയാമ്മ പുന്നൂസ്**

ചിക്കാഗോ: എക്യുമെനിക്കൽ കൗൺസിൽ ഓഫ് കേരള ചർച്ചസ് ഇൻ ചിക്കാഗോയുടെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ട കുടുംബ സംഗമം ഏവർക്കും സന്തോഷത്തിന്റെ അനുഭവമായി. മാർ ത്തോമ്മാ ശ്ലീഹാ സീറോമലബാർ കത്തീഡ്രൽ ഓഡിറ്റോറിയത്തിൽ നടത്തപ്പെട്ട കുടുംബസംഗമം സ്നേഹവിരുന്നോടെ ആരംഭിച്ചു. പൊതുസമ്മേളനത്തിനു മുമ്പായി ചിക്കാഗോ ചെണ്ട ക്ലബ് അവതരിപ്പിച്ച ചെണ്ടമേളം പ്രോഗ്രാമിന് മികവുള്ളതായി. റവ.ഡോ. എം.ജെ. തോമസിന്റെ പ്രാരംഭപ്രാർത്ഥനയോടെ പൊതുസമ്മേളനം ആരംഭിച്ചു. കുടുംബസംഗമത്തിന്റെ കൺവീനർ മാത്യു മാപ്ലേറ്റ് ഏവരെയും സ്വാഗതം ചെയ്തു. എക്യുമെനിക്കൽ കൗൺസിൽ പ്രസിഡണ്ട് വെരി റവ. സ്കറിയ തേലപ്പിള്ളിൽ കോർ എപ്പിസ്കോപ്പ അദ്ധ്യക്ഷപ്രസംഗം നടത്തി.




കുടുംബസംഗമത്തിന്റെ മുഖ്യാതിഥി അഭിവന്ദ്യ മാർ ജേക്കബ് അങ്ങാടിയത്ത് കുടുംബജീവിതത്തെപ്പറ്റിയുള്ള അർത്ഥവത്തായ സന്ദേശം നല്കുകയും തുടർന്ന് ഭദ്രദീപം തെളിച്ച് സമ്മേളനത്തിന്റെ ഉദ്ഘാടനം നിർവഹിക്കുകയും ചെയ്തു.

സാമ്പത്തിക സഹായം നല്കിയ സ്പോൺസേഴ്സിനെ പ്രോഗ്രാം കോ-ഓർഡിനേറ്റർ ജോയ്സ് ചെറിയാൻ നന്ദി അറിയിക്കുകയും ഫലകങ്ങൾ നല്കി ആദരിക്കുകയും ചെയ്തു. തൊണ്ണൂറോ അതിലധികമോ പ്രായമുള്ള മാതാപിതാക്കളെ പൊന്നാട അണിയിച്ച് ആദരിക്കുന്ന ചടങ്ങും ഈ വർഷത്തെ പ്രത്യേകത ആയിരുന്നു. ഏലിയാമ്മ പുന്നൂസ് ഈ ചടങ്ങിന് നേതൃത്വം നല്കി. കൗൺസിൽ സെക്രട്ടറി പ്രേംജിത് വില്യംസ് സമ്മേളനത്തിൽ സംബന്ധിച്ച ഏവർക്കും നന്ദി രേഖപ്പെടുത്തി. എംസിയായി ചുമതലവഹിച്ച ജേക്കബ് ജോർജ് പൊതുസമ്മേളനത്തിന്റെ നടപടികൾ നിയന്ത്രിച്ചു.


പൊതുസമ്മേളനാനന്തരം നടത്തപ്പെട്ട കൾച്ചറൽ പ്രോഗ്രാമിൽ വിവിധ ദേവാലയങ്ങളിൽ നിന്നുമുള്ള മനോഹരങ്ങളായ നൃത്തങ്ങൾ, സ്കിറ്റ്, ഗാനങ്ങൾ എന്നിവ ഏവരുടെയും പ്രശംസ ഏറ്റുവാങ്ങി. സമ്മേളനത്തിൽ റാഫിളിലൂടെ തെരഞ്ഞെടുക്കപ്പെട്ട വ്യക്തികൾക്ക് സമ്മാനങ്ങൾ നല്കി. ജാസ്മിൻ ഇമ്മാനുവേലും അലോന ജോർജും കൾച്ചറൽ പ്രോഗ്രാമിന്റെ എംസിമാരായി പ്രവർത്തിച്ചു. റവ. ജോ വർഗീസ് മലയിൽ സമാപനപ്രാർത്ഥന നടത്തി. അഭിവന്ദ്യ അങ്ങാടിയത്ത് പിതാവിന്റെ ആശീർവാദ പ്രാർത്ഥനയോടെ കുടുംബസംഗമം സമാപിച്ചു.

കുടുംബസംഗമത്തിന്റെ നടത്തിപ്പിന് റവ. ജോ വർഗീസ് മലയിൽ (ചെയർമാൻ), മാത്യു മാപ്ലേറ്റ് (കൺവീനർ), ജോയ്സ് ചെറിയാൻ (പ്രോഗ്രാം കോ-ഓർഡിനേറ്റർ) കൂടാതെ 30 അംഗ കമ്മിറ്റി നേതൃത്വം നല്കി.

രക്ഷാധികാരികളായി അഭിവന്ദ്യ മാർ ജേക്കബ് അങ്ങാടിയത്ത്, മാർ ജോയി ആലപ്പാട്ട്, വെരി റവ. സ്കറിയ തേലപ്പിള്ളിൽ കോർ എപ്പിസ്കോപ്പ (പ്രസിഡണ്ട്), റവ. ജോ വർഗീസ് മലയിൽ (വൈസ് പ്രസിഡണ്ട്), പ്രേംജിത് വില്യം (സെക്രട്ടറി), ജേക്കബ് ജോർജ് (ട്രഷറർ), ബീന ജോർജ് (ജോ. സെക്രട്ടറി), വർഗീസ് പാലമലയിൽ (ജോ. ട്രഷറർ) എന്നീ എക്സിക്യൂട്ടീവ് കമ്മിറ്റി എക്യുമെനിക്കൽ കൗൺസിലിന് നേതൃത്വം നല്കുന്നു.

## മൂപ്പൻ

മഴക്കാലം വന്നുപോയി വെയിലേറ്റു
മുഖമെല്ലാം വാടി തുടങ്ങി
വയലുകൾക്കപ്പുറം നടന്നിരുന്ന കാൽപാദത്തിനു
വടിയുണ്ടു കൈയിൽ വഴികാട്ടി ആയി
ഉഴുതിയ പാടത്തിലെ ഇരയെ തേടി
നിരനിരയായി പറക്കുന്ന പക്ഷികൾ പറ്റമായി ചേർന്ന്
അടുത്ത വീട്ടിലെ കുസൃതികുട്ടികൾ
മൂപ്പൻ എന്നു എന്നെ വിളിച്ചീടുമ്പോൾ
താടിയിൽ തലോടി ഞാൻ ഓർത്തീടും
എൻ കൗമാരപ്രായത്തിലെ വേലകൾ
പുലരിയിലെ വെയിൽ ഏൽക്കുവാൻ-നടക്കുന്നു
നടപാതയിൽ കൂടി, വിറക്കുന്ന കാൽകളിൽ
മൂളി പറക്കുന്ന തുമ്പികൾ എൻ തലയ്ക്കുമേലെ
എന്തൊക്കെയോ എന്നോടു പറയുന്നപോലെ
മക്കൾ എല്ലാം അവരുടെ പാതയിൽ
മരുമക്കളെല്ലാം ഉലകം ചുറ്റീടുമ്പോൾ
പാതിരി-പള്ളിയിൽ അലർച്ചയിൽ പ്രാർത്ഥനാ
ഞാനും എൻ സഖിയും റ്റീവിയിൽ ജീവിതം.



ജെയിംസ് ചെട്ടിയാത്ത്

# ജൂൺറ്റീന്ത് (ജൂൺ 19)

കറുത്ത വർഗ്ഗക്കാർ ഒരുകാലത്ത് വെള്ളക്കാരുടെ അടിമകളായിരുന്നു. അവർ അന്ന് അനുഭവിച്ച പീഡനങ്ങളുടെയും വേദനകളുടെയും കഥകൾ മനുഷ്യമനസ്സാക്ഷിയെ ഞെട്ടിപ്പിക്കുന്നതാണ്. ലോകം മുഴുവൻ കോളനികൾ സ്ഥാപിക്കാൻ ഇറങ്ങിപ്പുറപ്പെട്ട പോർച്ചുഗീസുകാരാണ് ട്രാൻസ് അറ്റ്ലാന്റിക് അടിമത്വത്തിന് തുടക്കം കുറിച്ചത്. പിന്നീട് ഫ്രാൻസ്, നെതർലാന്റ്, ഡെന്മാർക്ക് എന്നീ രാജ്യങ്ങൾ അടിമക്കച്ചവടത്തിൽ ഏർപ്പെട്ടു. ലോകം മുഴുവൻ കൊള്ളയടിച്ചും പറ്റിച്ചും വെട്ടിപ്പിടിച്ചും സൂര്യൻ അസ്തമിക്കാത്ത നാടായി വളർന്ന ബ്രിട്ടൺ അടിമക്കച്ചവടത്തിൽ ഒന്നാമതായി. ബ്രിട്ടീഷ് വെള്ളക്കാർ ആഫ്രിക്കൻ വനാന്തരങ്ങളിൽ കയറി ഉരുക്കുമുഷ്ടിയിൽ അവിടെ താമസിച്ചിരുന്ന കറുത്ത വർഗ്ഗക്കാരെ മനുഷ്യരായി കാണാതെ അടിമകളാക്കി ലോകത്തിന്റെ നാനാദേശങ്ങളിൽ വിറ്റു. അങ്ങനെ 1619 മുതൽ അടിമകൾ ബ്രിട്ടീഷ് കോളനിയായ അമേരിക്കയിലും എത്തിത്തുടങ്ങി.



ടോമി ആലപ്പുറത്ത്

അടിമകളിൽ ഭൂരിഭാഗവും വന്നിരുന്നത് ആഫ്രിക്കയുടെ പടിഞ്ഞാറൻ തീരപ്രദേശങ്ങളായ കോംഗോ, അങ്കോള, നമീബിയ, ഗാബോൺ, ഗാബിയോ തുടങ്ങിയ പ്രദേശങ്ങളിൽ നിന്നുമായിരുന്നു. പല അടിമകളും കടൽയാത്രയുടെ ദുരിതത്തിൽ തന്നെ മരണപ്പെട്ടു. അവരെ കടലിൽ എറിയുകയായിരുന്നു പതിവ്. അടിമകളെ കുത്തിനിറച്ചു കൊണ്ടുവന്നിരുന്ന പല കപ്പലുകളെയും കടൽകൊള്ളക്കാർ തട്ടിക്കൊണ്ടുപോയി വിറ്റിരുന്നത് ആ കാലത്ത് പതിവായിരുന്നു. കാട്ടിൽയാതൊരു ആയുധങ്ങളുമില്ലാതെ ജീവിച്ചിരുന്ന കറുത്ത ഗോത്രവർഗ്ഗക്കാരുടെ സ്വസ്ഥജീവിതം നശിപ്പിച്ച ക്രിസ്തുവിശ്വാസികളായ ഈ യൂറോപ്യന്മാർ വിറ്റത് ലക്ഷക്കണക്കിന് കറുത്തമനുഷ്യരെയാണ്. കുറച്ച് കാർഷികവൃത്തിയുമായി ഭാര്യയും കുഞ്ഞുങ്ങളുമായി കാട്ടിൽ വളരെ ലളിതമായി ജീവിച്ചിരുന്ന മനുഷ്യരെയാണ് ഇങ്ങനെ വിറ്റിരുന്നത്.

ഒന്നാം ലോകമഹായുദ്ധവും രണ്ടാം ലോകമഹായുദ്ധവും യൂറോപ്യന്മാരുടെ അഹങ്കാരത്തിന്റെ ഫലമാണ്. 80 ലക്ഷം യഹൂദന്മാരെ കൂട്ടക്കുരുതി നടത്തിയതിൽ അന്ന് അവർക്ക് ഒരു കുറ്റബോധവും ഇല്ലായിരുന്നു. പേപ്പൽ സാമ്രാജ്യത്തിന്റെ ഒത്താശയോടെ അന്നത്തെ ജർമ്മൻ വാർ ക്രിമിനലുകളെ വ്യാജ പെർമിറ്റുകൾ ഉണ്ടാക്കി അർജന്റീനയിലേക്ക് രക്ഷപ്പെടുത്തിയത് ചരിത്രസത്യമാണ്. അതിൽ ഒരാളായ അഡോൾഫ് ഏക്ക്മാനെ ഇസ്രയേൽ പിടിച്ചുകൊണ്ടുവന്ന് വിചാരണ നടത്തി തൂക്കിക്കൊന്നത് നാം കണ്ടതാണ്. അടിമവ്യാപാരം എന്ന കൊടും തിന്മയിൽ ഈ യൂറോപ്യന്മാർ മുമ്പിലായിരുന്നു.

അമേരിക്കൻ ഐക്യനാടുകളിലെ ബ്രിട്ടീഷ് കോളണിസത്തിന്റെ ഭാഗമായി അടിമകളായി എത്തിയ ആഫ്രിക്കയിലെ സാധുക്കളായ മനുഷ്യർ കൊടിയ പീഡനത്തിന്റെയും ബലാൽസംഗത്തിന്റെയും ഭയത്താൽ മൃഗങ്ങളെപ്പോലെ പണിയെടുത്തു. അമേരിക്കയിലെ വിർജീനിയ മുതൽ ഫ്ളോറിഡയും കടന്ന് ടെക്സസ് വരെയുള്ള നീണ്ടപ്രദേശങ്ങൾ അടിമകളെക്കൊണ്ട് വെള്ളക്കാർ ലാഭകൊയ്തു. പിന്നീട് ഈ അടിമകൾ ലാന്റ് ലോർഡ്സിന്റെ പ്രീതിക്ക് പാത്രമാകുകയും അവർക്ക് ചില ഇളവുകൾ ലഭിക്കുകയും ചെയ്തു. അവരിൽ പലരും യജമാനന്മാരുടെ ബലാൽസംഗ സന്തതികളായിരുന്നു.

അമേരിക്കയിൽ ബ്രിട്ടീഷ് കോളണിസം അവസാനിക്കുന്നത് 1783-ൽ ആണ്. 1789-ൽ ജോർജ് വാഷിങ്ടൺ അമേരിക്കയുടെ ആദ്യത്തെ പ്രസിഡണ്ടായി. ആ കാലത്ത് കേരളത്തിലെ എട്ടുവീട്ടിൽ പിള്ളമാരെ പോലെ കുറെ ലാന്റ് ലോഡ്സ് പിടി വിട്ടുകൊടുക്കാതെ അമേരിക്കയിലും ബലം പിടിച്ചുനിന്നിരുന്നു. അവരെയൊന്നും വെറുപ്പിക്കാൻ അക്കാലത്തെ ഭരണകൂടം തുനിഞ്ഞിരുന്നില്ല. കാലാകാലമായി വന്ന അമേരിക്കൻ പ്രസിഡണ്ടുമാർക്ക് അടിമത്തം ഇല്ലാതാക്കണമെന്ന് ആഗ്രഹമുണ്ടായിരുന്നെങ്കിലും ഈ മുതലാളിമാരെ വെറുപ്പിക്കാതെ ഭരണം കൊണ്ടുപോയിരുന്നു. ഇതിനിടയിൽ അടിമത്ത രീതിയിൽ പല മാറ്റങ്ങൾ ഉണ്ടാകുകയും കോൺഗ്രസിൽ ഈ കാര്യം ചർച്ച ചെയ്ത് പല പ്രമേയങ്ങളും പാസാക്കപ്പെടുകയും ചെയ്തു.

ഏബ്രഹാം ലിങ്കൺ 1861-ൽ അമേരിക്കൻ പ്രസിഡണ്ടായി സ്ഥാനമേറ്റു. അദ്ദേഹത്തിന്റെ ദൃഢനിശ്ചയങ്ങളിലൊന്നായിരുന്നു അമേരിക്കയിൽ അടിമക്കച്ചവടവും അടിമത്തവും നിർത്തലാക്കി നിരപരാധികളായ ഈ കറുത്ത വർഗ്ഗക്കാർക്ക് മാനുഷികമായി സ്വാതന്ത്ര്യം നല്കുക എന്നത്. ആ കാലഘട്ടത്തിൽ കറുത്ത വർഗ്ഗക്കാർ പലകാര്യങ്ങളിലും മുന്നാക്കപ്രയാണം ആരംഭിച്ചുകഴിഞ്ഞിരുന്നു. 'ദി റൂട്ട്സ്' എന്ന ഡോക്കുമെന്ററിയിൽ കറുത്ത വർഗ്ഗക്കാരനായ ചിക്കൺ ജോർജ് വെള്ളമുതലാളിക്കുവേണ്ടി എല്ലാ കോഴിപ്പോരിലും ഒന്നാമനാകുകയും ധാരാളം സ്വത്തുക്കൾ മുതലാളി സമ്പാദിക്കുകയും ചെയ്തു. ആ സന്തോഷത്തിൽ ജോർജിനെ അടിമത്വത്തിൽ നിന്ന് മുതലാളി സ്വതന്ത്രനാക്കുകയും ചെയ്തു. ഇങ്ങനെ കറുത്തവർഗ്ഗക്കാരുടെ പടിപടിയായുള്ള ഉയർച്ച ഇന്ന് അമേരിക്കയിൽ എല്ലാ മേഖലകളിലും നമുക്കു കാണുവാൻ സാധിക്കും. ഇന്ന് ഒഴിവാക്കാൻ പറ്റാത്ത ശക്തിയായി ഈ അടിമകളുടെ തലമുറകൾ എത്തിച്ചേർന്നതിലൂടെ കാലം നമുക്ക് ഒരു താക്കീത് തരുന്നുണ്ട്. ഇവിടെ വർണ്ണ, ജാതി വ്യത്യാസം ആരുണ്ടാക്കിയാലും കാലം അതിനെ മാറ്റിമറിക്കും. കേരളത്തിലെ ഒരു അപ്പൻ ഇവിടെ ജനിച്ചുവളർന്ന മകൾ ഒരു കറുമ്പനെ പ്രണയിച്ചെന്ന പേരിൽ ആ പ്രണയം ഛിന്നഭിന്നമാക്കി. പള്ളിയിൽ ഒരു അച്ചൻ പ്രസംഗിച്ചത് നമ്മുടെ മക്കൾ കറുമ്പന്റെ അല്ലെങ്കിൽ കറുമ്പിയുടെ കൂടെ പോകാതിരിക്കാൻ നമ്മൾ ശ്രദ്ധിക്കണം. പാരിൽ മനുഷ്യകുലം ഒന്ന് എന്നേയുള്ളൂ എന്ന് മനസ്സിലാക്കാൻ മനുഷ്യൻ എത്രകാലം കൂടി സഞ്ചരിക്കണം? ഏബ്രഹാം ലിങ്കൺ അദ്ദേഹത്തിന്റെ ജീവൻ ബലികൊടുത്തത് ഇവിടുത്തെ കറുത്ത മനുഷ്യരാശിക്കു വേണ്ടിയാണ് എന്നത് പരമസത്യം.

ഏബ്രഹാം ലിങ്കൺ 1863 ജനുവരി ഒന്നാം തീയതിയാണ് അമേരിക്കയിൽ ഇനിമുതൽ അടിമ വ്യാപാരമോ അടിമ സമ്പ്രദായമോ പാടില്ലെന്ന പ്രഖ്യാപനം നടത്തിയത്. എന്നാൽ, പല സ്റ്റേറ്റുകളിലും ഈ പ്രഖ്യാപനത്തിന്റെ ഡോക്കുമെന്റ് എത്തിയില്ല. ചിലപ്പോൾ ഈ സ്റ്റേറ്റുകളുടെ മുതലാളിമാർ ആ പ്രഖ്യാപനം മറച്ചുവെച്ചതായിരിക്കാം. ടെക്സസിലെ അടിമകൾ ഇങ്ങനെ ഒരു പ്രഖ്യാപനം ഉണ്ടായതായി അറിഞ്ഞതേയില്ല. അക്കാലത്ത് അമേരിക്കയിൽ ഒരു സിവിൽ യുദ്ധവുംകൂടി നടക്കുകയായിരുന്നല്ലോ.




19 ജൂൺ 1865-ൽ അമേരിക്കൻ യൂണിയൻ ഭടന്മാർ ജനറൽ ഗോർടോൺ ഗ്രേൻജറുടെ നേതൃത്വത്തിൽ ടെക്സസിലെ ഗാൾവസ്റ്റണിൽ വരുകയും അനേകം അടിമകളെ മുക്തരാക്കുകയും ഏബ്രഹാം ലിങ്കന്റെ ഉത്തരവ് അറിയിക്കുകയും ചെയ്തു. അന്നുമുതൽ ടെക്സസിലെ കറുത്ത അടിമകൾ മോചിതരായി. അതിന്റെ ഓർമ്മയ്ക്കായി ജൂൺ 17, 2021-ൽ വൈറ്റ് ഹൗസിൽ വെച്ച് പ്രസിഡണ്ട് ജോ ബൈഡൻ ജൂൺ 19-ന് ഫെഡറൽ ഹോളിഡേ ആയി പ്രഖ്യാപിക്കുകയും ആ ദിവസത്തെ ജൂൺറ്റീന്ത് ആയി അറിയപ്പെടുകയും ചെയ്യുന്നു.

ഏബ്രഹാം ലിങ്കൺ എന്ന മനുഷ്യസ്നേഹി മുതലാളി പരിഷകളുടെ വെടിയുണ്ടകൾക്ക് മുമ്പിൽ ചേതനയറ്റ് രക്തമൊഴുക്കിയെങ്കിൽ കറുമ്പനെ അല്ലെങ്കിൽ കറുമ്പിയെ പ്രണയിക്കുന്ന മക്കളെ കൊന്നു കളയുമെന്ന് ഭീഷണിപ്പെടുത്തുന്ന മാതാപിതാക്കൾക്ക് ഏബ്രഹാം ലിങ്കൺ എന്ന മനുഷ്യസ്നേഹിയെ പാഠമാക്കാം. അദ്ദേഹത്തിന്റെ ഓർമ്മകൾക്ക് പ്രണാമം! ജൂൺ 19 എന്ന ചരിത്രനിമിഷത്തെ ജൂൺറ്റീന്ത് എന്ന പേരിൽ ലോകം അറിയുമ്പോൾ ചരിത്രത്തിൽ ഉറങ്ങിക്കിടക്കുന്ന അടിമ പീഡനങ്ങളുടെയും അവർ അനുഭവിച്ച വേദനകളുടെയും കറുത്ത അദ്ധ്യായങ്ങളെ നമുക്ക് വീണ്ടും ഓർക്കാം.




## റിവൈവൽ ഹൂസ്റ്റൺ മീറ്റിങ്ങുകൾക്ക് തുടക്കമായി

ജോയ് തുമ്പമൺ

ഹൂസ്റ്റൺ: 2005 മുതൽ എല്ലാ വർഷവും ഹൂസ്റ്റണിൽ വെച്ച് നടക്കുന്ന റിവൈവൽ മീറ്റിങ്ങുകൾ ഈ വർഷവും ജൂൺ 9-ന് ആരംഭിച്ചു. രാവിലെ 10 മണിക്കും ഉച്ചയ്ക്ക് രണ്ടിനും നടന്ന മീറ്റിങ്ങുകൾ പ്രാർത്ഥനാ മീറ്റിങ്ങുകളും ബൈബിൾ പഠനങ്ങളുമായിരുന്നു. വൈകിട്ട് 7-ന് നടന്ന പൊതുയോഗങ്ങളിൽ പാസ്റ്റർ ഗ്ലാഡ്സൺ വർഗീസ്, ഡോ. വിൽസൺ വർക്കി, ഡോ. സാബു വർഗീസ്, ഡോ. മാത്യു ജോർജ് എന്നിവർ ദൈവവചനത്തിൽ നിന്നു മുഖ്യസന്ദേശങ്ങൾ അറിയിച്ചു. പ്രമുഖ പ്രഭാഷകരാണ് ഈ ദൈവദാസന്മാർ.

ജൂൺ 9 മുതൽ 13 വരെ ഡെസ്റ്റിനി സെൻട്രലിലും ജൂൺ 14, 15 തീയതികളിൽ യുവജനങ്ങൾക്കായി ഊന്നൽ കൊടുക്കുന്ന മീറ്റിങ്ങുകളിൽ പാസ്റ്റർ ഗ്ലെൽ ബെഡസ്കീയും പ്രസംഗിക്കുന്നു. ഈ മീറ്റിങ്ങുകൾ ഇന്റർനാഷണൽ ബൈബിൾ ചർച്ചിൽ വെച്ച് നടക്കുന്നതാണ്. യുവജനങ്ങളുടെയും ഇംഗ്ലീഷ് സംസാരിക്കുന്നവരുടെയും വലിയ പങ്കാളിത്തം ഈ മീറ്റിങ്ങുകളിൽ ഉണ്ടാകുമെന്ന് സംഘാടകർ പ്രതീക്ഷിക്കുന്നു.

അമേരിക്കയുടെ ഉണർവ്വിനു വേണ്ടി പ്രാർത്ഥിക്കുന്ന ഈ സമ്മേളനങ്ങൾ ഹൂസ്റ്റൺ പട്ടണത്തിനു മാത്രമല്ല, ലോകരാഷ്ട്രങ്ങളുടെ സമാധാനത്തിനു വേണ്ടിയും പ്രാർത്ഥിക്കുന്നു. തത്സമയം സംപ്രേക്ഷണം 'പ്രയർ മൗണ്ട് മീഡിയ' നിർവഹിക്കും. കൂടുതൽ വിവരങ്ങൾക്ക്: പി.കെ. തോമസ് 832 428 7645.

## സർക്കാർ ഉദ്യോഗസ്ഥർക്ക് വിദേശത്തുള്ള മക്കൾക്കൊപ്പം കഴിയാൻ ആറുമാസംവരെ അവധി


തിരുവനന്തപുരം: വിദേശ രാജ്യങ്ങളിലുള്ള മക്കൾക്കൊപ്പം കഴിയാൻ കേരള സർക്കാർ ജീവനക്കാർക്ക് ആറുമാസം വരെ അവധി അനുവദിച്ചുകൊണ്ട് ഉത്തരവിറക്കി. ഇവർക്ക് ആറുമാസംവരെ അവധി അനുവദിക്കാൻ വകുപ്പ് അധ്യക്ഷന്മാർക്ക് അധികാരം നൽകിയാണു ഭേദഗതി.

120 ദിവസം വരെയുള്ള അവധി മതിയെങ്കിൽ നിയമനാധികാരിക്കുതന്നെ അനുവദിക്കാൻ കഴിയും. ഇതിനായി സർവീസ് ചട്ടങ്ങളിൽ വരുത്തിയ ഭേദഗതിയുടെ അടിസ്ഥാനത്തിലാണു ധനവകുപ്പ് ഉത്തരവിറക്കിയത്.

ആർജിത, അർധ വേതന, പരിവർത്തിത, ശൂന്യവേതന അവധികളിൽ ഏതെങ്കിലുമാകും എടുക്കാൻ കഴിയുക. മൂന്നു വർഷത്തെ തുടർച്ചയായ സേവനമുള്ള ഉദ്യോഗസ്ഥർക്കാണ് അവധിക്ക് അർഹത. നേരത്തെ 180 ദിവസംവരെ വിദേശസന്ദർശനത്തിന് അവധി ലഭിക്കണമെങ്കിൽ സർക്കാരിന്റെ അനുമതി തേടേണ്ടതുണ്ടായിരുന്നു.

# 'മിഷൻ പോസിബിൾ' പുസ്തകത്തെക്കുറിച്ചും രചയിതാവിനെക്കുറിച്ചും

അന്ത്യോഖ്യാ സിറിയൻ ഓർത്തഡോക്സ് ചർച്ചിന്റെ അമേരിക്കയിലെ മലങ്കര ആർച്ച് ഡയോസിസിലെ വൈദികനാണ് മതാന്തര സംവാദങ്ങളിലൂടെയും സമാധാന യാത്രകളിലൂടെയും ശ്രദ്ധിക്കപ്പെട്ട ഫാ. ജോസഫ് വർഗീസ്. പാക്കിസ്ഥാനിലേക്ക് ഫാ. ജോസഫ് വർഗീസ് അടുത്തിടെ നടത്തിയ മിഷൻ യാത്രയുടെ വിവരണമാണ് 'മിഷൻ പോസിബിൾ' എന്ന പുസ്തകം. ഇതാദ്യമായാണ് സിറിയൻ ഓർത്തഡോക്സ് സഭയിൽ നിന്നുള്ള ഒരാൾ പ്രക്ഷുബ്ധമായ പാക്കിസ്ഥാൻ ഭൂമികയിൽ ഒരു മിഷൻയാത്ര നടത്തുന്നത്. പാക്കിസ്ഥാനിലെ വിശാലമായ മിഷൻ മേഖലയിൽ പ്രവർത്തിക്കാൻ ദൈവം അദ്ദേഹത്തെ തെരഞ്ഞെടുക്കുകയായിരുന്നു. ചരിത്രപരമായ ഈ ദൗത്യയാത്രയിൽ അന്ത്യോഖ്യയുടെയും കിഴക്കിന്റെയും പാത്രിയർക്കീസും സാർവത്രിക സുറിയാനി ഓർത്തഡോക്സ് സഭയുടെ പരമോന്നത തലവനുമായ മോറാൻ മോർ ഇഗ്നാത്തിയോസ് അഫ്രേം രണ്ടാമന്റെ പേട്രിയാർക്കൽ അസിസ്റ്റന്റ് കൂടിയായ സിറിയയിലെ ഡമാസ്കസിൽ നിന്നുള്ള ബിഷപ് ജോസഫ് ബാലിയും പങ്കുചേർന്നു. പാക്കിസ്ഥാനിലെ കത്തോലിക്കാ സഭയിൽ നിന്ന് അടുത്തിടെ സിറിയൻ ഓർത്തഡോക്സ് വിശ്വാസത്തിലേക്ക് പരിവർത്തനം ചെയ്യപ്പെട്ട ഫാദർ ഷാമൗൺ മാഷും ഈ യാത്രയിൽ ഉണ്ടായിരുന്നു. അവിടെയുണ്ടായിരുന്ന നാളുകളിൽ അത്ഭുതങ്ങളും രക്ഷയുടെ അനുഭവങ്ങളും രോഗശാന്തിയും വിടുതലും സിറിയൻ ഓർത്തഡോക്സ് വിശ്വാസത്തിലേക്കുള്ള അമ്പരപ്പിക്കുന്ന വിശ്വാസവീണ്ടെടുപ്പുകളും കണ്ടു എന്ന് അച്ചൻ പറയുന്നു. ആ ദിവസങ്ങളിൽ സിറിയൻ ഓർത്തഡോക്സ് വിശ്വാസപ്രകാരമുള്ള വിശുദ്ധ കുർബാന അർപ്പിക്കപ്പെടുന്നതിന് പാക്കിസ്ഥാൻ ആദ്യമായി സാക്ഷ്യം വഹിച്ചു. 400-ലധികം മാമ്മോദീസാർത്ഥികൾ തങ്ങളുടെ ജീവിതത്തിൽ ആദ്യമായി സിറിയൻ ഓർത്തഡോക്സ് വിശ്വാസക്രമത്തിലുള്ള വിശുദ്ധ ആരാധനയിൽ പങ്കെടുത്തു. അതേദിവസം തന്നെ മാമ്മോദീസയിലൂടെ സ്വീകർത്താക്കളായ കുടുംബങ്ങളിലെ അംഗങ്ങൾ മാമ്മോദീസായിലൂടെ സഭയിൽ ചേരുകയും വിശുദ്ധ മോറോനിലൂടെ സ്ഥൈര്യലേപനം സ്വീകരിക്കുകയും ചെയ്തു. 2000 വർഷങ്ങൾക്കുശേഷം ചരിത്രം ആവർത്തിക്കപ്പെടുകയായിരുന്നു. വിശുദ്ധ മാമ്മോദീസായിലൂടെയും വിശുദ്ധ തൈലാഭിഷേകത്തിലൂടെയും കുടുംബങ്ങൾ സഭയിൽ ചേർന്ന ആദിമസഭയിലേതിനു സമാനമായ അനുഭവമായിരുന്നു ഇത്.



ഫാ. ജോസഫ് വർഗീസ്

**ജോർജ് തുമ്പയിൽ**

സുറിയാനി ഓർത്തഡോക്സ് സഭയ്ക്കായി ദൈവം പാക്കിസ്ഥാനിൽ ശക്തമായ നീക്കം നടത്തുകയാണ്. പാക്കിസ്ഥാനിൽ മഹത്തായ ദൈവപരിപാലനയ്ക്ക് സാക്ഷ്യം വഹിച്ച അനുഭവങ്ങളെ വ്യക്തമാക്കി ഫാ. ജോസഫ് വർഗീസ് പറയുന്നു, ഒരു ക്രിസ്ത്യാനി എന്ന നിലയിൽ ജീവൻ അപകടത്തിലാകാവുന്ന വലിയ അന്ധകാരത്തിന്റേതായ ഒരു സ്ഥലത്ത് ദൈവത്തിന്റെ അത്ഭുതകരമായ പ്രവൃത്തികളെ പുസ്തകം ചിത്രീകരിക്കുന്നു. പാക്കിസ്ഥാൻ ക്രിസ്ത്യാനികൾ ഓരോ ദിവസവും അഭിമുഖീകരിക്കുന്ന ആത്മീയവും ശാരീരികവുമായ പോരാട്ടങ്ങളുടെ കഥയാണ് പുസ്തകം പറയുന്നത്. ഓരോ ദൗത്യത്തിനും ദൈവത്തിന് ഒരു ഉദ്ദേശ്യമുണ്ട്.

റാവൽപിണ്ടിയിൽ നിന്ന് 20 കിലോമീറ്റർ അകലെ പുരാതന ഇന്തോ-പാർത്തിയൻ രാജ്യമായ ഗോണ്ടഫോറസിന്റെ പുരാവസ്തു അവശിഷ്ടങ്ങളുടെ സ്ഥലവും ഫാ. ജോസഫ് സന്ദർശിച്ചു. ഏകദേശം എ.ഡി 300-നടുത്ത് പ്രസിദ്ധീകൃതമായ 'സെന്റ് തോമസിന്റെ പ്രവൃത്തികൾ' എന്ന പുസ്തകം അനുസരിച്ച് ക്രിസ്തുശിഷ്യനായ സെന്റ് തോമസ് ഈ കൊട്ടാരത്തിൽ താമസിച്ചിരുന്നു. അന്നാളുകളിൽ രാജ്യം മുഴുവൻ ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്തു. ഈ വസ്തുത സ്ഥലത്തെ ഉറുദു ഭാഷയിലുള്ള ഒരു ലിഖിതത്തിൽ നിലവിൽ സ്ഥിരീകരിക്കപ്പെടുന്നു. കൂടാതെ പ്രദേശം യുണൈറ്റഡ് നേഷൻസ് പൈതൃക സ്വത്തായി സംരക്ഷിക്കപ്പെട്ടിരിക്കുന്നുവെന്നും പ്രസ്താവിക്കുന്നു.

പുരാതന ഇന്ത്യയിൽ ക്രിസ്തുമതം നിലനിന്നിരുന്നു എന്നതിന്റെ ചരിത്രപരമായ തെളിവുകളും സെന്റ് തോമസിന്റെ പ്രവൃത്തികൾ എന്ന പുസ്തകത്തിന്റെ ആധികാരികതയും ഫാദർ വർഗീസ് അന്വേഷിക്കുന്നു. പാക്കിസ്ഥാനിലെ സഭയുടെ ഭാവിയെക്കുറിച്ചും ഈ മിഷൻ ഫീൽഡിൽ കഠിനമായി പൊരുതി നേടിയ വിജയം നിലനിർത്താൻ തീക്ഷ്ണമായ പ്രാർത്ഥനകളാലും സംഭാവനകളാലും പിന്തുണയ്ക്കേണ്ടതുണ്ടെന്നും പുസ്തകം ഓർമ്മിപ്പിക്കുന്നു.

വിശുദ്ധ മത്തായിയുടെ സുവിശേഷത്തിൽ ഓർമ്മിപ്പിക്കുന്നതു പോലെ 9:37-38: അവൻ തന്റെ ശിഷ്യന്മാരോട് പറഞ്ഞു, "കൊയ്ത്ത് വളരെ, എന്നാൽ വേലക്കാർ ചുരുക്കം. അതിനാൽ വിളവെടുപ്പിന്റെ ചുമതലയുള്ള കർത്താവിനോട് പ്രാർത്ഥിക്കുക, അവന്റെ വയലുകളിലേക്ക് കൂടുതൽ തൊഴിലാളികളെ അയയ്ക്കാൻ അവനോട് ആവശ്യപ്പെടുക."

പത്തനംതിട്ട സ്വദേശിയായ ഫാദർ ജോസഫ് വർഗീസ് ഹോളി സോഫിയ കോപ്റ്റിക് ഓർത്തഡോക്സ് സ്കൂൾ ഓഫ് തിയോളജിയിലെ ആരാധനാക്രമ പഠനത്തിന്റെ അഡ്ജംക്ട് പ്രൊഫസറായും ന്യൂയോർക്കിലെ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റിലിജിയസ് ഫ്രീഡം ആൻഡ് ടോളറൻസിന്റെ (ഐആർഎഫ്ടി-ന്യൂയോർക്ക്) എക്സിക്യൂട്ടീവ് ഡയറക്ടറായും സേവനമനുഷ്ഠിക്കുന്നു. ഐക്യരാഷ്ട്ര സഭാ ആസ്ഥാനത്ത് സമാധാനത്തിനായുള്ള മതങ്ങളുടെ എക്സിക്യൂട്ടീവ് കൗൺസിൽ (ആർഎഫ്പി-യുഎസ്എ) അംഗമായും നാഷണൽ കൗൺസിൽ ഓഫ് ചർച്ചസ് ഓഫ് യുഎസ്എയുടെ ഇന്റർ റിലിജിയസ് ഡയലോഗ് (എൻസിസി-യുഎസ്എ) കളുടെ കോ-കൺവീനറായും പ്രവർത്തിക്കുന്നു. 37 അംഗ കൂട്ടായ്മകളെയും 30 ദശലക്ഷത്തിലധികം ക്രിസ്ത്യാനികളെയും പ്രതിനിധീകരിക്കുന്ന യുഎസിലെ നാഷണൽ കൗൺസിൽ ഓഫ് ചർച്ചസിന്റെ 2010 മുതലുള്ള മതാന്തര സംവാദങ്ങളുടെ കൺവീനിങ് ടേബിളിന്റെ കോ-കൺവീനറുമാണ് ഫാദർ ജോസഫ് വർഗീസ്.

## കൗൺസിൽ ഓഫ് ഇന്ത്യൻ ഓർത്തഡോക്സ് ചർച്ച് സംയുക്ത കൺവൻഷൻ ഓഗസ്റ്റ് 3, 4 തീയതികളിൽ

**ജോർജ് തുമ്പയിൽ**


ക്യൂൻസ്: കൗൺസിൽ ഓഫ് ഇന്ത്യൻ ഓർത്തഡോക്സ് ചർച്ചിന്റെ നേതൃത്വത്തിൽ ഈ വർഷത്തെ സംയുക്ത കൺവൻഷന്റെ ഒരുക്കങ്ങൾ പുരോഗമിക്കുന്നു. ഓഗസ്റ്റ് 3, 4 തീയതികളിൽ ക്യൂൻസ് ഫ്ളോറൽ പാർക്കിലെ ഔവർ ലേഡി ഓഫ് സ്നോസ് ആർസി ചർച്ചിൽ ആയിരിക്കും കൺവൻഷൻ നടക്കുക. റവ.ഫാ. വർഗീസ് വർഗീസ് ആയിരിക്കും കൺവൻഷൻ പ്രസംഗകൻ എന്ന് സിഐഒസി സെക്രട്ടറി ഫിലിപ്പോസ് സാമുവൽ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക്: റവ. ജോൺ തോമസ് 516 996 4887, സജി താമരവേലിൽ 917 533 3566, ഫിലിപ്പോസ് സാമുവൽ (സാം) 516 3122902.

## ചരിത്രവഴിയിൽ ഫ്രാൻസിസ് ജോർജ്

കോട്ടയം: 1964 ഒക്ടോബർ ഒൻപതിലെ സായാഹ്നത്തിൽ തിരുനക്കര മൈതാനത്ത് ചെയർമാൻ കെ.എം. ജോർജിന്റെ കൈപിടിച്ചുയർത്തി മന്നത്ത് പത്മനാഭൻ കേരള കോൺഗ്രസ് എന്ന രാഷ്ട്രീയ പ്രസ്ഥാനത്തിന്റെ രൂപീകരണം പ്രഖ്യാപിക്കുമ്പോൾ ചരിത്രം പിറക്കുകയായിരുന്നു. കേരള കോൺഗ്രസിന്റെ ചരിത്രത്തിന്റെ പിറവി മാത്രമായിരുന്നില്ല. കേരളത്തിൽ ശക്തമായൊരു പ്രാദേശിക പാർട്ടിയുടെ ജന്മം കൂടിയായിരുന്നു അത്. അവിടെനിന്നും വളർന്നും പിളർന്നും ലയിച്ചും ഭിന്നിച്ചുമാണ് പാർട്ടി അറുപതാം വയസ്സിലേക്ക് എത്തുന്നത്.

ബ്രായ്ക്കറ്റ് കേരള കോൺഗ്രസുകൾക്കിടയിൽ ബ്രായ്ക്കറ്റില്ലാത്ത കേരള കോൺഗ്രസിന്റെ രാഷ്ട്രീയ പ്രസക്തി തെളിയിച്ച തെരഞ്ഞെടുപ്പായിരുന്നു ഇത്തവണത്തേത്. ഈ മിന്നുന്ന ജയത്തോടെ 60 വർഷത്തിനു മുമ്പുള്ള പ്രൗഢകാലഘട്ടത്തിലേക്ക് പാർട്ടിയെ കൊണ്ടുവരികയെന്ന നിയോഗം കൂടിയാണ് പിതാവ് സ്നേഹത്തോടെ രാജു എന്നു വിളിച്ചിരുന്ന ഫ്രാൻസിസ് ജോർജിനെ കാത്തിരിക്കുന്നത്.

1954-ൽ ആദ്യമത്സരം മുതൽ മരിക്കുംവരെ നേരിട്ട എല്ലാ തെരഞ്ഞെടുപ്പുകളിലും കെ.എം. ജോർജിനു തന്നെയായിരുന്നു വിജയം. കോൺഗ്രസിലായിരുന്നപ്പോഴും കേരള കോൺഗ്രസിൽ ആയിരുന്നപ്പോഴും ജനം അദ്ദേഹത്തെ കൈവിട്ടില്ല.



മന്ത്രിയായും നിയമസഭാംഗമായും ഒക്കെ തിളങ്ങിയ കെ.എം. ജോർജ് അഭിഭാഷകനായും പത്രപ്രവർത്തകനായും പേരെടുത്തു. അച്ഛന്റെ വഴിയേ അഭിഭാഷകനായ ഫ്രാൻസിസ് ജോർജ് ലോക്സഭയിലേക്ക് ഇത് മൂന്നാം തവണയാണ് എത്തുന്നത്.

1941-ൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ് പ്രവർത്തകനായാണ് കെ.എം. ജോർജ് പൊതുപ്രവർത്തനം ആരംഭിച്ചതെങ്കിൽ ബാങ്ക് ജോലി രാജിവെച്ച് കേരള കോൺഗ്രസിന്റെ പ്രവർത്തകനായാണ് ഫ്രാൻസിസ് ജോർജ് പൊതുജീവിതം തുടങ്ങിയത്. എറണാകുളം ജില്ലാ കൗൺസിലിൽ ആരക്കുഴ ഡിവിഷനിൽ നിന്നും ജയിച്ച് തെരഞ്ഞെടുപ്പ് രംഗത്ത് എത്തി. ഇടുക്കിയിൽ നിന്നുള്ള അംഗമായിരിക്കെ ലോക്സഭയിൽ ഫ്രാൻസിസ് ജോർജ് നടത്തിയ ഇടപെടലുകൾ സംസ്ഥാനത്തിന്റെ ശ്രദ്ധ നേടി. ഇനി ലോക്സഭയിൽ കോട്ടയത്തിന്റെ ശബ്ദമാകും ഫ്രാൻസിസ് ജോർജ്. ഒപ്പം കേരള കോൺഗ്രസിന് അതു പിറവികൊണ്ട മണ്ണിൽ ശക്തമായ അടിത്തറയൊരുക്കുന്നതിന് നിയുക്തനാകും.

## തെക്കൻസ് കാനഡ യൂത്ത് മീറ്റ് നടത്തി



ടൊറന്റോ: കാനഡയിലെ യുവജന കൂട്ടായ്മയായ 'തെക്കൻസ് കാനഡ' യുടെ ആഭിമുഖ്യത്തിൽ യൂത്ത് മീറ്റ് സംഘടിപ്പിച്ചു.

കാനഡയിലെ വിവിധ പ്രൊവിൻസുകളിലുള്ള യുവജനങ്ങളെ പങ്കെടുപ്പിച്ച് നടന്ന മൂന്നാമത് യൂത്ത് മീറ്റ് 'തെക്കൻസ് ബ്ലാസ്റ്റ് 3.0' ജൂൺ ഒന്നാം തീയതി കാനഡയിലെ ടൊറന്റോയ്ക്കു സമീപമുള്ള പാരഡൈസ് ഫാം ഹൗസിലാണ് നടത്തപ്പെട്ടത്.

തെക്കൻസ് കാനഡ കൂട്ടായ്മയുടെ കോ-ഓർഡിനേറ്ററും സോഷ്യൽ വർക്കറുമായ ജെറിൻ നീറ്റുകാട്ടിൽ കൂട്ടായ്മക്ക് നേതൃത്വം നല്കി.

# ഭക്തരായ മൂന്നു പിതാക്കൾ

ഏലിയാമ്മ ലൂക്കോസ്

ഈ ജൂൺമാസം എന്തുകൊണ്ടും വിശേഷപ്പെട്ട ഒരു മാസമായി ഞാൻ കരുതുന്നു. പിതാക്കളുടെ ദിനമായി ഈ മാസം 16-ാം തീയതി കൊണ്ടാടുന്നു. അമേരിക്കയിൽ മാത്രമല്ല ഇന്ത്യയിലും ആഘോഷിക്കുന്നു.

അനേക പിതാക്കന്മാരെക്കുറിച്ചു എനിക്കു പറയാനുണ്ടെങ്കിലും ദീർഘക്ഷമയും മഹാകരുണയുമുള്ള പിതാവായ ദൈവത്തെക്കുറിച്ചാണ് എനിക്കധികം പറയാനുള്ളത്. നമ്മെ പാലിച്ചു നടത്തുന്ന ദൈവം ഭയങ്കരവും അതിശയകരവുമായി നമ്മെ സൃഷ്ടിച്ചില്ലെയോ? ദൈവപിതാവിന്റെ അദ്ഭുതങ്ങളെ വർണ്ണിക്കാൻ ഞാനിപ്പോൾ സമയം എടുക്കുന്നില്ല.

വിശുദ്ധ ബൈബിളിലെ ശ്രേഷ്ഠരായ, ഭക്തരായ മൂന്നു പിതാക്കളാണ് അബ്രഹാം, യിസഹാക്ക്, യാക്കോബ്. നാലായിരത്തിലധികം വർഷങ്ങൾക്കു മുമ്പു ജീവിച്ചിരുന്ന ഇവരുടെ പേരുകൾ ചേർത്ത്, അതായത് അബ്രഹാമിന്റെയും യിസഹാക്കിന്റെയും യാക്കോബിന്റെയും ദൈവമേയെന്നു പറഞ്ഞു നാം പ്രാർത്ഥിക്കാറുണ്ട്. അബ്രഹാമിന്റെ മകൻ യിസഹാക്ക്, യിസഹാക്കിന്റെ മകൻ യാക്കോബ്, തുടർന്നു 12 ഗോത്രപിതാക്കന്മാരുണ്ടായി. അവരുടെ തലമുറയിൽ യഹൂദ ഗോത്രത്തിൽ യേശുരക്ഷകൻ മനുഷ്യരൂപമായി ജനിച്ചു. അതുകൊണ്ടു നാം ഈ മൂന്നു പിതാക്കന്മാരെയും സ്നേഹിക്കുന്നു. അവർ ഭക്തന്മാരായിരുന്നു, നല്ല പിതാക്കളുമാണ്. ദൈവഭക്തന്മാരെ ദൈവം മാനിക്കും. ഇയ്യോബിന്റെ ഭാര്യ ഭക്തനായ ഇയ്യോബിനെ പരിഹസിച്ചു പറഞ്ഞു: "നിന്റെ ഭക്തി മുറുകെപ്പിടിക്കാതെ വിട്ടുകളഞ്ഞു മരിച്ചു കളക." പക്ഷേ, ഇയ്യാബ് അങ്ങനെ ചെയ്തില്ല. ഭക്തി മുറുകെപ്പിടിച്ചു ജീവിച്ചു. നല്ല സാക്ഷ്യമുള്ളവനായി മരിച്ചു. നിഷ്കളങ്കനും നേരുള്ളവനും ദൈവഭക്തനും ദോഷം വിട്ടകലുന്നവനുമാണ് എന്നു ദൈവം അവനെക്കുറിച്ചു സാക്ഷ്യം പറഞ്ഞു. അദ്ദേഹം തന്റെ മക്കൾക്കുവേണ്ടി ദൈവത്തിനു യാഗം കഴിക്കുന്ന ഒരു നല്ല പിതാവായിരുന്നു. അബ്രഹാം ആരാധിക്കുന്ന ദൈവത്തിനു യാഗം കഴിക്കുന്ന ഒരു നല്ല പിതാവായിരുന്നതിനാൽ യിസഹാക്ക് അതു മാതൃകയാക്കി. അബ്രഹാം വലിയ കൊട്ടാരത്തിൽ ആയിരുന്നില്ല പാർത്തത്. കൂടാരങ്ങളിൽ പാർത്തു. മഹാ ധനികനായിരുന്ന അദ്ദേഹത്തിനു കൊട്ടാരം പണിതു താമസിക്കാമായിരുന്നു. അദ്ദേഹം എവിടെയെല്ലാം കൂടാരമടിച്ചു താമസിച്ചുവോ അവിടെയെല്ലാം യാഗപീഠങ്ങൾ ഉണ്ടാക്കി ദൈവത്തെ നമസ്കരിച്ചു. അതു നല്ലൊരു മാതൃകയായി തലമുറകൾ കണ്ടു.


ലേഖിക

നാം നമ്മുടെ കുഞ്ഞുങ്ങൾക്ക് എന്തു മാതൃകയാണ് കാണിച്ചു കൊടുക്കുന്നത്? രണ്ടുനേരമെങ്കിലും കുടുംബ പ്രാർത്ഥന ഉണ്ടോ? വിശുദ്ധ ജീവിതം നയിക്കുന്നുണ്ടോ? അബ്രഹാം ദൈവത്തെ പൂർണ്ണമായി അനുസരിച്ചു. "കാണിപ്പാനിരിക്കുന്ന ദേശത്തേക്കു പുറപ്പെടുക" എന്നു ദൈവം പറഞ്ഞു. കാണിപ്പാനിരിക്കുന്ന ദേശം ഏതെന്നു അദ്ദേഹത്തിനു അറിഞ്ഞിരുന്നില്ല. എന്നാൽ ദൈവകല്പന അനുസരിച്ചു ഇറങ്ങിപ്പുറപ്പെട്ടു. തന്റെ ഏകജാതനായ മകനെ, താൻ സ്നേഹിക്കുന്ന മകനെത്തന്നെ യാഗം കഴിക്കാൻ തയ്യാറായി. ദൈവത്തെ പൂർണ്ണമായി അനുസരിക്കുകയായിരുന്നു അവിടെ. നല്ലൊരു പിതാവിനെ മകൻ മാതൃകയാക്കി.

നാം പണക്കൊതിയന്മാരാണോ? അവ സമ്പാദിപ്പാനുള്ള നെട്ടോട്ടത്തിലാണോ? ദ്രവ്യാഗ്രഹം സകലവിധ ദോഷങ്ങൾക്കും കാരണമാണ്. അധികമായാൽ അമൃതും വിഷമാണ്. ലോകം വെട്ടിപ്പിടിക്കാൻ ഓടിയ അലക്സാണ്ടർ ചക്രവർത്തിക്ക് എന്തു ഭവിച്ചു? നാം നല്ല വൃക്ഷങ്ങൾ എങ്കിൽ നല്ല ഫലം കായ്ക്കും. അതതുതരം വിത്തുള്ള ഫലം കായ്ക്കണം. ഇതൊരു ചെറിയ കാര്യമായി എടുക്കരുതേ. ഭക്തിയുള്ള പിതാക്കന്മാർ നാടിനു സമ്പത്താണ്.

യിസഹാക്ക് മറ്റൊരു ഭക്തനായ പിതാവായിരുന്നു. തന്റെ പിതാവായ അബ്രഹാമിനെ പൂർണ്ണമായി അനുസരിച്ചു. മോറിയാമലയിൽ യാഗപീഠത്തിൽ യാഗാർപ്പണമായി കിടന്നു കൊടുക്കുവാൻ യിസഹാക്കിനല്ലാതെ ആർക്കു കഴിയും? അദ്ദേഹം ദൈവത്തിനു യാഗം അർപ്പിക്കുന്നവനായിരുന്നു. ക്ഷമാശീലനായ യിസഹാക്കു താൻ കുഴിച്ച കിണറുകളെല്ലാം ഗരാറിലെ ഇടയന്മാർ മൂടിക്കളഞ്ഞുവെങ്കിലും വഴക്കിടാൻ ഒരുമ്പെട്ടില്ല. ദൈവം അവനു വാഗ്ദത്തം കൊടുത്തു: "നിന്റെ സന്തതിയെ അനുഗ്രഹിച്ചു വർദ്ധിപ്പിക്കു"മെന്നരുളിച്ചെയ്തു. യിസഹാക്കു കൃഷി ചെയ്തു നൂറുമേനി വിളഞ്ഞു മഹാധനികനായിത്തീർന്നു. തന്റെ മക്കൾക്കു അവൻ ഒരു മാതൃകാ പുരുഷനായിരുന്നു. ദൈവം യിസഹാക്കിനു പ്രത്യക്ഷപ്പെട്ടിരുന്നു. ദൈവം പ്രസാദിക്കുന്ന ഒരു പിതാവായിത്തീരുന്നതു എത്രയോ ഭാഗ്യം. അനുസരണം, ദീർഘക്ഷമ, ദൈവാരാധന ഇവയെല്ലാം തന്റെ ജീവിതത്തിലുണ്ടായിരുന്ന ഭക്തനായ ഒരു പിതാവാണ് യിസഹാക്ക്.

യാക്കോബ് അമ്മയുടെ ഓമനപ്പുത്രനായിരുന്നുവല്ലോ. അദ്ദേഹം ശാന്തശീലനും കൂടാരവാസിയുമായിരുന്നു. "മൂത്തവൻ ഇളയവനെ സേവിക്കും" എന്ന ദൈവീക വാഗ്ദത്തം റിബേക്ക കേട്ടിരുന്നു. അതിനാൽ അവൾ യാക്കോബിനെ കൂടുതൽ സ്നേഹിച്ചു. യാക്കോബ് അമ്മ പറഞ്ഞതുപോലെയെല്ലാം ചെയ്തു. ജ്യേഷ്ഠാവകാശം ഉപായരൂപേണ തട്ടിയെടുത്തുവെങ്കിലും ദൈവം യാക്കോബിനോടു കൂടെയിരുന്നു. ദൈവം യാക്കോബിന് അനേകപ്രാവശ്യം പ്രത്യക്ഷപ്പെട്ടു. അവന്റെ പേര് യിസ്രായേൽ എന്നാക്കി മാറ്റി. അവനിൽക്കൂടി പന്ത്രണ്ട് ഗോത്രപിതാക്കന്മാർ ജനിച്ചു. ദൈവം അവനെ അനുഗ്രഹിച്ചു വർദ്ധിപ്പിച്ചു. തന്റെ മകനായിരുന്ന ജോസഫ് ദൈവാത്മാവുള്ളവനായിരുന്നു. സഹോദരന്മാരുടെ പീഢയേൽക്കേണ്ടി ഏവന്നുവെങ്കിലും ദൈവം അവനെ ഉയർത്തി. അവൻ പാപം ചെയ്യാതെ ദൈവമകനായി ജീവിച്ചു. പൊത്തിഫേറിന്റെ ഭാര്യയുടെ വഞ്ചനയിൽ അകപ്പെടാതെ അവൻ തന്നെത്തന്നെ സൂക്ഷിച്ചു. നല്ലൊരു പിതാവിന്റെ മകനായിരുന്നു ജോസഫ്. മാതൃകായോഗ്യരായ പിതാക്കന്മാർ ഇന്നും എഴുന്നേൽക്കട്ടെ.

ഈ മൂന്നു ഭക്തന്മാരായ പിതാക്കളെപ്പോലെ അന്നും ഇന്നും പിതാക്കന്മാരുണ്ട്. അവരുടെ നല്ല മാതൃകകൾ നമുക്കു പിൻതുടരാം. "ബാലൻ നടക്കേണ്ടുന്ന വഴിയിൽ അഭ്യസിപ്പിക്ക; വൃദ്ധനായാലും അതു വിട്ടുമാറുകയില്ല" എന്നത് എത്രയോ സത്യമാണ്.

പിതാക്കളെ നാം സ്നേഹിക്കണം, ബഹുമാനിക്കണം. അവരെ വേദനിപ്പിക്കരുത്. അവരുടെ ആഗ്രഹങ്ങൾ സാധിച്ചുകൊടുക്കണം. അവരെ വൃദ്ധസദനത്തിൽ അയച്ചു തൃപ്തിയടയാൻ നോക്കല്ലെ മക്കളെ! അവരുടെ കണ്ണുനീർ തലമുറകൾക്കു ശാപമായി മാറും. അതിനു വക നൽകരുത്. കൂലിപ്പണി ചെയ്തും പട്ടിണി കിടന്നും കഷ്ടപ്പെട്ടു മക്കളെ വളർത്തി, വലിയ വിദ്യാഭ്യാസം കൊടുത്തു. ഉയർന്ന ജോലികൾ ലഭിക്കുമ്പോൾ അവരെ നിങ്ങൾ കൂടുതൽ സ്നേഹിക്കണം. നിങ്ങളുടെ കൂട്ടാളികൾ ഉത്തമരല്ലെങ്കിൽ അവരോടു ചേർന്നുനിന്നു മാതാപിതാക്കളെ ദ്രോഹിക്കല്ലെ, വേദനിപ്പിക്കരുതേ.

അനേകം നല്ല മനുഷ്യരുടെയിടയിൽ ചില നികൃഷ്ടന്മാർ മതി പേരുദോഷംവരുത്താൻ. മാതാപിതാക്കളെ പൊന്നുപോലെ നോക്കുന്ന പലരെയും എനിക്കറിയാം. ദൈവം അവരെ സഹായിക്കും. ഈ പിതൃദിനത്തിൽ എല്ലാ പിതാക്കൾക്കും എന്റെ അഭിനന്ദനങ്ങൾ! നിങ്ങൾ ദൈവത്തെപ്പോലെ കരുണയും ദയയുമുള്ളവരാണ്. നിങ്ങളെയും ദൈവം അങ്ങനെ പാലിച്ചനുഗ്രഹിക്കട്ടെ.

## വിനിമയ നിരക്ക്

| | |
|---|---|
| യു.എസ്. ഡോളർ | 83.49 |
| യൂറോ | 89.80 |
| സ്റ്റെർലിംഗ്പൗണ്ട് | 106.20 |
| സ്വിസ് ഫ്രാങ്ക് | 93.18 |
| സിംഗപ്പൂർ ഡോളർ | 61.73 |
| കനേഡിയൻ ഡോളർ | 60.67 |
| ഒമാൻ റിയാൽ | 216.88 |
| ബഹ്റൈൻ ദിനാർ | 221.50 |
| സൗദി റിയാൽ | 22.26 |
| യു.എ.ഇ. ദിർഹം | 22.73 |
| കുവൈത്ത് ദിനാർ | 272.25 |

## പ്രഫ. സാബു തോമസിന് ഗോൾഡൻ ഔൾ പുരസ്കാരം



കോട്ടയം: എംജി യൂണിവേഴ്സിറ്റി മുൻ വൈസ് ചാൻസലറും നാനോ സയൻസ് ആൻഡ് ടെക്നോളജി ഡയറക്ടറുമായ പ്രഫ. സാബു തോമസിന് ഗോൾഡൻ ഔൾ പുരസ്കാരം.

വേൾഡ് അക്കാദമി ഓഫ് മെറ്റീരിയൽ ആൻഡ് മാനുഫാക്ചറിംഗ് എൻജിനീയറിങ്ങിന്റെ പ്രഫസർ ഫെഡ്രറിക് സ്റ്റൗബ് ഗോൾഡൻ ഔൾ പുരസ്കാരത്തിനാണ് പ്രഫ. സാബു തോമസ് തെരഞ്ഞെടുക്കപ്പെട്ടത്.

മെറ്റീരിയൽ സയൻസ്, മാനുഫാക്ചറിങ് എൻജിനീയറിങ് മേഖലകളിൽ നല്കിയ സംഭാവനകൾ കണക്കിലെടുത്താണ് പോളണ്ട് ആസ്ഥാനമായുള്ള അക്കാദമിയുടെ അംഗീകാരം.

പോളിഷ് ഗവേഷകരും രാജ്യാന്തര ശാസ്ത്രസമൂഹവും തമ്മിലുള്ള സഹകരണം ശക്തമാക്കുന്നതിൽ പ്രഫ. സാബു തോമസ് നിർണായക പങ്കു വഹിച്ചതായി അവാർഡ് നിർണയസമിതി വിലയിരുത്തി. പോളണ്ടിയിലെ വിസ്വയിൽ നടന്ന ചടങ്ങിൽ പ്രഫ. സാബു തോമസിന് പുരസ്കാരം സമ്മാനിച്ചു.



# HELPING THE POOR ATONES FOR SINS

**Sirach 3:30– "Water quenches a flaming fire, and alms atone for sins."**

It may be a new knowledge for many that if we help the poor, God will forgive our sins just like spraying water can stop the spreading of a fire. When we spray water on a fire, our intention is to quench the fire. We might not have been doing charity with the intention of atoning for our sins. God might be forgiving anyway if we do charity. From now on, when we help the poor, we can ask God to forgive our sins too. The word of God gives hope towards that.

**Other benefits of giving alms**

**1) Almsgiving Saves us from evil -** "Store up almsgiving in your treasure house, and it will save you from every evil" (Sirach 29:12).

**2) Almsgiving Saves us from death and darkness -** "Almsgiving frees one from death, and keeps one from going into the dark abode." This may mean that doing charity can save us from the death of our soul and going to hell (Tobit 4:10).

**3) God repays us for our almsgiving-** "One who is gracious to a poor man lends to the Lord, and He will repay him for his good deed" (Proverbs 19:17).

**4) God will guard you and answer your prayers–** It explains what is true fasting and what is the easy way for God to hear your prayer. It says that when you help the needy and the poor, your righteousness will go before you and the glory of the Lord will guard you from behind. Also it says that when you call God, He will answer you (Isaiah 58:7-9).

**5) God will give us light in darkness for our alms giving-** "And if you give yourself to the hungry and satisfy the desire of the afflicted, then your light will rise in darkness and your gloom will become like midday" (Isaiah 58:10). This means that God will give us hope in the darkest situations of our life.

**6) The righteousness of a charitable person endures forever-** "It is well with the man who is gracious and lends; he will maintain his cause in judgment. For he will never be shaken; the righteousness will be remembered forever" (Psalm 112:5, 6). This man will be justified by God at the Last Judgment. He has given freely to the poor, his righteousness endures forever; his horn will be exalted in honor" (Psalm 112:9). He will be glorified in front of God.

**7) God loves a charitable person**

"God loves a cheerful giver" (2nd Corinthians 9:7). Jesus knew the heart of Zacchaeus and told him that he would stay in his house that night (Luke chapter 19). Zacchaeus repents and tells Jesus, "Behold, Lord, half of my possessions I will give to the poor, and if I have defrauded anyone of anything, I will give back four times as much" (Luke 19:8).

As Zacchaeus repented and became willing to give his possessions to the poor, Jesus loved him. "But whoever has the world's goods, and sees his brother in need and closes his heart against him, how does the love of God abide in him" (1 John 3:17)? God will not love someone who sees a suffering brother and walks away

Cicily Sunny,
MA, B.Ed., MSE

without helping.

**How should you give alms?**

**1) Give according to what you have-** "Son, give alms in proportion to what you own. If you have great wealth, give alms out of your abundance; if you have but little, distribute even some of that" (Tobit 4:8). This reminds us of the offering of two small copper coins



Cicily Sunny

by the poor widow.Jesus said, "Truly I say to you, this poor widow put in more than all the contributors to the treasury" (Mark 12:43).

**2) Give to those who cannot repay-** "But when you give a reception, invite the poor, the crippled, the lame, the blind, and you will be blessed, since they do not have the means to repay you; for you will be repaid at the resurrection of the righteous (Luke 14:13, 14).

**3) Give sufficient of whatever others lack-** "If there is a poor man with you, one of your brothers, in any of your towns in your land which the Lord your God is giving you, you shall not harden your heart, nor close your hand from your poor brother; but you shall freely open your hand to him, and shall generously lend him sufficient for his need in whatever he lacks" (Deuteronomy 15:7,8). You should not just give something and walk away. Give him sufficient to meet his need.

**4) Do not turn away from the needy-** "Give to him who asks of you, and do not turn away from him who wants to borrow from you." We should not ignore a needy person (Matthew 5:42).

**5) Help the poor in secret -** "But when you give to the poor, do not let your left hand know what your right hand is doing, so that your giving will be in secret; and your Father who sees what is done in secret will reward you" (Matthew 6:3,4).

**6) Giving to the poor as if you are giving to Jesus-** At the Last Judgment, Jesus will judge according to our deeds. Jesus said that everything we do to the poor, we do it to Him (Matthew 25:35, 36). "For I was hungry, and you gave Me something to eat; I was thirsty, and you game Me something to drink; I was a stranger, and You invited Me in; naked, and you clothed Me; I was sick, and you visited Me; I was in prison, and you came to Me" (Luke chapter 10). In the parable of the good Samaritan who helped the man attacked by the robbers, he gave two denarii to the innkeeper and said, "Take care of him; and whatever more you spend, when I return I will repay you" (Luke 10:35). The priest and the Levite who went that way did nothing to help that man. The name of the good Samaritan is honored forever in the Bible.

**Greed is your enemy**

"Beware, and be on your guard against every form of greed; for not even when one has an abundance does his life consist of his possessions" (Luke 12:15). Life with God has nothing to do with our possessions in the world. In Luke chapter 12, Jesus says the parable of the rich man who plans to store up his grains by building bigger barns and enjoy his life. God said to him, "You fool! This very night your soul is required of you; and now who will own what you have prepared"(Luke 12:20)? Jesus said, "Sell your possessions and give to charity; make yourselves money belts which do not wear out, an unfailing treasure in heaven, where no thief comes near nor moth destroys"( Luke 12:33). **Our focus should be to store up our heavenly possessions (Luke 18:22 & Matthew 19:21).** When the rich young ruler asked Jesus what he should do to inherit eternal life, Jesus said, "Sell all that you possess and distribute it to the poor, and you shall have treasure in heaven; and come, follow Me".

The word of God we read so far is a reminder to all of us that God expects everyone to share the possessions with the poor. If the poor do not find us or come to us, we should look for them and distribute a good amount of our possessions according to how much we have. Giving to the poor is a saving for us in the eternal abode. God will love us and forgive our sins. God will protect us in times of trouble. God will light our path when we fall in darkness.




# പ്രഫുൽ പട്ടേലിന് ആശ്വാസമായി മുംബൈ കോടതിവിധി

മുംബൈ: മുൻ വ്യോമഗതാഗത മന്ത്രിയും എൻസിപി നേതാവുമായ പ്രഫുൽ പട്ടേലിന് ആശ്വാസമായി മുംബൈ കോടതി വിധി.

പ്രഫുൽ പട്ടേലിന്റെ 180 കോടിയിലധികം വരുന്ന സ്വത്തുക്കൾ കണ്ടുകെട്ടാനുള്ള എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് ഉത്തരവ് മുംബൈ കോടതി റദ്ദാക്കി.

സേഫ്മ അപ്പലേറ്റ് ട്രിബ്യൂണലാണ് ജപ്തി ഒഴിവാക്കാൻ ഉത്തരവിട്ടത്. കള്ളപ്പണം വെളുപ്പിക്കൽ നിയമപ്രകാരം വർളിയിലെ സി.ജെ. ഹൗസിൽ അദ്ദേഹത്തിന്റെ ഉടമസ്ഥതയിലുള്ള 12, 15 നിലകളിലുള്ള ഫ്ളാറ്റുകൾ കണ്ടുകെട്ടിയ ഇഡി നടപടിയാണ് കോടതി റദ്ദാക്കിയത്. ഏകദേശം 180 കോടി രൂപ വിലമതിക്കുന്ന ഈ അപ്പാർട്ട്മെന്റുകൾ പ്രഫുൽ പട്ടേലിന്റെ ഭാര്യ വർഷയുടെയും അദ്ദേഹത്തിന്റെ കമ്പനിയായ മില്ലേനിയം ഡിവലപ്പറിന്റെയും പേരിലാണ് രജിസ്റ്റർ ചെയ്തിരിക്കുന്നത്.

അധോലോക സംഘാംഗം ദാവൂദ് ഇബ്രാഹിമിന്റെ വലംകൈയായിരുന്ന ഇഖ്ബാൽ മിർച്ചിയുടെ ആദ്യഭാര്യ ഹാജ്റ മേമനിൽനിന്നാണ് പ്രഫുൽ പട്ടേൽ ഈ സ്വത്ത് സ്വന്തമാക്കിയത്. 2022-ലാണ് ഇഡി ഈ സ്വത്ത് കണ്ടുകെട്ടിയത്.



ജപ്തി നടപടിക്കെതിരെ സേഫ്മ ട്രിബ്യൂണലിൽ പ്രഫുൽ പട്ടേൽ അപ്പീൽ നൽകിയിരുന്നു. പ്രഫുൽ പട്ടേൽ സാമ്പത്തിക കുറ്റവാളികളായ ആസിഫിന്റെയും ജുനീദിന്റെയും മാതാവുകൂടിയായ ഹാജ്റ മേമനിൽനിന്ന് ഈ ഫ്ളാറ്റ് വാങ്ങുമ്പോൾ കള്ളപ്പണം വെളുപ്പിച്ചെന്ന് ആരോപിച്ചായിരുന്നു ഇഡി നടപടി.

ഇഡിയുടെ ഉത്തരവ് നിരസിച്ച ട്രിബ്യൂണൽ, സ്വത്തുക്കൾ കള്ളപ്പണം വെളുപ്പിക്കുന്നതിൽ ഉൾപ്പെടാത്തതും മിർച്ചിയുമായി ബന്ധമില്ലാത്തതുമായതിനാൽ പട്ടേലിനെതിരായ നടപടി നിയമവിരുദ്ധമാണെന്നും ചൂണ്ടിക്കാട്ടി.

ട്രിബ്യൂണൽ ഉത്തരവിനുപിന്നാലെ പ്രതിപക്ഷം രംഗത്തുവന്നു. ഇഡിയുടെ വിശ്വാസ്യതയാണ് ചോദ്യംചെയ്യപ്പെടുന്നതെന്ന് രാജ്യസഭ എംപിയും ശിവസേന ഉദ്ധവ് താക്കറെവിഭാഗം നേതാവുമായ സഞ്ജയ് റാവുത്ത് പറഞ്ഞു.

# ക്രൈസ്തവ വിശ്വാസത്തെ അവഹേളിക്കുന്നവർക്കെതിരെ കേസെടുക്കണം: കത്തോലിക്കാ കോൺഗ്രസ്

കൊച്ചി: പാർലമെന്റ് തെരഞ്ഞെടുപ്പ് ഫലത്തിന്റെ മറവിൽ ക്രൈസ്തവ വിശ്വാസത്തെയും ക്രിസ്തുവിന്റെ ചിത്രത്തെയും അവഹേളിക്കുന്ന വിധത്തിൽ സമൂഹമാധ്യമങ്ങളിലൂടെ പ്രചാരണം നടത്തുന്നവർക്കെതിരെ കേസെടുക്കണമെന്ന് കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ സമിതി.

വിശ്വാസത്തിന്മേലുള്ള ഈ കടന്നുകയറ്റം മതസ്പർധ ഉളവാക്കുന്ന കുറ്റകൃത്യമാണ്. നിരീശ്വരവാദികളും തീവ്രവാദികളും ക്രൈസ്തവവിശ്വാസത്തെ ആക്രമിക്കുന്നതു തടയാൻ സർക്കാർ വിമുഖത കാട്ടുന്നു. വിഷയത്തിൽ അധികാരികൾ നിസംഗത വെടിയണം. ക്രിസ്തുവിന്റെ തിരുഹൃദയ ചിത്രത്തെ വികലമാക്കിയും കത്തോലിക്കാ വിശ്വാസത്തിന്റെ അടിസ്ഥാനമായ ത്രിത്വത്തെ അപമാനിച്ചും സോഷ്യൽമീഡിയയിൽ പോസ്റ്റിട്ട വ്യക്തികൾക്കെതിരെ കേസെടുക്കാതെ അതു പ്രചരിപ്പിക്കാനുള്ള സാഹചര്യമുണ്ടാക്കിക്കൊടുത്തവർ മതനിന്ദയ്ക്കും മതസ്പർധയ്ക്കും കൂട്ടുനിൽക്കുകയാണ്. കുറ്റവാളികളെ അറസ്റ്റ് ചെയ്യണമെന്നും ചിത്രത്തിന്റെ പ്രചാരണം തടയണമെന്നും കത്തോലിക്കാ കോൺഗ്രസ് ആവശ്യപ്പെട്ടു. പ്രസിഡണ്ട് അഡ്വ. ബിജു പറയന്നിലം അധ്യക്ഷത വഹിച്ചു.

# ഭരണവിരുദ്ധവികാരം തോൽവിക്ക് കാരണമായെന്ന് സിപിഐ

തിരുവനന്തപുരം: കേരളത്തിലെ എൽഡിഎഫ് കൂട്ടത്തോൽവിയിൽ ഭരണവിരുദ്ധവികാരം പങ്കുവഹിച്ചതായി സിപിഐ. ഡൽഹിയിൽ നടന്ന പാർട്ടി ദേശീയ നിർവാഹക സമിതിയിലാണ് കേരള നേതൃത്വം ഇക്കാര്യം റിപ്പോർട്ട് ചെയ്തത്.

തോൽവിയിലേക്കു നയിച്ചത് രണ്ടു പ്രധാന കാരണങ്ങളാണെന്ന് സംസ്ഥാന നേതൃത്വം അഭിപ്രായപ്പെട്ടു. ഇന്ത്യയിൽ ഇന്ത്യാസഖ്യത്തിന് അനുകൂലമായി കണ്ട 'ട്രെൻഡ്' കേരളത്തിൽ കോൺഗ്രസ് നേതൃത്വത്തിലുള്ള യുഡിഎഫിന് അനുകൂലമായി. രണ്ടാമത്തേത്, സംസ്ഥാന സർക്കാരിനോടുള്ള മതിപ്പില്ലായ്മ തന്നെ. രാഷ്ട്രീയവും ഭരണപരവുമായ ഈ രണ്ടു സാഹചര്യങ്ങളും ഗൗരവത്തോടെ വിലയിരുത്തി തുടർനടപടികളിലേക്കു കടന്നേതീരൂ.

ദക്ഷിണേന്ത്യയിൽ ഭരണവിരുദ്ധവികാരം തെരഞ്ഞെടുപ്പിനെ ബാധിച്ച സർക്കാർ കേരളത്തിലേതാണെന്നും നേതാക്കൾ ചൂണ്ടിക്കാട്ടി. തുടർഭരണം അതിനു കാരണമാകാം. സംസ്ഥാന സെക്രട്ടറി ബിനോയ് വിശ്വം, ദേശീയ നിർവാഹകസമിതി അംഗങ്ങളായ കെ. പ്രകാശ് ബാബു, ആനി രാജ, പി. സന്തോഷ് കുമാർ എന്നിവരാണ് കേരളത്തിലെ തോൽവി വിശകലനംചെയ്തു സംസാരിച്ചത്.

സാമ്പത്തികപ്രതിസന്ധി, ധനകാര്യ മാനേജ്മെന്റ്, ക്ഷേമപെൻഷൻ വിതരണത്തിലെ അപാകതകൾ, സഹകരണ മേഖലയുമായി ബന്ധപ്പെട്ട വലിയ വിവാദങ്ങൾ, സപ്ലൈകോയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ തുടങ്ങിയവ തെരഞ്ഞെടുപ്പിനെ ബാധിച്ചു. തപാൽ വോട്ടുകളിൽ കൂടുതലും എൽഡിഎഫിനു ലഭിക്കുന്ന സ്ഥിതിയിൽ മാറ്റമുണ്ടായത് സർക്കാർ ജീവനക്കാരിലെ അസംതൃപ്തി സൂചിപ്പിക്കുന്നു. 2019-ലും ഭരണവിരുദ്ധ വികാരം പ്രകടമായിരുന്നു. എന്നാൽ, ഇത്തവണ എൽഡിഎഫിന്റെ വോട്ടുശതമാനം അതിലും ചുരുങ്ങിയത് കടുത്ത എതിർവികാരത്തിന്റെ സൂചനയാണ്. പേരിനുള്ള തിരുത്തൽകൊണ്ടു കാര്യമില്ലെന്നും ജനങ്ങൾക്കു ബോധ്യപ്പെടണമെന്നും നേതാക്കൾ പറഞ്ഞു.

# ഫാ. ജോസഫ് പൈകടയ്ക്ക് പൂഞ്ചിലെ നവസൈനികന്റെ ആദ്യസല്യൂട്ട്

പൂഞ്: ഡെറാഡൂണിലെ പട്ടാള പരിശീലന കേന്ദ്രത്തിൽ നടന്ന പാസിംഗ് ഔട്ട് പരേഡിൽ രാഹുൽ കുമാർ എന്ന നവസൈനികനാണ് ഔദ്യോഗിക ചിഹ്നങ്ങൾ മേലധികാരികളിൽനിന്നു സ്വീകരിച്ച ശേഷം ഫാ. ജോസഫ് പൈകടയുടെ ഫോട്ടോയ്ക്കുമുന്നിൽ ആദ്യ സല്യൂട്ട് ചെയ്തത്. പൂഞ്ചിലെ ആദ്യകാല മിഷണറിയായിരുന്നു ഫാ. ജോസഫ് പൈകട. അദ്ദേഹം സേവനംചെയ്ത പൂഞ്ചിലെ സെന്റ് ഇഗ്നേഷ്യസ് ഇടവകാംഗമാണ് രാഹുൽ കുമാർ.

തന്റെ ജീവിതത്തിലെ ഏറ്റവും മഹനീയമായ അവസരത്തിൽ ഫാ. ജോസഫ് പൈകടയുടെ ഫോട്ടോയ്ക്കു മുന്നിൽ സല്യൂട്ട് ചെയ്യാനുള്ള കാരണം പിന്നീട് രാഹുൽതന്നെ പറഞ്ഞു. തന്റെ ജീവിതം മാറ്റിമറിച്ചത് ഈ വൈദിക ശ്രേഷ്ഠനാണ്. പഠിക്കാൻ കഴിവുള്ളവർക്കു മാത്രമാണ് പൈകടയച്ചൻ തന്റെ സ്കൂളിൽ അഡ്മിഷൻ കൊടുക്കാൻ തീരുമാനിച്ചിരുന്നതെങ്കിൽ എനിക്ക് വിദ്യാഭ്യാസം ലഭിക്കാനുള്ള യാതൊരു സാധ്യതയുമുണ്ടാകുമായിരുന്നില്ല. ഫീസ് കൊടുക്കാൻ സാമ്പത്തികമുള്ളവരെയാണ് അദ്ദേഹം സ്കൂളിൽ എടുക്കാൻ ആഗ്രഹിച്ചിരുന്നതെങ്കിൽ പൂഞ് ക്രൈസ്റ്റ് സ്കൂളിന്റെ പടിപോലും കാണാൻ എനിക്ക് കഴിയുമായിരുന്നില്ല. എല്ലാത്തരത്തിലും സാമൂഹികമായി പിന്നാക്കംനിന്നിരുന്ന ക്രൈസ്തവർക്കു പഠിക്കാൻ ആഗ്രഹമുണ്ടാക്കിത്തന്നത് അദ്ദേഹമാണ്. കോഴിക്കോട് ദേവഗിരി കോളജിന്റെ പ്രിൻസിപ്പൽ സ്ഥാനത്തുനിന്ന് വിരമിച്ച ശേഷമാണ് ഫാ. ജോസഫ് പൈകട ജമ്മു കാശ്മീരിലെ പൂഞ്ചിൽ സേവനമനുഷ്ഠിച്ചത്. 83-ാം വയസ്സിൽ 2019 ഡിസംബർ 20-നാണ് അദ്ദേഹം അന്തരിച്ചത്.

# ഒറ്റമുറി വീട്ടിലെ വിധവയ്ക്ക് വൈദ്യുതി ബിൽ അരലക്ഷം രൂപ

വാഗമൺ: ഒറ്റമുറി വീട്ടിൽ കഴിയുന്ന വയോധിക അരലക്ഷം രൂപയുടെ വൈദ്യുതിബിൽ കണ്ടു ഞെട്ടി. കെഎസ്ഇബി ഓഫീസിൽ പരാതി അറിയിച്ചപ്പോഴാകട്ടെ, വൈദ്യുതി വിച്ഛേദിച്ച് അവർ പകതീർത്തു. വാഗമൺ വട്ടപ്പതാൽ കുരുവിള വീട്ടിൽ അന്നമ്മയ്ക്ക് കഴിഞ്ഞ മാസം പതിനഞ്ചിനാണ് ബിൽ ലഭിച്ചത്. വർഷങ്ങൾക്കുമുമ്പ് ഭർത്താവ് മരിച്ച അന്നമ്മ കൂലിപ്പണിക്കു പോയാണ് ഉപജീവനം കഴിക്കുന്നത്. ആരോഗ്യസ്ഥിതി മോശമായതിനാൽ നാളുകളായി കൂലിപ്പണിക്കും പോകുന്നില്ല. മുമ്പ് ഇരുനൂറ്, നാനൂറ് എന്നിങ്ങനെയുള്ള തുകകളുടെ ബിൽ ആണ് വന്നിരുന്നത്. കുറച്ചുനാൾ മുമ്പ് ഇടിമിന്നലിൽ വൈദ്യുതി മീറ്റർ കേടായി. തുടർന്ന് മാറ്റിവെച്ചു. ഇതിനു പിന്നാലെയാണ് ഭീമമായ വൈദ്യുതിബിൽ വന്നത്. പീരുമേട് സെക്ഷൻഓഫീസിൽ അന്നമ്മ പരാതി നൽകിയെങ്കിലും നടപടിയുണ്ടായില്ല. വീണ്ടും പരാതി നൽകിയപ്പോഴാണ് വൈദ്യുതി വിച്ഛേദിച്ചത്. ഇതോടെ മണ്ണെണ്ണ വിളക്കിന്റെ വെളിച്ചത്തിലായി അന്നമ്മയുടെ ജീവിതം.

# രാഹുൽ പ്രതിപക്ഷ നേതാവാകും

(3-ാം പേജിൽനിന്നും)

മത്സരത്തിനുപോലും മറ്റാരും ഇല്ലാതിരുന്നതിനാൽ അന്നുമുതൽ എല്ലാ തവണയും ഏകകണ്ഠമാണ് സോണിയ തെരഞ്ഞെടുക്കപ്പെട്ടത്. മാധവറാവു സിന്ധ്യ, രാജേഷ് പൈലറ്റ് അടക്കമുള്ള നേതാക്കളെല്ലാം അന്ന് സോണിയയെയാണ് പിന്തുണച്ചത്.

ലോക്സഭാ തെരഞ്ഞെടുപ്പിനുശേഷം കോൺഗ്രസ് എംപിമാരുടെ ആദ്യ സിപിപിയോഗം നടക്കാറുള്ള പാർലമെന്റ് സെൻട്രൽ ഹാളിലാണ് ശനിയാഴ്ച യോഗം നടന്നത്.

# മൂന്നാം മോദിസർക്കാർ അധികാരമേറ്റു

(3-ാം പേജിൽനിന്നും)

മുതിർന്ന രാഷ്ട്രീയ നേതാക്കൾ, എൻഡിഎ ഘടകകക്ഷി നേതാക്കൾ, ചലച്ചിത്ര താരങ്ങൾ, വ്യവസായപ്രമുഖർ തുടങ്ങി സമൂഹത്തിന്റെ വിവിധ തലങ്ങളുടെ പ്രാതിനിധ്യങ്ങളും ചടങ്ങിനെത്തി. രണ്ടാം മോദി മന്ത്രിസഭയിലെ പ്രമുഖരും ബിജെപിയുടെ പ്രധാനമുഖങ്ങളുമായ നേതാക്കൾ മൂന്നാം മന്ത്രിസഭയിലും ഒന്നാം നിരയിൽ അണിനിരന്നു.

ബിജെപി ദേശീയ അധ്യക്ഷൻ ജെ.പി. നഡ്ഡ, മധ്യപ്രദേശ മുൻമുഖ്യമന്ത്രി ശിവരാജ് സിങ് ചൗഹാൻ, ഹരിയാന മുൻ മുഖ്യമന്ത്രി മനോഹർ ലാൽ ഖട്ടർ എന്നിവരുടെ രംഗപ്രവേശം മന്ത്രിസഭയിലും ബിജെപിയുടെ സംഘടനാരാഷ്ട്രീയത്തിലും മാറ്റങ്ങൾക്ക് വഴി തുറക്കും. നഡ്ഡ രാജ്യസഭയുടെ നേതാവായേക്കും. പ്രധാന ഘടകകക്ഷികളായ ടിഡിപി, ജെഡിയു, ശിവസേന ഷിന്ദേ വിഭാഗം, എച്ച്എഎം, എൽജെപി, അപ്നാദൾ തുടങ്ങിയ പാർട്ടികൾക്ക് മന്ത്രിസഭയിൽ ഇടം നൽകി. എന്നാൽ സഹമന്ത്രി സ്ഥാനം സ്വീകരിക്കാൻ വിസമ്മതിച്ച എൻസിപി അജിത് പവാർ വിഭാഗത്തിന് മന്ത്രിമാരില്ല. സത്യപ്രതിജ്ഞ ചെയ്ത ക്യാബിനറ്റ് മന്ത്രിമാരിൽ ഏഴുപേർ മുൻ മുഖ്യമന്ത്രിമാരാണ്. ഏഴ് വനിതാ മന്ത്രിമാരും മന്ത്രിസഭയിലുണ്ട്.

കേരളത്തിന്റെ പ്രാതിനിധ്യങ്ങളായി രണ്ടു മന്ത്രിമാർ സത്യപ്രതിജ്ഞാവേദിയിൽ തിളങ്ങി. ഇതിൽ സുരേഷ് ഗോപിയുടെ മന്ത്രിപദം പ്രതീക്ഷിച്ചതായിരുന്നെങ്കിലും ജോർജ് കുര്യന്റെ മന്ത്രിപദം അപ്രതീക്ഷിതമായി. സഹമന്ത്രിമാരായാണ് ഇരുവരും മൂന്നാം മോദി മന്ത്രിസഭയുടെ ഭാഗമാകുന്നത്.

അമ്പത്തിയൊന്നാമതായി രാത്രി 9.10-ഓടെയാണ് സുരേഷ് ഗോപി സത്യപ്രതിജ്ഞ ചെയ്തത്. സത്യപ്രതിജ്ഞ ദൈവനാമത്തിൽ ഇംഗ്ലീഷിലായിരുന്നു. സത്യപ്രതിജ്ഞയ്ക്കുശേഷം രാഷ്ട്രപതി ദ്രൗപദി മുർമുവിനെ വണങ്ങി. പ്രധാനമന്ത്രി എഴുന്നേറ്റുനിന്ന് ഹസ്തദാനം നൽകിയപ്പോൾ സദസ്സിൽ കൈയടി മുഴങ്ങി.

സത്യപ്രതിജ്ഞാ ചടങ്ങിന് സാക്ഷ്യം വഹിക്കാൻ സുരേഷ് ഗോപിയുടെ ഭാര്യ രാധിക, രാധികയുടെ അമ്മ ഇന്ദിരാ രാജശേഖരൻ, സഹോദരൻ സുനിൽ ഗോപി തുടങ്ങിയവർ എത്തിയിരുന്നു.

എഴുപതാമതായാണ് ജോർജ് കുര്യൻ സത്യപ്രതിജ്ഞചെയ്ത് അധികാരമേറ്റത്. 9.50-ഓടെ ഇംഗ്ലീഷിൽ ദൈവനാമത്തിലാണ് ജോർജ് കുര്യൻ സത്യപ്രതിജ്ഞ ചെയ്തത്. സത്യപ്രതിജ്ഞയ്ക്കുശേഷം വേദിയിൽ പ്രധാനമന്ത്രി നരേന്ദ്രമോദിക്കും അമിത്ഷായ്ക്കുമുൾപ്പെടെ ജോർജ് കുര്യൻ ഹസ്തദാനം നൽകി.

# സുരേഷ് ഗോപിയും ജോർജ് കുര്യനും

(3-ാം പേജിൽനിന്നും)

തടസ്സമായിരുന്ന ചില അതിരുകൾ മറികടക്കാൻ സുരേഷ് ഗോപിക്കു കഴിഞ്ഞെന്നും തൃശൂരിൽ വിജയമുറപ്പിക്കാൻ അതു മുഖ്യഘടകമായെന്നും നേതൃത്വം വിലയിരുത്തുന്നു. രാജ്യസഭാംഗമാക്കിയാൽ പിന്നീടു വരുന്ന തെരഞ്ഞെടുപ്പിൽ മത്സരിച്ചു ജയിക്കുക എന്ന രീതിയാണ് ബിജെപി ദേശീയ നേതൃത്വം നേതാക്കളോടു നിർദേശിക്കുന്നത്. ഇക്കാര്യത്തിൽ കേരളത്തിൽ ആദ്യമായി ലക്ഷ്യം നേടിയതും സുരേഷ് ഗോപിയാണ്. കേരളത്തിൽ മുന്നണിക്ക് ലഭിച്ച 20 ശതമാനത്തോളമെത്തിയ വോട്ട് വിഹിതം വർധിപ്പിക്കുകയാണ് പാർട്ടിയുടെ ലക്ഷ്യം. ഇതിനാണ് മുതിർന്ന നേതാവ് ജോർജ് കുര്യന് മന്ത്രിസ്ഥാനം നൽകിയെന്നതും വ്യക്തം.

പാർട്ടിയിലേക്ക് സമീപകാലത്ത് എത്തിയ സുരേഷ് ഗോപിയെയും യുവമോർച്ച തൊട്ടുള്ള പ്രവർത്തന പാരമ്പര്യമുള്ള ജോർജ് കുര്യനെയും ഒരേ സമയം പരിഗണിച്ചു എന്നതും ശ്രദ്ധേയം. പാർട്ടി അഴിച്ചുപണിയും മന്ത്രിസഭാ വിപുലീകരണവും വരുമ്പോൾ കേരള പ്രാതിനിധ്യം വർധിക്കുമെന്ന് പ്രതീക്ഷയും സംസ്ഥാന നേതൃനിരയിലുള്ളവർ പങ്കുവെക്കുന്നു.

# SEEKING BRIDEGROOM

*Pentecostal Parents invite proposals for their daughter, who is an MBBS Doctor and a Public Health Master's graduate from the American University of Armenia, now pursuing her Foreign Medical Licensing. She is 32 (17.2.1992/Height 5'4) with medium skin tone. She born in State of Qatar, Middle East and brought up in India. We are seeking suitable alliances from Christian - US, Canada, UK, Australia, New Zealand, Switzerland, Middle East who are Professionally qualified Doctors, CPAs, IT Professionals, Engineers with Masters.
If interested please contact **+91 8592955555 / +91 8943677777** or **mathewkws@gmail.com** with recent pictures and details.

*Pentecostal parents inviting proposals for their daughter (31 years, 2/10/1992, Hight 5'6) pursuing Ph. D program in Mechanical Engineering, University of North Carolina in USA, currently working as Teaching assistant at the same university from parents of professionally qualified spiritual boys from USA. If interested, please contact **+91 9142050975 / +91 9744797000** or **thomasnidheerickal@gmail.com.**

*Roman Catholic parents invite proposals for their daughter, who is a chemical engineering Ph.D. student at a reputed college. She is 26 years old and is 5'3" with a fair complexion. She is born and brought up in the USA. We are seeking suitable alliances from professionally qualified Doctors, CPAs, IT professionals, and Engineers with masters, born and raised in the USA, who are Catholics, family-oriented, and God fearing. Interested please respond with details including a recent picture to: **chry7851@gmail.com**

*Pentecostal parents settled in US inviting proposal for their daughter born and brought up in USA, 34yrs, 5'8", Doctor of Pharmacy working as a clinical pharmacist. We are seeking a professionally qualified spiritual boy from the same faith. If interested please contact **206 234 5555**, Email: **wmathew1@comcast.net**

*Immigrant Mar Thoma parents invite marriage proposal for their daughter in Kerala (27 yrs.) MSc, B.Ed., from parents of Mar Thoma or Orthodox boys in the US. She is very beautiful, God fearing and family oriented. Please contact at **ajohn1192@gmail.com** with picture and details.

*The Pentecostal family settled in Texas invites a proposal for their daughter, who will start her MD residency in California in June 2024. Age 25 (November 4, 1998), 5'4", God-fearing, baptized, fair & a US citizen from parents of a Pentecostal boy, with a professional career and from the US. Please email complete details and pictures to **risinginspirit@yahoo.com.**

*Pentecostal Family, residing in the US, is inviting proposals for their born again, baptized daughter (30/ 5'4). Born and brought up in California, she works as an Optometrist (Eye Doctor). She is God fearing and Family oriented. Seeking suitable proposals from parents of Pentecostal ,Family oriented and professional boys preferably based in the US. Please respond with photo and details to **shajeepmathew@gmail.com** or contact **1-972- 342-4297.**

*Pentecostal parents settled in the USA invite proposal for their daughter, 28 year old, 5' 2": born again, water baptized and leading a model christian life. Born and brought up in the USA. Masters in Speech Language Pathology. Seeking suitable proposals from qualified boys from the USA or Canada. Please respond with details and pictures to
**foreverulove2023@gmail.com** or **469-371-7023**.

*Roman Catholic parents invite proposals for their daughter who is working as Pham-D. She is 38 and 5'-3" fair complex. She is born and brought up in U.S.A. We are seeking suitable alliance from professionally qualified Engineers, Doctors, Pharmacists, MBA accountants , IT professionals born and raised in U.S.A. who are Catholics and God-fearing and family oriented. Interested please respond with details including a recent picture to: **cyriac78@hotmail.com**

*Pentecostal parents settled in USA invite proposal for their daughter 28 years old, 5' born again, baptized and spirit filled. Born and brought up in USA. Masters in Accounting, working as a corporate senior tax accountant, pursuing CPA. Parents of qualified boys ( from USA or Canada) with good spiritual background may please respond with details and pictures to **smat16ab@gmail.com**

*USA Settled family seeking proposal for their daughter, 28 years old 5' 3" born and raised here in the US. She has graduated from medical school, and currently doing 2nd year residency in Family Medicine. She is born again, baptized, and has a heart for medical missions. Looking for proposals from interested parties. Please respond with contact number, picture/s and or with any online profile, if one available.
Contact- **Plavilakandan@gmail.com**

*U.S. settled, professional, Keralite Hindu parents invite proposals for their US-born and raised only child, Architect (M. Arc.), pretty, accomplished: singer, Indian Classical dancer, and pianist. 30,5', currently working in Southwest (willing to relocate to southern region) from professionals (preferably US citizens). Interested parties kindly contact us with details and a recent picture to: **bejeweledsnow@hotmail.com**

*Seeking suitable groom for 25 yrs old daughter (Oct 1998) - Pentacostal background. She is currently doing her masters in social work and working full time

# SEEKING BRIDE

*Well to do, healthy, Christian widower (80) seeking a mature, single, Christian lady or widow. Text me to start the conversation first to get to know each other. Phone number **(830)624-5533.**

*Marthoma parents with strong religious back ground seeking proposals for their son, 32 years, 5' 8", born and brought up near New York City, working in an Investment banking group, pursuing CFA. Parents of professional girls born and brought up in US from any Christian denomination may please respond with details to **go2mathew@gmail.com.**

*Pentecostal parents invite proposal for their son (September 1996, 5"7) born and brought up in US, born again, baptized, spirit filled, actively involve in church ministry, medical student starting his residency in the mid of 2025. From the parents of girls who have similar field or are professionally qualified. Please send recent pictures and full details to **ifhiswill2021@gmail.com.**

*Professionally qualified Pentacostal boy working and studying in USA (fair/36/ 78kg/182cm/ divorced) seeking suitable proposal from parents of born again, spirit filled and professionally qualified girls live in United States. Contact: **(832) 340-0672**

*Double board certified physician currently working as a Medical Director at the VA. Beyond the realm of medicine, I prioritize strong family values and faith. I'm seeking a meaningful connection with someone who shares these principles, someone who values integrity, compassion, and growth. If you're ready to embark on a journey of companionship rooted in mutual respect and shared beliefs, I'd love to hear from you. Age 45 and 5' 7". Please respond with details and recent picture to **pvcglorytogod@gmail.com**

*Brother settled in the U.S. invites marriage proposal for Knanaya Catholic widower (U.S. returned, doing business, 2 sons, 1 in Canada & other one in Bangalore), 55, 5'8", 150lb from Knanya women or widows with or without children. Please contact us on **+1 863-447-0691 or email at joscoveneers@gmail.com.**

*Born Again Pentacostal church member, citizen of USA, 39 years old, single, working in USA as software engineer seeking born again Pentacostal girl from USA, looking for spiritually inclined, working professionally in USA. Please contact **deniscyrus@gmail.com / 609-968-1097.**

*Pentecostal parents are searching for a suitable match for their son, born in August 1991, 5'10" tall, an Attorney with a Juris Doctor degree. He works in Corporate Compliance and Privacy at a major hospital in the USA. He is dedicated to his church and enthusiastic about mission work. If interested please send details and recent pictures WhatsApp: **+91 9810701777.**
Email: **glorya9307@gmail.com**

*Christian professional parents looking for a match for our 31-year-old son: Born again, US born, physician in Internal Medicine residency – 2nd year, 6ft tall. Looking for Christian, US born, professional women age 24-31. Please send bio with family information and picture to **Marriage1292@gmail.com.**

*Pentecostal parents invite proposal for their son (age 25, h-175 cm), who is born-again, baptized, Holy Spirit-filled, raised in traditional Syrian Christian family, heavily involved in Church and mission activities, and has finished Masters in Medical Engineering from UK (currently in UK) from parents of God fearing educated Pentecostal girls settled in US and Canada. If interested, please contact **rinojjohn82@gmail.com,**
**+44 7776814498, +91 9846130814** with details and pictures.

*USA settled Christian family seeking proposal for their 34 year old son who was born in Sultanate of Oman and moved to US at the age of 6. He is 5'7", born again/ baptized and in fellowship with a Pentecostal Church in Florida. He has Masters degree from Georgia Tech and currently working with Lockheed Martin as a Senior Software Engineer since several years. He had to undergo a Kidney transplant in 2010 (his only sister donated her kidney). He is in very good health, athletic and socially active. We are looking for a born again, educated girl from US or elsewhere. Those who are interested, please text, whatsapp at **863-709-6031** or email to **mathewg1956@gmail.com.**

## SEEKING BRIDEGROOM CONTD.....

as a case worker with a human trafficking organization. She graduated with bachelors degree in health science from Texas A&M. She is born again, spirit filled and has a heart for ministry, very active in church, Sunday school and youth groups. She has been to several mission trips overseas and has a heart to mentor, teach the word and minister to the youth. She organizes and motivates the youth to spend time in prayer and the word. Born in the middle east, raised in US since 5yrs of age. Looking for someone who has similar interests and loves the Lord and the church. We are settled in Dallas. If interested please email information to **annoov17@gmail.com.**

Visit Our Website:
www.keralaexpress.com
for Matrimonial Advt.

KERALA EXPRESS

# നിര്യാതരായി

## കെ.എം. മത്തായി

**മല്ലപ്പള്ളി:** ചെങ്ങരൂർ കണിചേരിയിൽ ചെള്ളേട്ട് കെ.എം. മത്തായി (അപ്പായി-91) അന്തരിച്ചു. ഭാര്യ തുരുത്തിക്കാട് കോയിപ്രത്ത് പുതുപ്പറമ്പിൽ ചിന്നമ്മ. മക്കൾ: സാലി, സജി, സാബു (യുഎസ്), പരേതരായ സണ്ണി, സുജ. മരുമക്കൾ: ആനിക്കാട് പറങ്കിമാമ്മൂട്ടിൽ ഗ്രേസിക്കുട്ടി, പുതുശേരി ചൊർണാട്ട് ജോയി, ചെങ്ങരൂർ തലക്കുളത്ത് സജു, കുറിച്ചി തയ്യിൽ ഹണി, തട്ടയിൽ കുഴിഞ്ഞയിത്ത് ഷേർളി (യുഎസ്), ചെങ്ങരൂർ വാക്കയിൽ ജോൺസി.

**ആലപ്പുഴ:** തൈക്കാട്ടുശേരി ഉളവയ്പ് തെക്കനാട്ട് പാറായിൽ കുടുംബാംഗം മറിയാമ്മ മാത്യു ആലപ്പാട്ട് (93) ചെന്നൈയിൽ അന്തരിച്ചു.

**കാഞ്ഞിരപ്പള്ളി:** മേരിമാതാ ആശുപത്രി ഉടമയും ജനറൽ മെഡിസിൻ പ്രഫസറുമായ ഡോ. ജോസ് ജോൺ കോക്കാട്ട് (73) അന്തരിച്ചു.

**മാവേലിക്കര:** സി.എസ്ഐ സഭാവൈദികൻ പരേതനായ റവ. വി.ജെ. മാത്യുവിന്റെ മകൻ ലൈറ്റ് ദി വേൾഡ് മിഷൻസ് ഡയറക്ടർ റവ.ഡോ. ജോസഫ് മാത്യു (ജോജു-53) അന്തരിച്ചു.

**സൗത്ത് പാമ്പാടി:** കുമരോത്ത് പുതുപ്പറമ്പിൽ പി.യു. ഉലഹന്നാൻ (മീനടം സണ്ണി-67) അന്തരിച്ചു.

**വില്ലൂന്നി:** പുളിമൂട്ടിൽ ജോസിന്റെയും ത്രേസ്യാമ്മയുടെയും മകൾ ആൻ മരിയ പി. ജോസ് (സൗമ്യ-34) അന്തരിച്ചു.

**കണ്ണൂർ:** കേരളത്തിനും ഗോവയ്ക്കും വേണ്ടി സന്തോഷ്ട്രോഫി ഫുട്ബോൾ ടൂർണമെന്റിൽ കളിച്ചിട്ടുള്ള ഓലച്ചേരി കോവുമ്മൽ സത്യവാൻ (89) അന്തരിച്ചു.

**വെള്ളൂർ:** മള്ളിയിലായ പേരത്തൊട്ടിയിൽ കെ.സി. ഏലിയാസ് (ബേബി-87) അന്തരിച്ചു.

**പൈക:** പന്തിരുവേലിൽ ജോയി സ്കറിയയുടെ ഭാര്യ മോളി ജോയി (65) അന്തരിച്ചു.

**കുമരകം:** പോത്താനിക്കലായ ഇടവന്നലശേരിൽ ഇ.പി. ശോശാമ്മ (പൊന്നമ്മ-74) അന്തരിച്ചു.

**പാലാ:** വിജയപുരം രൂപതാംഗം ഫാ. ജോൺ മാത്യു തെങ്ങുംതോട്ടത്തിൽ (86) അന്തരിച്ചു.

**കോലഞ്ചേരി:** കോട്ടയം ജില്ലാ വ്യവസായ കേന്ദ്രം റിട്ട. ജനറൽ മാനേജർ കടയിരുപ്പ് വാലേത്ത് ജോസഫ് (88) അന്തരിച്ചു.

**തിരുവനന്തപുരം:** എഴുത്തുകാരനും പത്രപ്രവർത്തകനും ആദ്യകാല സിനിമ-സീരിയൽ പ്രവർത്തകനുമായിരുന്ന എൻ.സി. സേനൻ (78) അന്തരിച്ചു.

**മറ്റക്കര:** റിട്ട. അധ്യാപകൻ മലമ്പുറത്ത് എം.ജെ. ജോസഫ് (80) അന്തരിച്ചു.

## കെ.എസ്. അയ്യപ്പൻ നായർ

**തിരുവനന്തപുരം:** മുൻമുഖ്യമന്ത്രിമാരായ ഇഎംഎസ്, ഇ.കെ. നായനാർ എന്നിവരുടെ പേഴ്സണൽ സ്റ്റാഫ് അംഗവും സെ. സെക്രട്ടേറിയറ്റ് റിട്ട. ഉദ്യോഗസ്ഥനുമായിരുന്ന കെ.എസ്. അയ്യപ്പൻ നായർ (82) അന്തരിച്ചു. ഭാര്യ: പി. കൃഷ്ണകുമാരി (റിട്ട.ഡെപ്യൂട്ടി സിഎഒ, കെഎസ്ആർടിസി). മക്കൾ: അജിത് കുമാർ, അനിൽകുമാർ (യുഎസ്), അരുൺകുമാർ. മരുമക്കൾ: ടി.ആർ. ഗീതാഞ്ജലി, പ്രിയ നായർ (യുഎസ്), രഞ്ജു (എൻ.എച്ച്.എം തിരുവനന്തപുരം).

**മാറിക:** തെങ്ങുംചേരിൽ ടി.വി. ജോണിന്റെ ഭാര്യ വഴിത്തല സെ. സെബാസ്റ്റ്യൻസ് എച്ച്എസ്എസ് റിട്ട. അധ്യാപിക അന്നമ്മ ജോൺ (83) അന്തരിച്ചു.

**അന്തിനാട്:** പുതിയിടത്ത് ചാമക്കാലായിൽ മൈക്കിൾ മൈക്കിൾ (പാപ്പച്ചൻ-85) അന്തരിച്ചു.

## റെയ്ച്ചൽ തോമസ്



**കുമരകം:** വാലയിൽ റെയ്ച്ചൽ തോമസ് (87) അന്തരിച്ചു. പത്തനംതിട്ട ചാഞ്ഞപ്ലാക്കൽ കുടുംബാംഗമാണ്. ഭർത്താവ് പരേതനായ വി.സി. തോമസ്. മക്കൾ: ഷേർളി, ജേക്കബ്, ഷൈനി, ഷോബ. മാത്യു. മരുമക്കൾ: ജോർജ്, ഷീല, ജെനറ്റ്, ബിൻസി, ഷിബി (എല്ലാവരും യുഎസ്).

**വരാപ്പുഴ:** പോളിയോ തളർത്തിയ ഇരുകാലുകളുടെയും പരിമിതിയെ അതിജീവിച്ച് സംഗീതമേഖലയിൽ തിളങ്ങിയ പ്രശസ്ത ഗായകനും രചയിതാവുമായ കുന്നനാട് സാബു വരാപ്പുഴ (56) അന്തരിച്ചു.

**പുളിക്കൽകവല:** ചക്കാലക്കലായ കണ്ണന്താനത്ത് രാജു (64) അന്തരിച്ചു.

**ആർപ്പൂക്കര:** കിഴക്കേടത്ത് മേരി ജോസഫ് (76) അന്തരിച്ചു.

**കഞ്ഞിക്കുഴി:** മാമ്പറയിൽ (വടക്കേനടയിൽ) നിമ്മി ജയൻ (71) അന്തരിച്ചു.

**തെള്ളകം:** ടെലഗ്രാഫ് റിട്ട. ഉദ്യോഗസ്ഥൻ മുണ്ടകപ്പാടം കാവിൽ കെ.വി. കുര്യൻ (88) അന്തരിച്ചു.

**നട്ടാശേരി:** കുഴിയൻകാലായിൽ വിമലമാതാ ഭവനിൽ ആർട്ടിസ്റ്റ് സൈമൺ ജോസിന്റെ ഭാര്യ ലില്ലി ജോസ് (64) അന്തരിച്ചു.

**കോട്ടയം:** മള്ളൂശേരി വലിയവീട്ടിൽ ശോശാമ്മ (96) അന്തരിച്ചു.

## അന്നമ്മ ചാക്കോ

**കരുവാറ്റ:** മങ്കുഴി മേടയിൽ അന്നമ്മ ചാക്കോ (93) അന്തരിച്ചു. കരുവാറ്റ വള്ളിയിൽ കുടുംബാംഗമാണ്. ഭർത്താവ് പരേതനായ എം.ജെ. ചാക്കോ. മക്കൾ: ലീലാമ്മ, എം.സി. ജോസഫ്, ഗീവർഗീസ് ചാക്കോ, ആനി, ആലീസ്, മോളി, പരേതനായ എം.സി. ചാക്കോ. മരുമക്കൾ: എ.ഇ. ജോയിക്കുട്ടി ആലിന്റെ തെക്കേതിൽ, പുഷ്പ കന്നിലേത്ത്, ജെസി തെറ്റാലിങ്കൽ അകംകുടി, ജി. വർഗീസ് തുണ്ടുപറമ്പിൽ (മാവേലിക്കര), ഏവൂർ വാഴശേരി ജയ്മി (യുഎസ്), റെജി താഴത്തില്ലത്ത് (വടശേരിക്കര), വിൽസൺ കടമ്പാട്ട് (ഏവൂർ).

**ആലപ്പുഴ:** മുട്ടാർ സെ. ജോർജ് എച്ച്എസ്എസ് റിട്ട. ഹെഡ്മാസ്റ്റർ വെട്ടുപറമ്പിൽ വി.വി. മാത്യു (86) അന്തരിച്ചു.

**വെമ്പള്ളി:** ആസ്ത വീട്ടിൽ ആനാരി ആമ്പക്കാട്ട് ഖാദി ബോർഡ് റിട്ട. ഡെപ്യൂട്ടി ഡയറക്ടർ എ.എം. അച്യുതൻ പിള്ള (94) അന്തരിച്ചു.

**ഇരവിപേരൂർ:** കല്ലിശേരി ഉമയാറ്റുകര എൽപിഎസ് റിട്ട. പ്രധാനാദ്ധ്യാപിക കിഴക്കേതിൽ അന്നമ്മ അലക്സാണ്ടർ (കുഞ്ഞുഞ്ഞമ്മ-92) അന്തരിച്ചു.

**പരിയാരം:** വിമുക്തഭടൻ വടക്കേമുറിയിൽ രാജപ്പൻ (അച്ചൻകുഞ്ഞ്-79) അന്തരിച്ചു.

**നിലമാമൂട്:** മണവാരി ഇന്ത്യാ ഫുൾ ഗോസ്പൽ മിനിസ്ട്രിസിന്റെ സ്ഥാപകനും കോട്ടുക്കോണം ട്രിനിറ്റി ബൈബിൾ കോളജ്, ട്രിനിറ്റി ഇംഗ്ലീഷ് മീഡിയം സ്കൂൾ ഡയറക്ടറുമായ റവ.ഡോ. ജോഷ്വാ തമ്പി (87) അന്തരിച്ചു.

## മോളി സി. ബെന്നി

**പത്തനാപുരം:** കക്കാട്ട് വീട്ടിൽ മോളി സി. ബെന്നി (57) അന്തരിച്ചു. കറുകച്ചാൽ ചേലകൊമ്പുകുളത്തുംഗൽ കുടുംബാംഗമാണ്. ഭർത്താവ്: ബെന്നി കക്കാട് (കേരള കോൺ. എം ഉന്നതാധികാര സമിതി അംഗം). മകൻ: റോഷൻ ബി. കക്കാട് (യുഎസ്).

**കായംകുളം:** ന്യൂ ലൈഫ് ക്രിസ്ത്യൻ മിനിസ്ട്രിസ് സ്ഥാപകനും മുൻ പ്രസിഡണ്ടുമായ പത്തിയൂർക്കാലയിൽ തിരുവിന്നാൽ വീട്ടിൽ പാസ്റ്റർ കെ.കെ. ജോൺ (88) അന്തരിച്ചു.

**പൊൻകുന്നം:** കെഎസ്ഇബി റിട്ട. ഉദ്യോഗസ്ഥൻ തോണിപ്പാറ കുടുംബിയാംകുഴിയിൽ രാധാകൃഷ്ണൻ നായർ (74) അന്തരിച്ചു.

**പാവറട്ടി:** കേരള കോൺഗ്രസ് (എം) സംസ്ഥാന കമ്മിറ്റിയംഗവും പുതുമനശേരി സെ. മേരീസ് ചാപ്പലിനു സമീപം കാഞ്ഞിരത്തിങ്കൽ ജോസിന്റെയും മർത്തയുടെയും മകനുമായ കെ.ജെ. ജെയിംസ് (53) അന്തരിച്ചു.

**അരുവിത്തുറ:** മുകാലയിൽ ജോയി മാത്യു (75) അന്തരിച്ചു.

## ഫാ. സിറിയക് മാളിയേക്കൽ



**ചെറുവാണ്ടൂർ:** കണറ്റികട്ട് ഹാർട്ട്ഫോർഡ് രൂപതാംഗം ഫാ. സിറിയക് മാളിയേക്കൽ (79) അന്തരിച്ചു. സൂസൈപുരം, അതിരമ്പുഴ, ചമ്പക്കുളം എന്നീ ഇടവകകളിൽ സേവനം ചെയ്തിട്ടുണ്ട്. മാളിയേക്കൽ പരേതനായ ചാണ്ടിയുടെ മകനാണ്. സഹോദരങ്ങൾ: മേരി പോൾ പുത്തൻപുരയിൽ, എം.സി. വർക്കി, സിസ്റ്റർ അമാലിയ, സിസ്റ്റർ ട്രീസ മാളിയേക്കൽ, സിസ്റ്റർ അജയ, സണ്ണി അലക്സ്, ഡോ. ബെന്നി അലക്സ്, ഡോ. മാത്യു അലക്സ്.

**ഓച്ചിറ:** നാടകനടനും ഡബ്ബിങ് ആർട്ടിസ്റ്റും സഹ സംവിധായകനും നാടകസമിതി ഉടമയുമായ കലാമന്ദിരിൽ തേവലക്കര മോഹനൻ (63) അന്തരിച്ചു.

**തിരുവനന്തപുരം:** പട്ടം രാജലക്ഷ്മി നഗർ ഹൗസ് നമ്പർ 14-ൽ സിൻഡിക്കേറ്റ് ബാങ്ക് റിട്ട. ഉദ്യോഗസ്ഥ ത്രേസ്യാമ്മ തോമസ് (80) അന്തരിച്ചു.

**കോതമംഗലം:** ഓതറ പുതുപ്പറമ്പിൽ മറിയാമ്മ ജോസഫ് (84) അന്തരിച്ചു.

**കങ്ങരപ്പടി:** കാക്കനാട് മാർ അത്തനേഷ്യസ് ഹൈസ്കൂൾ മുൻ പ്രധാനാദ്ധ്യാപകൻ തുരുത്തുമ്മേൽ ടി.കെ. മാത്യു (85) അന്തരിച്ചു.

**മോനിപ്പള്ളി:** ആച്ചിക്കൽ കടവുങ്കൽ (അരഞ്ഞാണി പുത്തൻപുരയിൽ) ചിന്നമ്മ ആഗസ്തി (84) അന്തരിച്ചു.

**പാറത്തോട്:** പനവേലിൽ മേരിക്കുട്ടി ഏബ്രഹാം (68) അന്തരിച്ചു.

**പൂവരണി:** വിളക്കുമാടം സെ. ജോസഫ്സ് എച്ച്എസ് റിട്ട. ടീച്ചർ കല്ലക്കുളത്ത് കെ.വി. ഏബ്രഹാം (കൊച്ചാപ്പൻ-90) അന്തരിച്ചു.

**തൃശൂർ:** കെഎസ്ഇബി റിട്ട. ഡെപ്യൂട്ടി ചീഫ് എൻജിനീയർ ചിറയിൽ ജോർജ് (93) അന്തരിച്ചു.

**പയ്യപ്പാടി:** ചേരാംപേരിൽ ശോശാമ്മ ഏബ്രഹാം (തങ്കമ്മ-92) അന്തരിച്ചു.

**കുഴിമറ്റം:** സായിപ്പുകവല കല്ലുപറമ്പിൽ ത്രേസ്യാമ്മ ഫിലിപ്പ് (ഗ്രേസി-48) അന്തരിച്ചു.

**ആയാംകുടി:** എരമത്തുരുത്ത് പല്ലൂർവീട്ടിൽ ഗൗരിയമ്മ (101) അന്തരിച്ചു.

**വടവാതൂർ:** മിൽമ റിട്ട. ഉദ്യോഗസ്ഥൻ അമ്പലത്തിങ്കൽ എ.വി. തോമസ് (കുട്ടപ്പൻ-84) അന്തരിച്ചു.

## ക്ലാരമ്മ മാത്യു

**ഇത്തിത്താനം:** ചമ്പക്കുളം പായിക്കാട്ട് (വല്യാറ) വീട്ടിൽ ക്ലാരമ്മ മാത്യു (ഗ്രേസിക്കുട്ടി-90) അന്തരിച്ചു. വേഴപ്ര പുത്തൻപുരയിൽ കുടുംബാംഗമാണ്. ഭർത്താവ് പരേതനായ അന്തോനി മാത്യു. മക്കൾ: പരേതനായ പി.എം. പോൾ, ത്രേസ്യാമ്മ (യുഎസ്), പി.എം. സണ്ണിച്ചൻ, അഡ്വ. സിബിച്ചൻ മാത്യു. മരുമക്കൾ: ആനിമ്മ പോൾ പുളിക്കൽ (കൊടുപ്പുന്ന), പരേതനായ ജോർജുകുട്ടി മണത്തറ (ചമ്പക്കുളം), ജലജമ്മ ജോസഫ് കല്ലുകളം (വടക്കേക്കര), ത്രേസ്യാമ്മ സിബിച്ചൻ കടക്കരപ്പള്ളി (കൈനകരി).

**കരിമണ്ണൂർ:** പറയംനിലം ഏലിക്കുട്ടി ദേവസ്യ (94) അന്തരിച്ചു.

**കോട്ടയം:** വെക്സ്കോ വെസ്റ്റ് ബ്രൂക്ക് ഫ്ളാറ്റിൽ അഡ്വ. സതീഷ് ആർ. നായർ (60) അന്തരിച്ചു.

**നീറിക്കാട്:** തെക്കേചേനയ്ക്കൽ സി.കെ. ഏബ്രഹാം (തങ്കച്ചൻ-79) അന്തരിച്ചു.

**ഏറ്റുമാനൂർ:** മില്ലേനിയം നഗർ പുളിവേലിൽ പി.സി. സാമുവൽ (76) അന്തരിച്ചു.

**മാഞ്ഞൂർസൗത്ത്:** തൊണ്ടിക്കുടിലിൽ പരേതനായ മാത്യുവിന്റെ മകൻ ജോർജ് മാത്യു (58) അന്തരിച്ചു.

## അന്നക്കുട്ടി ഉതുപ്പ്

**താമരക്കാട്:** പരക്കാട്ട് അന്നക്കുട്ടി ഉതുപ്പ് (92) അന്തരിച്ചു. പിറവം കോറപ്പള്ളിയിൽ കുടുംബാംഗമാണ്. ഭർത്താവ് പരേതനായ പി.എൽ. ഉതുപ്പ്. മക്കൾ: മേരി, ലൂക്കാസ് (യുഎസ്), ആലീസ്, ലിസി, ബെന്നി, ബിജി, ജോമോൻ (യുകെ). മരുമക്കൾ: ഔസേപ്പ് കുടിലിൽ പിറവം, ഏലിയാമ്മ പാലക്കുന്നേൽ അരീക്കര (യുഎസ്), ബേബി കുളവടിചാലിൽ അമനകര, പരേതനായ തോമസ് പടയിഞ്ചയിൽ പിറവം, ആനി മുണ്ടയ്ക്കൽ കിടങ്ങൂർ, ബേബി വെട്ടിക്കുഴ നാടുകാണി, ബോബി കരിമ്പട പുത്തൻപുരയിൽ അരീക്കര (യുകെ).

**വാകത്താനം:** തെക്കേക്കരയിൽ ശോശാമ്മ വർഗീസ് (അമ്മിണി-82) അന്തരിച്ചു.

**മേലുകാവുമറ്റം:** വാഴമറ്റം ഡോ. ഡബ്ല്യു.എച്ച്. നോബിൾ (ബാബു-79) അന്തരിച്ചു.

**ആർപ്പൂക്കര:** കരിപ്പുത്തട്ട് പാറക്കൽ ബേബി (യോഹന്നാൻ മത്തായി-101) അന്തരിച്ചു.

**കാരാപ്പുഴ:** കൃഷിവകുപ്പ് റിട്ട. ഡെപ്യൂട്ടി ഡയറക്ടർ മഞ്ജുഷയിൽ എം.കെ. മധുസൂദനൻ (76) അന്തരിച്ചു.

**കൊക്കയാർ:** എൻസിപി ഇടുക്കി ജില്ലാ സെക്രട്ടറി കൊക്കയാർ രത്നഗിരി പാറടിയിൽ പി.സി. രാജൻ (89) അന്തരിച്ചു.

**കോട്ടയം:** പുല്ലരിക്കുന്ന് ബോട്ട്പുരയിൽ റിട്ട. പോലീസ് (ലക്ഷദ്വീപ്) പി.വി. ചെറിയാൻ (റബി-83) അന്തരിച്ചു.

## പി.ആർ. ശ്രീധരൻ നായർ

**ചിറക്കടവ് സെന്റർ:** മന്നത്താനിൽ പി.ആർ. ശ്രീധരൻ നായർ (മണിയൻ-70) അന്തരിച്ചു. ഭാര്യ ചിറക്കടവ് കണയത്ത് രാധാമണിയമ്മ. മക്കൾ: എം.എസ് അഭിലാഷ് (യുഎസ്), പരേതയായ ആഷ എസ്. നായർ. മരുമകൾ: ബി.ജി. ലാവണ്യ (യുഎസ്).

**വാകത്താനം:** പുത്തൻചന്ത പള്ളിയടിയിൽ റിട്ട. ഹെഡ്മാസ്റ്റർ പി.കെ. തോമസ് (82) അന്തരിച്ചു.

## അന്നമ്മ ചാക്കോ

**പാറമ്പുഴ:** കരോട്ടുമുണ്ടയ്ക്കൽ അന്നമ്മ ചാക്കോ (96) അന്തരിച്ചു. സംക്രാന്തി ആണ്ടൂക്കാലായിൽ കുടുംബാംഗമാണ്. ഭർത്താവ് പരേതനായ ചാക്കോച്ചൻ. മക്കൾ: ത്രേസ്യാമ്മ, അന്നമ്മ, സിസ്റ്റർ സെലിൻ മുണ്ടയ്ക്കൽ (മഹാരാഷ്ട്ര), ജെയിംസ്, റോസമ്മ (യുഎസ്). മരുമക്കൾ: എ.ടി. തോമസ് അയ്മനം, കുഴവടക്കേൽ പാറമ്പുഴ, ജോസഫ് കുര്യൻ കുന്നത്ത് തെള്ളകം, മിനി ജെയിംസ് വള്ളോപ്പള്ളിൽ ചേർപ്പുങ്കൽ, അഗസ്റ്റിൻ മൈക്കിൾ കാഞ്ഞിരമറ്റത്തിൽ ആനവിലാസം (യുഎസ്).

**വളഞ്ഞവട്ടം ഈസ്റ്റ്:** കോലറ കൊച്ചുവീട്ടിൽ ബ്ലസി വില്ലയിൽ ദുബായ് റാഷിദ് ഹോസ്പിറ്റൽ നേഴ്സ് മറിയാമ്മ മോനിച്ചൻ (കുഞ്ഞുമോൾ-68) അന്തരിച്ചു.

**ഇരുമ്പനം:** ബിപിസിഎൽ കൊച്ചിൻ റിഫൈനറി റിട്ട. ഉദ്യോഗസ്ഥൻ ചിത്രപ്പുഴ ഗ്രേസ് വില്ല 2-ൽ എൽ.ആർ. വിജയൻ (79) അന്തരിച്ചു.

**മണിമല:** സിഎംസി സന്യാസിനി സഭാംഗം തക്കല രൂപതയിലെ കല്ലുവിള കാരുണ്യ ഭവൻ മഠാംഗം സിസ്റ്റർ ട്രീസ കൊളൈറ്റ് (ത്രേസ്യാമ്മ-84) അന്തരിച്ചു.

**തുമ്പമൺ:** സ്റ്റീൽ അതോറിറ്റി ഓഫ് ഇന്ത്യ റിട്ട. മൈനിങ് മാനേജർ മുട്ടം പട്ടശേരിൽ പി.കെ. വർഗീസ് (87) അന്തരിച്ചു.

**എടയ്ക്കാട്ടുവയൽ:** റിട്ട. വെറ്ററിനറി സൂപ്പർവൈസർ തടത്തിൽ റോസി കെ. വർഗീസ് (84) അന്തരിച്ചു.

**കങ്ങഴ:** നടുപ്പറമ്പിൽ (വയലിൽ) കെ.പി. ഫിലിപ്പിന്റെ ഭാര്യ അന്നമ്മ ഫിലിപ്പ് (76) അന്തരിച്ചു.

**പൂവരണി:** കെഎസ്ആർടിസി റിട്ട. ഇൻസ്പെക്ടർ വാതല്ലൂർ ജോസ് സെബാസ്റ്റ്യൻ (76) അന്തരിച്ചു.

**വാഴക്കുളം:** കോതമംഗലം പാവനാത്മ പ്രോവിൻസ് വാഴക്കുളം മഠാംഗവും റിട്ട. നേഴ്സുമായ സിസ്റ്റർ ബോർജിയ (85) അന്തരിച്ചു.

**തിരുവല്ല:** ബഹ്റൈനിൽ ഉദ്യോഗസ്ഥനായിരുന്ന ആലംതുരുത്തി കരുവേലിലായ പാടിയിൽ പി.പി. ജോൺ (കുഞ്ഞുമോൻ-83) അന്തരിച്ചു.

# HOUSING PLOTS FOR SALE AT MONIPPALLY

മോനിപ്പള്ളി-ഇലഞ്ഞി റൂട്ടിൽ കല്ലിടുക്കി കവലയ്ക്കു സമീപം മെയിൻ റോഡിൽ നിന്നും 30 മീറ്റർ അകത്തായി പഞ്ചായത്ത് റോഡിന്റെ സൈഡിൽ 70 സെന്റും 54 സെന്റും ഉള്ള രണ്ട് പ്ലോട്ടുകൾ വില്പനയ്ക്ക്.

**Whatsapp +1 630 903 7680**

Two residential plots of 70 cents and 54 cents at Monippally (just 30 Mtrs from Monippally-Elanji Road and on the side of Panchayat Rd) for immediate sale. Serious buyers please contact

**Cell/Whatsapp +1 630 903 7680**

# LIVE IN CAREGIVER WANTED IN CT

Looking for live in help in Stamford, CT area for elderly mother. She is healthy but needs help for daily living assistance (meals, bathing, dressing). Have car for use for Dr appointments, driving preferable.

**Call/Text Ann at**

**614-353-5145**

# CAREGIVERS (FEMALE) NEEDED IN THE DC AREA

We are looking for a live-in person for an 87-year-old Mom (dementia patient). Willing to cook light meals and taking care of her of daily needs.

**Call 301 651 6049 or**

**Thomasjacob1955@gmail.com**

## Favors Received



*Inserted by: Firm Believer, Bloomingdale*

## Favors Received



*Inserted by: Firm Believer, Bloomingdale*

**Visit Our Website:** **www.keralaexpress.com for Classified Advt.**

# LIVE IN CARETAKER (FEMALE) NEEDED IN THE CHICAGO AREA

Needed in the Chicago area: Live in caretaker (female) to care for a 90-year-old mom dementia patient Call or text

**317-709-2317**


# RENTAL VACATION PROPERTY IN SIESTA BEACH FLORIDA

4 bedroom, 3 full bath waterfront with mango and coconut etc. trees. Walking distance to number one beach in America siesta beach.

**Contact phone number:**


**847-508-5405**

## Favors Received



*Inserted by: Firm Believer, Atlanta*

## Favors Received



*Inserted by: Firm Believer, Atlanta*

## ഉപകാരസ്മരണ



**വി. യൂദാശ്ലീഹായുടെ നൊവേന**

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി. യൂദാശ്ളീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണെ മെ. യാതൊരു സഹായവും ഫല സിദ്ധിയുമി ല്ലാതെവരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരി ക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണെ മെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ളീ ഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതി കളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

(ദിവസം ഒൻപതു പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥ നയ്ക്ക് നിവൃത്തിയുണ്ടാകും. ഒൻപതു ദിവസം ചൊല്ലുക. അത് ഒരു കാലവും സഫലമാകാതി രിക്കില്ല) താമസിച്ചതിനു ക്ഷമാപണം

*Inserted by: Firm Believer, Atlanta*

## ഉപകാരസ്മരണ



**വി. യൂദാശ്ലീഹായുടെ നൊവേന**

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി. യൂദാശ്ളീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണെ മെ. യാതൊരു സഹായവും ഫല സിദ്ധിയുമി ല്ലാതെവരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരി ക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണെ മെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ളീ ഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതി കളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

(ദിവസം ഒൻപതു പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥ നയ്ക്ക് നിവൃത്തിയുണ്ടാകും. ഒൻപതു ദിവസം ചൊല്ലുക. അത് ഒരു കാലവും സഫലമാകാതി രിക്കില്ല) താമസിച്ചതിനു ക്ഷമാപണം

*Inserted by: Firm Believer, Boston*

## കഥ ഇതുവരെ

**പത്രപ്രവർത്തകനായ സന്ദീപും സുന്ദരിയായ അല്ലിമയും പ്രണയത്തിലാണ്. എറണാകുളം മനയ്ക്കക്കടവ് ഹരിതം കോളനിയിൽ അങ്കിളിന്റെ ഗൃഹപ്രവേശനച്ചടങ്ങിൽവെച്ചാണ് സന്ദീപ് അല്ലിമയെ കണ്ടുമുട്ടിയത്. ആ ഇഷ്ടം വിവാഹാലോചനയിൽ എത്തിയെങ്കിലും വിവാഹത്തിന് സന്ദീപിന്റെ അച്ഛൻ ഹൈക്കോടതി ജഡ്ജി ജയദേവൻ നമ്പ്യാർ ജാതകത്തിനു നിർബന്ധം പിടിച്ചു. അല്ലിമ ദത്തുപുത്രിയാണെന്ന് അച്ഛൻ രാജഗോപാലിനു തുറന്നു പറയേണ്ടിവരുന്നു. അല്ലിമയുടെ ജനനസമയവും മാതാപിതാക്കളെയും കണ്ടുപിടിക്കാനുള്ള അന്വേഷണവുമായി പോണ്ടിച്ചേരിയിലെത്തിയ സന്ദീപും ബന്ധുവായ കിഷോറും അല്ലിമയെ പ്രസവിച്ചത് മുത്തശ്ശിയുടെ അനുജത്തി മല്ലികച്ചിറ്റയുടെ മകൾ മാളവികയാണെന്നു മനസ്സിലാക്കി. ചിറ്റയുടെ മറ്റൊരു മകൾ അഞ്ജനയുടെ ഭർത്താവ് ഹേമചന്ദ്രൻ ഡിവൈഎസ്പിയാണ്. ബസ് കണ്ടക്ടറായിരുന്ന ചന്ദ്രബാബുവിനെ പ്രണയിച്ച് രജിസ്റ്റർ വിവാഹം കഴിച്ച മാളവിക, വീട്ടുകാരെ ഭയന്ന് ഭർത്താവിന്റെ കുടുംബത്തോടൊപ്പം നാടുവിട്ടുപോകുകയായിരുന്നു. ഒരു ദിവസം ചന്ദ്രബാബുവിനെ കാണാതായി. അന്വേഷണം തുടർന്ന സന്ദീപ് ഇടുക്കിയിലെ പെരിയാർവാലിയിൽ അല്ലിമയുടെ മുത്തച്ഛനും മുത്തശ്ശിയും ജീവിച്ചിരിപ്പുണ്ടെന്നറിഞ്ഞ് അവിടെയെത്തി. മാളവികയുടെ ആഭരണങ്ങളും വസ്ത്രങ്ങളുമടങ്ങുന്ന പെട്ടി മുത്തച്ഛൻ ശേഖരൻകുട്ടി അല്ലിമയ്ക്കു സമ്മാനിച്ചു. ചന്ദ്രബാബുവിന്റെ സഹോദരൻ അനിബാബു അല്ലിമയെ കാണാനെത്തുന്നു. അയാളെക്കൊണ്ട് സന്ദീപ് പീരുമേട്, പെരുവന്താനം പോലീസ് സ്റ്റേഷനുകളിൽ പരാതി കൊടുപ്പിച്ചു. അല്ലിമയുടെ മാതാപിതാക്കളുടെ തിരോധാനവുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങളും സന്ദീപ് പരമ്പരയായി പത്രത്തിൽ പ്രസിദ്ധീകരിച്ചു. അല്ലിമ രാജഗോപാലിന്റെ ദത്തുപുത്രിയാണെന്നു സന്ദീപിന്റെ ലേഖനത്തിലൂടെ എല്ലാവരുമറിയുന്നു. മുരിക്കാശേരി പോലീസ് വന്ന് ശേഖരൻകുട്ടി അല്ലിമയ്ക്കു കൊടുത്ത സ്യൂട്ട്കെയ്സ് കസ്റ്റഡിയിലെടുത്തു. 22 വർഷം മുൻപ് കല്ലാറ്റുപടിക്കൽ ഒരു പോത്ത് ചത്തെന്നും അതിനെ ആറ്റിറമ്പിൽ വെട്ടിമൂടിയെന്നും പഴയ തെങ്ങുകയറ്റക്കാരനിൽനിന്നു സന്ദീപ് അറിഞ്ഞു. ചന്ദ്രബാബുവിന്റെ തിരോധാനത്തിൽ പങ്കുണ്ടെന്നു സംശയിക്കുന്ന കൂട്ടിക്കൽ സുകു എന്ന വാടകഗുണ്ടയെ അനിബാബുവിന്റെ നേതൃത്വത്തിലുള്ള സംഘം പിടികൂടി ചോദ്യം ചെയ്യുന്നു. ഹേമചന്ദ്രനും ഹരീന്ദ്രനുമാണ് ചന്ദ്രബാബുവിനെ കൊന്നതെന്ന് സുകു വെളിപ്പെടുത്തുന്നു...**

# കാണാത്ത തീരങ്ങൾ

**ജോയ്സി**

**100**

സൂസമ്മ അലക്കിത്തേച്ചു മടക്കിയ തൂവെള്ള സിൽക്ക് ജുബ്ബ എടുത്തുകൊണ്ടു ഹാളിലേക്കു വന്നു.

കുഞ്ഞുമോനച്ചായനിരുന്നു വിയർക്കുന്നതു കണ്ടിട്ട് അവർ തലയ്ക്കു മകളിലേക്കു നോക്കി. ഉവ്വ് - ഫാൻ കറങ്ങുന്നുണ്ട്.

"ദാ ഷർട്ട് വന്നു... അതു വാങ്ങിച്ച് ഇട്ടോ."

പോലീസ് ഉദ്യോഗസ്ഥൻ പറഞ്ഞു.

കുഞ്ഞുമോനച്ചായൻ ഒരു പഴുതു കിട്ടിയതുപോലെ പെട്ടെന്നെഴുന്നേറ്റു. സൂസമ്മയുടെ കയ്യിൽനിന്ന് ജുബ്ബ വാങ്ങി അതിന്റെ മടക്കുകൾ നിവർത്താൻ തുടങ്ങി. വിരലുകൾ വിറച്ചിട്ട് ബട്ടൻസ് എടുക്കാൻ പറ്റുന്നില്ല.

"ഇതെന്നാ പറ്റീതാ കൈക്കൊരു വെറ?"

സൂസമ്മ ശുദ്ധഗതിക്കു ചോദിച്ചു.

കുഞ്ഞുമോനച്ചായൻ ഭാര്യയെ തറപ്പിച്ചൊന്നു നോക്കി. സൂസമ്മ ബട്ടൻസ് വിടർത്താൻ സഹായിച്ചു. കുഞ്ഞുമോനച്ചായന് ഒട്ടും ധൃതിയില്ലായിരുന്നു.

"സാറെ... ഞാൻ മൊബൈലെടുത്തോട്ടെ. മുറീലാ..."

"മൊബൈലിന്റെയൊന്നും ആവശ്യം ഉടനെ വരില്ല ചേട്ടാ."

"ഞാനീ മുണ്ടുകൂടെ ഒന്നു മാറ്റിയുടുത്തോട്ടെ." കുഞ്ഞുമോൻ കെഞ്ചി.

"ആ... ശരി."

പോലീസുകാർ, കുഞ്ഞുമോനച്ചായന് ഡ്രസ്ചെയ്യാനുള്ള സൗകര്യത്തിനായി കുറച്ചു മാറിനിന്നു. ഒരു പഴുതു കിട്ടിയപ്പോൾ കുഞ്ഞുമോനച്ചായൻ സൂസമ്മയോടു പറഞ്ഞു:

"നീ ഒതുക്കത്തിൽ ആ ഫോൺ എടുത്തോണ്ടുവന്നു താ... പിന്നെ ഇപ്പോത്തന്നെ നമ്മടെ പ്രസിഡണ്ടിനെ വിളിച്ച് വിവരം പറഞ്ഞേക്കണം. എന്നെ പോലീസ് പിടിച്ചെന്ന്..."

"കൊണ്ടുപോകുവാണോ?"

"അതെയെന്ന്."

"എങ്ങോട്ടാ?"

"അറിയാമ്മേല"

"എന്നാ ചെയ്തിട്ടാ?"

"അതും അറിയാമ്മേല. നമ്മള് പണ്ട് വിറ്റ ജീപ്പേന്ന് കഞ്ചാവ് പിടിച്ചെന്നാ പറയുന്നെ..."

"ചേട്ടാ... മതി പോകാം." പോലീസുകാർ വീണ്ടും അടുത്തേക്കുവന്നു.

"ഞാൻ സ്റ്റേഷനിലോട്ടുവന്ന് ഹാജരായാപ്പോരെ? പോലീസ് പിടിച്ചോണ്ടുപോയീന്നൊക്കെ നാട്ടുകാരറിഞ്ഞാ നാണക്കേടാ..."

"സാരമില്ല. കുറ്റം ചെയ്തിട്ടല്ലേ. എന്തായാലും നാട്ടുകാരറിയും. പത്രത്തിലൊക്കെ പേരും പടോം വാർത്തേം വരുമല്ലോ."

"ഞാനൊരു കുറ്റോം ചെയ്തിട്ടില്ല സാറേ."

"നിങ്ങടെ പേരിലുള്ള ജീപ്പിൽ കഞ്ചാവു കടത്തിയത് കുറ്റമല്ലേ?"

"അങ്ങനെയൊരു ജീപ്പില്ല സാറേ. ഒരുപാട് വർഷം മുൻപേ അതു പൊളിച്ചു വിറ്റെന്നു ഞാൻ പറഞ്ഞാരുന്നല്ലോ."

"ഓടിക്കൊണ്ടിരിക്കുന്ന ജീപ്പ് പെട്ടെന്നൊരു ദിവസം പൊളിച്ചു വിൽക്കാനുള്ള കാരണം എന്താണെന്നു പറഞ്ഞില്ലല്ലോ."

"അതൊരു പഴഞ്ചൻ വണ്ടിയാരുന്നു. ടാക്സി ഓടിയോടി അതിന്റെ ചാറു പിഴിഞ്ഞതാ. എപ്പഴും പണിയോടു പണി. വർക്ക്ഷോപ്പീന്ന് എറങ്ങാൻ നേരമില്ല. അതിന്റെ റിപ്പയറിങ്ങിനു കൊടുത്ത കാശൊണ്ടാരുന്നെങ്കി വേറൊരു വണ്ടി മേടിക്കാർന്നു. അതുകൊണ്ടാ വിറ്റത്. പക്ഷേ, സാറ് ചോദിച്ചത് ജീപ്പിനകത്തുവെച്ച് കൊലപാതകം നടത്തിട്ടൊണ്ടോന്നല്ലേ. മനസാ വാചാ അറിയാത്ത കാര്യത്തിന് ഞാനെന്നാതാ പറയണ്ടേ."

"ഞങ്ങളതു വെറുതെ ചോദിച്ചതല്ല. ചിലര് കൊലപാതകം നടത്താനുപയോഗിച്ച വാഹനം തമിഴ്നാട്ടിൽ കൊണ്ടുപോയി പൊളിച്ചു വിൽക്കുന്ന ഒരേർപ്പാടൊണ്ട്. അങ്ങനെ ചെയ്തതാണോന്നറിയാനാ..."

വീണ്ടും കുഞ്ഞുമോനച്ചായനൊരു നടുക്കം വന്നു.

"സാറെ ഞാൻ വളരെ മാന്യമായിട്ട് ജീവിക്കുന്നയാളാ. എന്റെ മൂത്തമോള് അമേരിക്കേലാ. അതിനിളയവൻ കാനഡായിൽ. ഏറ്റോം ഇളയവൻ കുവൈറ്റിലും... സാറീ നാട്ടുകാരോടു ചോദിച്ചാട്ടെ കുഞ്ഞുമോൻ പരോപകാരിയാണോ അതോ കൊഴപ്പക്കാരനാണോന്ന്."

"ഇപ്പോ പരോപകാരിയായിരിക്കും. പത്തിരുപതു വർഷംമുൻപ് അങ്ങനല്ലായിരുന്നല്ലോ."

"സാറെ ഞാനാർക്കും ഒരു ദ്രോഹോം ചെയ്തിട്ടില്ല. ഒരുകാലത്തും."

"നിങ്ങള് പത്തിരുപത്തിരണ്ടു കൊല്ലം മുൻപ് ഏലപ്പാറയ്ക്ക് ഒരു ഓട്ടം പോയിരുന്നോ, ആ ജീപ്പുംകൊണ്ട്- ഓർക്കുന്നില്ലേ?"

പോലീസ് ഉദ്യോഗസ്ഥന്റെ ചോദ്യം കേട്ട്, കണ്ണിൽ ഹെഡ്‌ലൈറ്റടിച്ച കാട്ടുപൂച്ചയെപ്പോലെ കുഞ്ഞുമോനച്ചായൻ മിഴിച്ചു നിന്നുപോയി.

"അന്നു നിങ്ങടെ കൂടെ കൂട്ടിക്കൽ സുകുവല്ലേ ഉണ്ടായിരുന്നത്. ഏലപ്പാറ ബസ്സ്റ്റാൻഡീന്ന് രാത്രീല് ചന്ദ്രബാബൂന്നു പേരുള്ള ഒരു ചെറുപ്പക്കാരനെ വിളിച്ചു ജീപ്പിൽ കേറ്റി. പിന്നെ ആ ചന്ദ്രബാബുനെ നാട്ടുകാരാരും കണ്ടിട്ടില്ല. വീട്ടുകാരും കണ്ടിട്ടില്ല."

"അങ്ങനൊരു സംഭവമേ ഒണ്ടായിട്ടില്ല. ഇതൊക്കെ ആര് പറഞ്ഞു സാറേ?"

"ടാക്സി ജീപ്പൊണ്ടായിരുന്ന കാലത്ത് ഏലപ്പാറയ്ക്ക് ഓട്ടം പോയിട്ടുണ്ടോ?"

"ഏലപ്പാറയ്ക്കു മാത്രമല്ല സാറേ, കട്ടപ്പനയ്ക്കും കുമളിക്കും പീരുമേടിനും ഒക്കെ ഓട്ടം പോയിട്ടൊണ്ട്."

"ചേട്ടന്റെ ടാക്സിയിൽ കയറുന്ന എല്ലാവരുടെയും പേര് ഓർത്തുവെക്കാറുണ്ടോ?"

"ഇല്ല. ആരെക്കൊണ്ട് പറ്റും?"

"പിന്നെന്തുകൊണ്ടാ ചന്ദ്രബാബു എന്നൊരാൾ തന്റെ ജീപ്പിൽ കേറീട്ടേ ഇല്ലെന്നു പറഞ്ഞത്?"

"അത്... സാറ് ചോദിച്ചപ്പോ ഞാൻ വിചാരിച്ചു... അയാളെ ഞാൻ വിളിച്ചോണ്ടുപോയി എന്തോ ചെയ്തെന്ന് ഉദ്ദേശിച്ചാ ചോദിക്കുന്നേന്ന്..."

"കല്ലാറ്റുപടിക്കലെ ബാലകൃഷ്ണമേനോൻ, ഹേമചന്ദ്രൻ, മാങ്ങോട്ടുശേരി ജഗന്നാഥക്കുറുപ്പ്, ഹരീന്ദ്രൻ ഇവരെയൊക്കെ പരിചയമൊണ്ടോ?" കുഞ്ഞുമോനച്ചായന്റെ മുഖം നിഴൽ വീണപോലെ മങ്ങി.

"ആ വീട്ടുപേരൊക്കെ ഞാനെവിടോ കേട്ടിട്ടൊണ്ട്. അല്ലാതെ ആൾക്കാരെയൊന്നും എനിക്കറിയാമ്മേല."

"കൂട്ടിക്കൽ സുകു എന്നൊരാളെ അറിയാമോ?"

"ഇല്ല സാറേ. എനിക്കോർമ കിട്ടുന്നില്ല." പോലീസ് ഓഫീസർ സഹപ്രവർത്തകരോട് ഒരാംഗ്യം കാട്ടി. രണ്ടുപേർ ഹാളിൽനിന്ന് ഇറങ്ങി ജീപ്പിനടുത്തേക്കു പോയി.

"ചേട്ടനു പ്രായമായി. ഓർമ കിട്ടുന്നില്ല. പോരെങ്കിൽ ഇരുപത്തിരണ്ടു കൊല്ലം മുൻപത്തെ സംഭവം. പക്ഷേ, ചില അടയാളങ്ങൾ കാണുമ്പോ ഓർമ വരും..."

പുറത്തേക്കു പോയ പോലീസുകാരൻ വിലങ്ങിട്ട കൈകളോടെ ഒരാളെ ഹാളിലേക്കു കൊണ്ടുവരുന്നതു കണ്ട് കുഞ്ഞുമോനച്ചായൻ പകച്ചുനിന്നു.

"ഇയാളെ കണ്ടിട്ട് എന്തെങ്കിലും ഐഡിയാ കിട്ടുന്നുണ്ടോ?"

തെല്ല് പരിഹാസത്തിൽ പോലീസ് ഉദ്യോഗസ്ഥൻ ചോദിച്ചു. കുഞ്ഞുമോനച്ചായൻ അതേ അമ്പരപ്പിൽത്തന്നെ ഇല്ലെന്നു നിഷേധിച്ചു തലയാട്ടി.

"ഇയാളെ കണ്ടിട്ടേയില്ലേ?"

വീണ്ടും ഇല്ലെന്ന തലയാട്ടൽ.

"സുകുവിന് ആളെ മനസ്സിലായോ?"

"പിന്നെ എനിക്കറിയരുതോ...! കുഞ്ഞുമോനച്ചായനെ അറിയാത്ത ആരാ ഇവിടൊള്ളത്?" കുഞ്ഞുമോനച്ചായൻ ദയനീയമായി സുകുവിനെ നോക്കി.

"അയാളെ കാര്യം പറഞ്ഞു മനസ്സിലാക്ക് സുകൂ..." പോലീസ് നിർദേശിച്ചു.

"ഞാനെല്ലാം ഏറ്റുപറഞ്ഞു കുഞ്ഞുമോനെ... കല്ലാറ്റ്പടിക്കക്കാര് നിന്റെ ജീപ്പ് പണ്ട് ഓട്ടം വിളിച്ചതും ചന്ദ്രബാബുവിനെ പിടിക്കാംവേണ്ടി നമ്മള് പലദിവസങ്ങള് മുറിഞ്ഞപൊഴേലും ഏലപ്പാറേലും കാത്തുകെടന്നതും ഒരു രാത്രി ഏലപ്പാറേന്ന് നമ്മളവനെ വിളിച്ച് നിന്റെ ജീപ്പേക്കേറ്റി കൊണ്ടുപോയതും എല്ലാം... പറഞ്ഞുപോയി. നീയിനി ഒന്നും അറിയത്തില്ല, കണ്ടിട്ടില്ല, കേട്ടിട്ടില്ല, ചെയ്തിട്ടില്ലെന്നൊക്കെ പറഞ്ഞിട്ട് ഒരു കാര്യോം ഇല്ല. ഒള്ള സത്യം പറഞ്ഞ് രക്ഷപ്പെടാൻ നോക്ക്. ഞാനാരേം കൊന്നിട്ടില്ല. നീയും കൊന്നിട്ടില്ല. അതെനിക്കറിയാം..."

കുഞ്ഞുമോനച്ചായന്റെ തല കുനിഞ്ഞു.

അന്തംവിട്ടുനിന്ന സൂസമ്മയുടെ മുഖത്തേക്കു നോക്കാൻ പോലും അയാൾക്കു ധൈര്യമുണ്ടായില്ല.

“എന്തെങ്കിലും ഓർമ വരുന്നുണ്ടോ?”


പോലീസ് ഓഫീസർ കുഞ്ഞുമോനച്ചായന്റെ താടി പിടിച്ചുയർത്തിയിട്ട് ചോദിച്ചു.

മറുപടിയില്ല.

“നിങ്ങള് ചന്ദ്രബാബുവിനെ ടാക്സി ജീപ്പിൽ വിളിച്ചു കേറ്റിയ ദിവസം ഏതാണെന്ന് ഓർമയൊണ്ടോ? നമുക്കൊക്കെ മറക്കാൻ പറ്റാത്ത ചില ദിവസങ്ങളൊണ്ടല്ലോ. ജനിച്ച ദിവസം, കല്യാണം കഴിച്ച ദിവസം, കുഞ്ഞുണ്ടായ ദിവസം – അങ്ങനെ... ഒരാളെ കൊന്ന ദിവസോം അത്ര പെട്ടെന്ന് മറക്കാൻ പറ്റുമെന്ന് തോന്നുന്നില്ല. ദിവസം ഓർമയില്ലെങ്കിൽ മാസമേതാണെന്നു പറഞ്ഞാലും മതി. വർഷം ഞങ്ങൾക്കറിയാം – 1996.” കുഞ്ഞുമോനച്ചായന്റെ തല പിന്നെയും താണു.

*** *** ***

ഫോൺ റിങ് ചെയ്യുന്നതുകേട്ട് രാജഗോപാൽ മുറിയിലേക്കു വന്ന് ആരാണു വിളിക്കുന്നതെന്നു നോക്കി. ഫോൺ എടുത്തു ഹലോ പറഞ്ഞു.



മറുവശത്ത് സന്ദീപായിരുന്നു.

“അങ്കിളെ... രണ്ടുപേരെ പോലീസ് അറസ്റ്റ് ചെയ്തു കഴിഞ്ഞു. മിക്കവാറും ഇന്നുതന്നെ ബാക്കിയുള്ളവരേം അറസ്റ്റ് ചെയ്തേക്കും.”

“സന്ദീപ് ഇപ്പോ എവിടെയാ?”

“ഞാൻ കോട്ടയത്തൊണ്ട്. ചന്ദ്രബാബു മിസ്സായ ഡേറ്റ് തപ്പിയെടുക്കാൻവേണ്ടി പത്രമോഫീസിൽ വന്നതാ.”

“ഡേറ്റ് കിട്ടിയോ?”

“ഇല്ല. പത്രത്തിന്റെ ലൈബ്രറി അരിച്ചു പെറുക്കീട്ടും ചന്ദ്രബാബു എന്നൊരാളെ കാൺമാനില്ല എന്നൊരു വാർത്ത ഒരിടത്തും ഇല്ല. വാർത്ത ഒണ്ടെങ്കിലല്ലേ ഡേറ്റ് അറിയാൻ പറ്റൂ.”

“കാണാതായീന്നൊള്ള വാർത്തയൊക്കെ പ്രാദേശിക ലേഖകൻമാരല്ലേ കൊടുക്കാറ്. അതൊക്കെ വേണ്ടപ്പെട്ടവരിടപെട്ട് മുക്കിക്കാണും.”

“അതാണ് എന്റേം സംശയം.”

“പൊൻകുന്നം മുണ്ടക്കയം ഭാഗത്ത് ലോക്കൽ ന്യൂസ് പേപ്പറുകൾ ഉണ്ടായിരുന്നോ അക്കാലത്ത്? ചില സന്ദർഭങ്ങളിൽ ഈവനിങ് ഡെയ്‌ലികൾ ഉണ്ടാവുമല്ലോ... അതല്ലെങ്കിൽ ഏതെങ്കിലും മാഗസിൻ ചന്ദ്രബാബുവിന്റെ കാണാതാകലും അതിന്റെ പുറകിലെ ദുരൂഹതകളും എടുത്ത് ഫീച്ചർ ചെയ്തിട്ടുണ്ടോ എന്നു നോക്കണം.”

“സാധ്യത തീരെ ഇല്ലങ്കിളെ. കാരണം ഹേമചന്ദ്രൻ അന്ന് പൊൻകുന്നം സിഐ ആയിരുന്നല്ലോ. ചന്ദ്രബാബുവിന്റെ അച്ഛനും മാളവികേം കൊടുത്ത പരാതിപോലും പൂഴ്ത്തിവെച്ചില്ലേ. ഒരു കാരണവശാലും ചന്ദ്രബാബുവിനെ സംബന്ധിച്ച ന്യൂസ് പത്രങ്ങളിലോ മാസികകളിലോ വരാതിരിക്കാൻ അയാളും കല്ലാറ്റുപടിക്കൽക്കാരും സകല മുൻകരുതലുകളും എടുത്തിട്ടുണ്ടായിരുന്നിരിക്കും.”

“പോലീസ് അറസ്റ്റ് ചെയ്തവർക്ക് അതേപ്പറ്റി വിവരമൊന്നും ഇല്ലേ?”

“വർഷം കുറെ ആയില്ലേ അങ്കിളേ... ഡേറ്റൊന്നും അവർക്ക് ഓർമയില്ല. മുരിക്കാശേരി പോലീസ് സ്റ്റേഷനിൽ പണ്ട് കൊടുത്ത പരാതീടെ ഒരു പകർപ്പ് അവിടെ ഉണ്ടാകണമല്ലോ... അല്ലിയുടെ കൈവശം.”

“അത് പക്ഷേ, മാളവികയെ വീട്ടുകാർ വന്നു കൊണ്ടുപോയതിനെതിരെ ഉള്ള പരാതിയാണ്.”

“അതിൽ എന്തെങ്കിലും സൂചിപ്പിച്ചിട്ടുണ്ടോന്നു നോക്കാമോ?”

“മുരിക്കാശേരി പോലീസ് അതെല്ലാം കൊണ്ടുപോയി.”

“അല്ലീടെ കയ്യിൽ ഫോട്ടോ കോപ്പി ഉണ്ടാകണമല്ലോ... അങ്കിളൊന്നു ചോദിക്കോ? ഞാനിത്തിരി ബിസിയാ... ഇവിടെ ബ്യൂറോയിലിരിക്കുവാ.”

“ഓകെ. ഞാൻ വിളിക്കാം.”

രാജഗോപാൽ കോൾ കട്ട് ചെയ്തിട്ട് മുറി വിട്ടിറങ്ങി. അല്ലിമ അവളുടെ മുറിയിലുണ്ടായിരുന്നു. രാജഗോപാൽ അവളോട് സന്ദീപ് വിളിച്ച കാര്യം പറഞ്ഞു.

“മുരിക്കാശേരി പോലീസ് സ്റ്റേഷനിൽ കൊടുത്ത പരാതിയിൽ ആ ഡേറ്റില്ല അച്ഛാ. മണിമലേന്നുവന്ന ആളുകൾ അവരുടെ മകന്റെ ഭാര്യയെ കൂട്ടിക്കൊണ്ടുപോയി എന്നു മാത്രമേ പറഞ്ഞിട്ടൊള്ളു. അതിന്റെ ഡേറ്റും കൃത്യമല്ല. കുറച്ചുദിവസം കഴിഞ്ഞാ കംപ്ലെയ്ന്റ് ചെയ്തേക്കണത്.”

“ആ സ്യൂട്ട്കേസ് പോലീസ് വന്നു കൊണ്ടുപോയല്ലോ. അതിലെന്തെങ്കിലും തെളിവൊണ്ടാരുന്നോ ആവോ?”

“വൺ മിനിറ്റ് അച്ഛാ... ഞാനൊന്നു നോക്കട്ടെ. എന്റെ ഫോണിൽ കാണും. അമ്മേടെ ചില ഡയറിക്കുറിപ്പൊക്കെ ഞാൻ ഫോട്ടോ എടുത്ത് ഗാലറിയിൽ ഇട്ടിട്ടുണ്ടായിരുന്നു.”

അല്ലിമ പോയി കിടക്കയുടെ തലയ്ക്കൽ വെച്ചിരുന്ന മൊബൈൽ ഫോൺ എടുത്തു കൊണ്ടുവന്നു.

“അച്ഛാ... നയന്റി സിക്സിലല്ലേ കാണാതായത്...” അവൾ ഡയറിക്കുറിപ്പിന്റെ ഓരോ ഫോട്ടോ കോപ്പിയും പരിശോധിച്ചു. ഓരോരോ പേജുകളുടെയും ചിത്രങ്ങൾ നോക്കി അതെല്ലാം അവൾ മാറ്റിവിട്ടു. 1996 ജൂലൈ 27 എന്നു തീയതി കുറിച്ച ഡയറിപ്പേജ് കണ്ട് അവൾ തെല്ലിട നിർത്തി.

‘ഏട്ടൻ ഇതുവരെയും വന്നില്ലല്ലോ. ഇന്നലെയും മിനിയാന്നും വന്നില്ല. ഞായർ ഒഴിവാണെന്നു പറഞ്ഞതായിരുന്നല്ലോ.

ഇന്നു രാത്രി എന്തായാലും വരേണ്ടതാ.

മണി പന്ത്രണ്ടേ കാൽ.

ഈ തോരാത്ത മഴയത്ത് ഇന്നിനി വന്നില്ലെങ്കിലും വേണ്ടില്ലായിരുന്നു. ഒറ്റയ്ക്കല്ലേ ഇനി എപ്പോ വരാനാ...! കാണാഞ്ഞിട്ട് എനിക്ക് ഒറങ്ങാനും പറ്റണില്ല.

ഒരു സമാധാനോം ഇല്ലല്ലോ ഈശ്വരാ –

ആപത്തൊന്നുംകൂടാതെ എന്റരികിലോട്ട് എത്തിച്ചുതരണേ...’ വായിക്കുന്നതിനിടയിൽ അല്ലിമയുടെ കണ്ണിൽ നനവൂറി.

സ്ഥിരീകരണത്തിനായി അവൾ ജൂലൈ 28-ന്റെ ഡയറിക്കുറിപ്പും നോക്കി.

‘ഇന്നലെ രാത്രി ഞാനൊറങ്ങീട്ടില്ല.

കുഞ്ഞാപ്പൻ ചേട്ടന്റെ വീട്ടിൽ രാത്രി മുഴുവൻ പട്ടി കുരച്ചു. വെളുപ്പാൻ കാലത്ത് കാലൻ കൂവണതു കേട്ട് വല്ലാത്ത പേടി തോന്നി. ഏട്ടൻ എന്താ ഇന്നലെ വരാതിരുന്നെ.

ശനിയാഴ്ച വരുംന്നു പറഞ്ഞിട്ടല്ലേ പോയത്. അച്ഛൻ പറയണ്– ഇന്നു വരുവായിരിക്കും മോളേന്ന്. എന്റെ മനോവിഷമം ആരോടു പറയും! വല്ലാത്ത പേടി തോന്നുന്നു.’ അല്ലിമ ജൂലൈ 29-ന്റെ ഡയറിക്കുറിപ്പു കൂടി നോക്കി. എന്നിട്ട് രാജഗോപാലിനോടു പറഞ്ഞു:

“അച്ഛാ... ജൂലൈ 27... അന്നാണ് മിസ്സായത്. ഇതില് ക്ലിയറായിട്ട് എഴുതീട്ടുണ്ട്.”

“നയന്റീ സിക്സല്ലേ...?”

“അതെ... സാറ്റർഡേ...”

“ശരി. ഞാൻ സന്ദീപിനെ വിളിച്ചു പറയട്ടെ.” രാജഗോപാൽ മുറിവിട്ടു പോയി.

അല്ലിമ ഫോണിൽ ബാക്കി ഡയറിക്കുറിപ്പുകളിലേക്കു കടന്നു.

*** *** ***

ഹേമചന്ദ്രന്റെ കാർ റബർ തോട്ടത്തിനു നടുവിലെ പാതയിലൂടെ കരിയിലകൾ പറത്തി പാഞ്ഞെത്തുമ്പോൾ അഞ്ജന ഫോണിൽ സംസാരിച്ചുകൊണ്ടു സിറ്റൗട്ടിൽ നിൽപുണ്ടായിരുന്നു.

വന്നപാടെ ഡോർ തുറന്ന് ഇറങ്ങി സിറ്റൗട്ടിലേക്കു പാഞ്ഞു കയറിയിട്ട് അയാൾ അഞ്ജനയുടെ നേർക്കു ചീറി.

“ഏതവനെയാടീ ഫോണിൽ വിളിച്ച് സൊള്ളുന്നെ?” അഞ്ജന അയാളുടെ കണ്ണിലേക്കു തുറിച്ചു നോക്കി.

“എന്താടീ ചോദിച്ചതു കേട്ടില്ലേ?”

“എന്റെ ബോയ്ഫ്രണ്ടിനെ.”

ഹേമചന്ദ്രൻ വലംകൈ വീശി അടിച്ചെങ്കിലും അഞ്ജന പെട്ടെന്ന് തല മാറ്റിയതിനാൽ ചെവിക്കു മുകളിൽകൂടി തലയിലൊന്നു തൊട്ട് പോയതേയുള്ളു ആ അടി.

“ഹേമചന്ദ്രാ–” വാതിൽക്കൽനിന്നു ബാലകൃഷ്ണമേനോന്റെ താക്കീതിന്റെ ശബ്ദം–

“എന്താ?”

“അതാ ഞാനും ചോദിക്കുന്നെ. എന്താ പ്രശ്നം... നിനക്ക് തോന്നുമ്പോഴെല്ലാം അടിക്കാനുള്ളതാണോ എന്റെ മകൾടെ മുഖം?”

“കന്നത്തരം പറഞ്ഞാ ആരായാലും അടിക്കും.”

“എന്നാ നീ എന്നെ അടിക്ക്...”

“എന്റെ നേർക്ക് കുരയ്ക്കണ്ട. തന്നത്താൻ രക്ഷപ്പെടാനൊള്ള വഴി നോക്ക് ആദ്യം. കുഞ്ഞുമോനെയും കുട്ടിക്കൽ സുകുവിനെയും പോലീസ് അറസ്റ്റ് ചെയ്തു കഴിഞ്ഞു കൊലപാതകക്കുറ്റത്തിന്.” ബാലകൃഷ്ണമേനോൻ അസ്ത്രപ്രജ്ഞനായി നിന്നു.

“പോലീസ് അവരെ വിശദമായിട്ട് ചോദ്യം ചെയ്തു. തെറ്റുകുറ്റങ്ങളെല്ലാം അവർ ഏറ്റുപറഞ്ഞിട്ടൊണ്ട്. ഇപ്പോ ഇവിടുന്ന് ഇറങ്ങിയാൽ രണ്ടുരണ്ടര മണിക്കൂറിനകത്ത് ഏതെങ്കിലും ഷെൽട്ടറിലെത്താം.”

“പോലീസ് ഇങ്ങോട്ടു വരോ?” ബാലകൃഷ്ണമേനോന്റെ ഒച്ച തളർന്നു.

“ഇങ്ങോട്ടല്ലാതെ പിന്നെ എങ്ങോട്ടാ വരേണ്ടത്. മാങ്ങോട്ടുശേരീലോട്ടു വിളിച്ചു പറഞ്ഞിട്ടൊണ്ട് വേഗം മാറിക്കോളാൻ. എടുക്കാൻ വല്ലതും ഒണ്ടെങ്കി എടുത്തോണ്ട് പെട്ടെന്ന് ഇറങ്ങണം. അതോ, പോലീസിനു പിടി കൊടുക്കാനാണോ അച്ഛനു താൽപര്യം?”

(ശേഷം 30-ാം പേജിൽ)

# യാത്രക്കാരന്റെ ജീവൻ കണ്ടക്ടർ തൂക്കിയെടുത്തു

കൊല്ലം: ജൂൺ ആറിന് ചവറയിൽനിന്ന് അടൂരേക്കുള്ള ട്രിപ്പിലായിരുന്നു സംഭവം. കാരാളിമുക്കിൽനിന്ന് മൂന്നുപേരാണ് ബസ്സിൽ കയറിയത്. കണ്ടക്ടർ ബിജിത്ത് ഡോറടച്ചു. വണ്ടിയെടുക്കുന്നതിനു തൊട്ടുമുൻപ് ഒരു യാത്രക്കാരൻകൂടി കയറി. വാതിലിനരികിലെ കമ്പിയിൽ പിടിച്ച് അയാൾ യാത്ര തുടങ്ങി. 13 രൂപ ടിക്കറ്റാണെടുത്തത്. അപ്പോൾ കീറി നൽകിയത് ജീവിതത്തിലേക്കുള്ള ടിക്കറ്റാണെന്ന് ബിജിത്തോ യാത്രക്കാരനോ അറിഞ്ഞില്ല. ഒരു മിനിറ്റ് കഴിഞ്ഞില്ല, കാരാളിമുക്കിലെ ചെറിയ വളവ് തിരിഞ്ഞതും ഒരു കൈയിൽ മൊബൈലുമായി പിടിത്തമില്ലാതെ നിന്ന യാത്രക്കാരൻ വാതിലിന്റെ ഭാഗത്തേക്ക് തെറിച്ചുവീണു. വീഴ്ചയുടെ ആയത്തിൽ പിൻവശമിടിച്ച് വാതിലും തുറന്നു. വീഴ്ചയ്ക്കിടെ യാത്രക്കാരന്റെ കൈ തിരിഞ്ഞുനിൽക്കുകയായിരുന്ന കണ്ടക്ടർ ബിജിത്തിന്റെ തോളിൽ തട്ടിയിരുന്നു.

ഞൊടിയിടയിൽ ബിജിത്തിന്റെ കൈ യാത്രക്കാരന്റെ കൈയിൽ വീണു. കുരുക്കിട്ടു പിടിക്കുന്നതുപോലെ തെറിച്ചുവീണയാളെ കൈയിൽപിടിച്ചു നിർത്തിയപ്പോൾ തിരിഞ്ഞുനോക്കുക പോലും ചെയ്തിരുന്നില്ല. ബിജിത്തിന്റെ കൈബലത്തിൽ പടിയിൽ ചവിട്ടിനില വീണ്ടെടുത്ത് മുകളിലേക്ക് കയറിക്കഴിഞ്ഞാണ് മറ്റ് യാത്രക്കാർക്ക് പ്രതികരിക്കാനായത്. നിമിഷങ്ങൾക്കിടെ എല്ലാം കഴിഞ്ഞിരുന്നു. യാത്രക്കാരനെ പിടിച്ചുകയറ്റിക്കഴിഞ്ഞപ്പോഴാണ് ബിജിത്തിനും ഗൗരവം മനസ്സിലായത്.

സംഭവം നേരിട്ടുകണ്ട 'ഒരേയൊരാളേ' ബസിലുണ്ടായിരുന്നുള്ളൂ. പിന്നിൽ ഘടിപ്പിച്ചിരുന്ന ക്യാമറ. ബിജിത്തിൽനിന്നു വിവരമറിഞ്ഞ സുഹൃത്താണ് ക്യാമറയിലെ ദൃശ്യങ്ങളെടുത്ത് സാമൂഹികമാധ്യമങ്ങളിൽ പങ്കുവെച്ചത്. ദൃശ്യങ്ങൾ മിനിറ്റുകൾക്കുള്ളിൽ വൈറലായി. മൺറോത്തുരുത്ത് കിടപ്രം മാട്ടയിൽവീട്ടിൽ ബിജിത്ത് ലാൽ അങ്ങനെ താരമായി. മോട്ടോർ വാഹനവകുപ്പും പത്തനംതിട്ട ആർടിഒയും ബിജിത്തിനെ അനുമോദിച്ചു.

## INDIA'S ELECTIONS 2024

(from page 15)

They must cease divisive and unscrupulous politics, halt the weaponization of investigating agencies, stop the destruction of worship places belonging to minority citizens, and govern the country by the law and its constitution. It is also high time for people to exercise their inherent right to express their opinions without fear of arrest or the cancellation of their OCI cards. The Fourth Estate should be allowed to function freely, promoting objective journalism that reaches people without bias or prejudice. We are again reminded that democracy is not a majoritarian rule but respects diversity and facilitates equal justice regardless of caste, creed, language, religion, or region.

We at the Overseas Congress salute the INDIA coalition and its leaders, especially AICC President Kharge Ji Rahul Ji and Pitroda ji, for their tireless efforts in getting the message to the people, which elicited the current response through the ballot boxes. We express our special gratitude to all those IOC volunteers from across the globe who participated in the electoral process to save democracy in their motherland.

## ഏഴ് വർഷമായി തൊണ്ടയിൽ നാണയം; ഒടുവിൽ അങ്കുൽ വേദനമുക്തൻ

ന്യൂഡൽഹി: പന്ത്രണ്ടുകാരന്റെ തൊണ്ടയിൽ ഏഴുവർഷം മുമ്പ് കുടുങ്ങിയ നാണയം പുറത്തെടുത്തു. കുട്ടിക്ക് അഞ്ച് വയസുള്ളപ്പോൾ വിഴുങ്ങിയ നാണയമാണ് അതിസങ്കീർണ്ണമായ ശസ്ത്രക്രിയയിലൂടെ നീക്കിയത്.

ഉത്തർപ്രദേശിലെ മുരളീപൂർവ ഗ്രാമവാസിയായ അങ്കുലാണ് ഏഴു വർഷമായി തൊണ്ടയിൽ നാണയവുമായി ജീവിതം തള്ളിനീക്കിയിരുന്നത്. അങ്കിലിന് തൊണ്ടവേദന കലശലായതിനെത്തുടർന്ന് നടത്തിയ പരിശോധനയിൽ തൊണ്ടയിൽ ഒരു രൂപ നാണയം കുടുങ്ങിയതായി കണ്ടെത്തി. അന്നനാളത്തിൽ ഒരുവശത്ത് കുടുങ്ങിക്കിടന്ന നാണയം കറുത്തു തുടങ്ങിയിരുന്നു. തുടർന്ന് ഹർദോയി ജില്ലാആശുപത്രിയിൽ ഇഎൻടി സർജൻ ഡോ. വിവേക് സിങ്ങും സംഘവും ശസ്ത്രക്രിയയിലൂടെ നാണയം പുറത്തെടുത്തു. അതേസമയം കുട്ടിക്ക് അണുബാധ പോലെയുള്ള സങ്കീർണ്ണതകൾ ഉണ്ടാകാനുള്ള സാദ്ധ്യത ഡോക്ടർമാരിലും ബന്ധുക്കളിലും ആശങ്കയ്ക്കിടയാക്കിയിട്ടുണ്ട്.

## ഹൈക്കോടതി മുൻ ചീഫ് ജസ്റ്റിസ് യു.എൽ. ഭട്ട് അന്തരിച്ചു

കാസർഗോഡ്: മധ്യപ്രദേശ്, ഗുവാഹത്തി ഹൈക്കോടതികളിൽ ചീഫ് ജസ്റ്റിസും ദീർഘകാലം കേരള ഹൈക്കോടതിയിൽ ജഡ്ജിയുമായിരുന്ന യു. എൽ. ഭട്ട് (ഉള്ളാൾ ലക്ഷ്മിനാരായണ ഭട്ട് - 92) ഡൽഹിയിൽ അന്തരിച്ചു. ഏറെക്കാലം കാസർഗോഡ് പഞ്ചായത്ത് പ്രസിഡണ്ടായിരുന്നു. 1970-ൽ ജില്ലാ ജഡ്ജിയായി നിയമനം ലഭിക്കുന്നതുവരെ സിപിഐയിൽ സജീവമായിരുന്നു. 1956-ൽ ലോക്സഭാ തെരഞ്ഞെടുപ്പിൽ കാസർഗോഡ് മത്സരിച്ച എകെജിയുടെ ചീഫ് ഏജന്റായിരുന്നു.

## ROOTS OF MEDICINE AND NURSING

(from page 19)

"If you diligently heed the voice of the Lord your God and do what is right in His sight, give ear to His commandments and keep all His statutes, I will put none of the diseases on you which I have brought on the Egyptians. For I am the Lord who heals you" (Exodus 15:26).

Amazingly, modern science confirms the validity of the biblical admonitions. A healthy lifestyle does prevent diseases. The Hebrews had wound dressers, midwives, and physicians among them (Gen 35:17; 2 Chr 16:12). The Hebrew prophets taught that God was the center of their health and that a proper relationship with Him was the key to their well-being.

The Greek approach was more empirical and intellectual, seeing man as a two-part being with soul and body. They saw the soul as good and the body as bad, all the while glorifying the body. In the Hebrew understanding, human beings are whole persons with body, soul, and spirit. Jesus of Nazareth embodied this truth in His life and ministry. Jesus not only healed the sick but commanded His followers to go and do likewise.

**Roots of Medicine and Nursing**

It is this legacy of healing that the church inherited and developed to practice in different forms. This legacy is the root of modern medicine and nursing, and the initial incentive to establish the earliest hospitals. [More about this in Part 2.]. The life and ministry of Jesus and the example of the historic church influenced the surrounding cultures to consider taking care of the sick as a social and ethical responsibility.

[Adapted from Dr. Thomson K. Mathew's book, Prayer, Medicine, and Healing: Why Ministers, Medical Professionals, and All Followers of Jesus Should Pray for the Sick (Available on Amazon)].

## നോവൽ

(29-ാം പേജിൽ നിന്നും)

ചോദിച്ചിട്ട് ഹേമചന്ദ്രൻ അകത്തേക്കു പാഞ്ഞു പോയി. ബാലകൃഷ്ണമേനോന്റെ മനസ്സിലൂടെ പലവിധ ഭയാശങ്കകൾ കടന്നു പോയി. ഈ വയസ്സുകാലത്ത് ഒളിവിൽ പോകണോ?

എത്രനാൾ?

എന്നായാലും കീഴടങ്ങേണ്ടി വരില്ലേ. അഞ്ജന അച്ഛന്റെ മുഖത്തേക്കു തന്നെ നോക്കിക്കൊണ്ടു നിന്നു.

"അച്ഛനെയും തേടി വരോ പോലീസ്?" അവൾ ചോദിച്ചു.

മറുപടി പറയാതെ ബാലകൃഷ്ണമേനോൻ തിരിഞ്ഞ് മുറിയിലേക്കു പോയി. അഞ്ജന അവിടെത്തന്നെ നിന്നു.

വലിയ ട്രോളിബാഗിൽ എന്തൊക്കെയോ വാരിവലിച്ചിട്ട് - വേണ്ടതും വേണ്ടാത്തതും തിരിച്ചറിയാനുള്ള മനസ്സാന്നിധ്യമില്ലാതെ- ഡ്രസ് മാറി ബാലകൃഷ്ണമേനോൻ ട്രോളിബാഗും വലിച്ച് പൂമുഖത്തേക്കു വന്നു. അപ്പോഴും അഞ്ജന സിറ്റൗട്ടിലുണ്ട്.

"അച്ഛൻ എങ്ങോട്ടു പോണ്?"

"എനിക്കറിയില്ല. എല്ലാം അവൻ ഒപ്പിച്ചതാ, ജയദേവന്റെ മകൻ."

"അച്ഛൻ ഒരു തെറ്റും ചെയ്തിട്ടില്ലേ?"

"ഇല്ലെന്നാ എന്റെ വിശ്വാസം."

"എങ്കിൽ പിന്നെന്തിനാ പോലീസിനെ ഭയന്ന് ഈ ഒളിച്ചോട്ടം?"

"വിധിയായിരിക്കും."

അപ്പോഴേക്ക് ഉച്ചത്തിൽ ഫോണിൽ സംസാരിച്ചുകൊണ്ട് ട്രോളിബാഗും ഷോൾഡർ ബാഗുമായി ഹേമചന്ദ്രൻ സിറ്റൗട്ടിലേക്കു വന്നു.

"കാറെടുത്തോ ഹരീന്ദ്രാ... നമുക്ക് ചെലപ്പോ രണ്ടു സ്ഥലത്ത് ക്യാംപ് ചെയ്യേണ്ടി വരും. എല്ലാവരും ഒന്നിച്ചായിരിക്കുന്നത് ഒട്ടും സേഫല്ല. ഓകെ... ഇറങ്ങീട്ട് വിളിക്ക്"

കോൾ കട്ട്ചെയ്തിട്ട് ഹേമചന്ദ്രൻ ബാലകൃഷ്ണമേനോനോടു ചോദിച്ചു:

"ക്രെഡിറ്റ്കാർഡും ചെക്ക് ബുക്കും എടുത്തിട്ടൊണ്ടോ? പൈസ ആവശ്യം വരും."

"അതെല്ലാം എന്റെ പേഴ്സണൽ കിറ്റിലൊണ്ട്."

"എന്നാൽ കാറിലോട്ടു കേറിക്കോ." ഹേമചന്ദ്രൻ കാർ സ്റ്റാർട്ട് ചെയ്തിട്ട് ചീറി-

"എന്താ താമസം? കേറ്."

മകളെ ഒന്നു നോക്കിയിട്ട് ബാലകൃഷ്ണമേനോൻ കാറിൽ കയറി. സീറ്റ് ബെൽറ്റ് ഇടുംമുൻപേ ഹേമചന്ദ്രൻ കാർ മുന്നോട്ടെടുത്തു.

അത് ഗേറ്റ് കടന്ന് കരിയില പറത്തി പാഞ്ഞുപോകുന്നതു നോക്കി അഞ്ജന സിറ്റൗട്ടിൽ നിന്നു.

(തുടരും)

SUBSCRIPTION FORM

I.D. # ____ Date ____ Expiration Date ____
Name ____
Address ____
City ____ State ____ Zip ____
Phone: ____ Email: ____
Signature: ____

❑ Enclosing $ 200.00 for five years.
❑ Enclosing my subscription of $ 54.00 for one year.
❑ Enclosing my subscription of $99.00 for two years.
❑ Please don't send newspaper to my address.

Take Advantage Of Our New Low Rates
Yearly $ 54 00 | 2 Years $ 99 00 | 5 Years $ 200 00

Payment Method ❑ Cheque Cheque # ____
❑ Visa ❑ Mastercard ❑ Discover ❑ AMEX. Exp. Date ____
CARD ACCOUNT NUMBER
SEC. CODE:

Please make the Cheque payable to
KERALA EXPRESS
3425 CLEVELAND ST, SKOKIE, ILLINOIS 60076
630 728 7956 FAX : 773 304 1917
Subscription fee non-refundable

VISA MasterCard DISCOVER


FEDERATION OF KERALA ASSOCIATIONS IN NORTH AMERICA
Shashi Tharoor
Mukesh
John Brittas
21ST FOKANA
Convention at WASHINGTON DC
2024
July
18, 19 & 20
Nikesh Kumar
Anju Joseph
Murukan Kattakada
Kallu & Mathu
DR. BABU STEPHEN
President
DR. KALA SHAHI
Gen. Secretary
BIJU JOHN
Treasure
JOHNSON THANKACHAN
Convention Chairman
Advt001




Printed at **GRACE PRINTING**, Skokie, Illinois and Published by Grace Publications Inc. Tel: (630) 728-7956. Chief Editor : **K.M. EAPEN**. Executive Editor : **JOSE KANIYALY**